
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 2 Issue 4
June 2014
Price Rs. 15.00

# സത്യജ്വാല
## മാസിക



# ഫാ. എബ്രാഹം കൈപ്പൻപ്ലാക്കൽ സ്പെഷ്യൽ പതിപ്പ്

പുലിക്കുന്നേൽ, ഇപ്പൻ, ഫാ.കെ.റ്റി.ജയിംസ്

## കുരീപ്പുഴ ഇടവകപ്രശ്നം – പ്രത്യേക ഫീച്ചർ

'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.com

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ജൂൺ 2014 | പുസ്തകം 2 | ലക്കം 4



*എഡിറ്റർ*
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
സി.വി.സെബാസ്റ്റ്യൻ മ്ലാട്ടുശ്ശേരിൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
ആർപ്പൂക്കര ഈസ്റ്റ് പി.ഒ., കോട്ടയം- 686008
ഫോൺ: 9496128188

*ബാങ്ക് :* S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120



അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.com


## ഈ ലക്കത്തിൽ


ഫാ. എബ്രാഹം കൈപ്പൻപ്ലാക്കലും പാലാ രൂപതാധികാരവും
മുഖക്കുറി ........ 3

ഫാ. എബ്രാഹം കൈപ്പൻപ്ലാക്കൽ
ജോസഫ് പുലിക്കുന്നേൽ ........ 5

കറുത്ത ബോർഡിലെ വെളുത്തവര
ഇപ്പൻ ........ 10

അഹോ! മനുഷ്യഹൃദയം ഇത്രമാത്രം കഠിനമാകുമോ?
ഫാ. കെ. റ്റി. ജയിംസ് (OFM, Cap.) ........ 13

ഫാ. കൈപ്പൻപ്ലാക്കലിന്റെ കത്ത്
........ 16

വിശ്വാസികളുടെ ദുർവ്വിധി
ലിയോ ടോൾസ്റ്റോയി ........ 19

നസ്രാണി കത്തോലിക്കാസഭാനിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ
ജോസ് പി. തേനേത്ത് ........ 22

പുരോഹിതരുടെ ബ്രഹ്മചര്യം മാറ്റമില്ലാത്ത തത്വമല്ലെന്ന് മാർപ്പാപ്പാ
........ 24

കത്തോലിക്കാ പുരോഹിതരെ വിവാഹം കഴിക്കാൻ അനുവദിക്കണം - മാർപ്പാപ്പായ്ക്ക് കത്ത്
........ 25

സത്യജ്വാല മെയ് ലക്കം - ഒരാസ്വാദനം
ജോസഫ് പടന്നമാക്കൽ ........ 26

സീറോ - മലബാർസഭയിൽ ഇനി കല്യാണംവരെ വേദപാഠം പഠിക്കാം!
ജിജോ സിറിയക് ........ 26

ക്രിസ്തുവിനെ കല്ലറയിൽ കിടത്തിയവർ, മെത്രാനെ ശവക്കുഴിയിൽ ഇരുത്തി മൂടുന്നു!
സാമുവൽ കൂടൽ. ........ 27

ഇംഗ്ലണ്ടിലും സീറോ...!
ജോസഫ് മറ്റപ്പള്ളി ........ 28

ക്രിസ്തീയത ചോർന്ന് മദമിളകിയ കൊല്ലം രൂപതാനേതൃത്വം
കെ. ജോർജ് ജോസഫ് ........ 29

'കുരീപ്പുഴ ഇടവകക്കാർ ജനങ്ങളുടെ മുമ്പിൽ ബോധിപ്പിക്കുന്നത്
ഇടവക സംരക്ഷണസമിതി ........ 31

കൊല്ലം ബിഷപ്പിനെതിരെ 3 ദിവസത്തിനുള്ളിൽ 2 രൂപതാമാർച്ച്!
........ 32

അല്മായ നേതാവിന് കൊല്ലം രൂപതയുടെ ഭീഷണിക്കത്ത്
........ 33

കൊല്ലം മെത്രാന്റെ വിദേശഭിക്ഷാടനം!
ഇടവകസംരക്ഷണസമിതി ........ 34

അഡ്വ. വർഗ്ഗീസ് പറമ്പിൽ ജെ. സി. സി. - യുടെ പുതിയ ജനറൽ സെക്രട്ടറി
........ 35

കെ. സി. ആർ. എം. കൊല്ലം ജില്ലാക്കമ്മിറ്റി
........ 36



**സത്യജ്വാല മാസിക**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 70 രൂപാ |
| ഒരു വർഷം | 150 രൂപാ | 750 രൂപാ |
| 5 വർഷം | 600 രൂപാ | 3000 രൂപാ |












*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11–12).

ജൂൺ 2014 പുസ്തകം 2 : ലക്കം 4

സത്യജ്വാല

## മുഖക്കുറി



# ഫാ. എബ്രാഹം കൈപ്പൻപ്ലാക്കലും പാലാ രൂപതാധികാരവും

**ആ**ലംബഹീനർക്ക് അത്താണിയാകുക എന്ന യേശുസന്ദേശം തന്റെ 101-ാം വയസ്സിൽ അന്തരിക്കുംവരെ തുടർന്നുപോന്ന ഫാ. എബ്രാഹം കൈപ്പൻപ്ലാക്കലിനെ കേരളംകണ്ട ഏറ്റവും വലിയ കർമ്മയോഗിയായി കണക്കാക്കാമെന്നു തോന്നുന്നു. പാലാ രൂപതയിലെ ഒരു പ്രമുഖവൈദികനായിട്ടും രൂപതയുടെയോ സഭയുടെയോ വിപുലമായ ആഭ്യന്തരസംവിധാനങ്ങളിലല്ല, അദ്ദേഹം തന്റെ സേവനപ്രവർത്തനങ്ങൾക്ക് അടിത്തറ പാകിയത് എന്ന കാര്യം എടുത്തുപറയേണ്ടതുണ്ട്. അത്മായരുടെ നേതൃത്വത്തിലുള്ള സൊസൈറ്റികൾ -സ്നേഹഗിരി സ്ഥാപന ങ്ങൾക്കുവേണ്ടി 'സമരിറ്റൻ സൊസൈറ്റിയും', പിന്നീട് 'ദൈവദാൻ സെന്റർ സ്ഥാപനങ്ങൾക്കുവേണ്ടി 'ഓസ്സാനാം സൊസൈറ്റി'യും - സ്ഥാപിച്ചാണ് അദ്ദേഹം തന്റെ എല്ലാ സേവനപ്രവർത്തനങ്ങളും നടത്തിയത്. അതുപോലെതന്നെ, സ്വന്തം വസ്തുവകകളും പണവും ഉപയോഗിച്ചായിരുന്നു, താൻ വിഭാവനംചെയ്ത ഓരോ സേവനപദ്ധതിക്കും അദ്ദേഹം തുടക്കമിട്ടതും. താൻ സേവിക്കുന്നവരാരോ അവരിലൊരാളായി ജീവിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ സേവനപ്രവർത്തനങ്ങളെല്ലാം എന്നതായിരുന്നു ഏറ്റവും വലിയ സവിശേഷത.

ഇതെല്ലാം ജനഹൃദയങ്ങളിൽ സൃഷ്ടിച്ച മതിപ്പും വിശ്വാസവും മൂലമാകാം, അദ്ദേഹം എളിയ രീതിയിൽ ആരംഭിച്ച എല്ലാ സേവനപദ്ധതികളും വളരെ പെട്ടെന്നു വളർന്നു പന്തലിച്ചു. 1959-ൽ ഒരു കെട്ടിടം വാടകയ്ക്കെടുത്ത്, പാലായിൽ അലഞ്ഞുതിരിഞ്ഞുനടന്ന കുട്ടികൾക്കായുള്ള അനാഥാലയത്തിൽ തുടക്കമിട്ട അദ്ദേഹത്തിന്റെ പ്രവർത്തനം, 1976 ആയപ്പോഴേക്കും ബോയ്സ് ടൗൺ, ദയാഭവൻ വൃദ്ധമന്ദിരം, ഗേൾസ് ടൗൺ എന്നിങ്ങനെ, 'സ്നേഹഗിരിസ്ഥാപനങ്ങൾ' എന്ന പേരിൽ 92 ഏക്കറിലേറെ സ്ഥലവും 2½ ലക്ഷം രൂപയുടെ നീക്കിയിരിപ്പുമുള്ള 8 സേവനപ്രസ്ഥാനങ്ങളായി വളർന്നു എന്നതിൽനിന്നും അദ്ദേഹത്തിന്റെ നിഷ്കാമകർമ്മത്തെ ജനങ്ങൾ എത്രമാത്രം പിന്തുണച്ചു എന്നു മനസ്സിലാക്കാമല്ലോ. നൂറുകണക്കിനു വൃദ്ധർക്കും കുട്ടികൾക്കുമുള്ള അഭയകേന്ദ്രങ്ങളായിത്തീരുകയായിരുന്നു അവ.

രൂപതയുടെ ഭാഗത്തുനിന്നു കാര്യമായ സഹായമൊന്നും സ്നേഹഗിരി പ്രസ്ഥാനങ്ങൾക്ക് ഉണ്ടായില്ലെങ്കിലും, അവയുടെയെല്ലാം രക്ഷാധികാരിസ്ഥാനം അലങ്കരിച്ചിരുന്നത് പാലാ ബിഷപ് സെബാസ്റ്റ്യൻ വയലിൽ ആയിരുന്നു. എന്നാൽ കേവലം രക്ഷാധികാരിസ്ഥാനംകൊണ്ട് തൃപ്തിപ്പെടാൻ അദ്ദേഹത്തിനു സമ്മതമല്ലായിരുന്നു എന്നു തോന്നിപ്പിക്കുന്ന വിധത്തിലുള്ള സമീപനങ്ങളാണ് അദ്ദേഹത്തിൽനിന്നു പിന്നീടുണ്ടായതായി കാണുന്നത്. ഒരുപക്ഷേ, അതിനു പല കാരണങ്ങളുണ്ടാകാം. ഒന്നാമത്, അത്മായ സൊസൈറ്റിയുടെ നേതൃത്വം അംഗീകരിക്കാൻ ബുദ്ധിമുട്ടു തോന്നിക്കാണും. പിന്നെ, രൂപതയെ ആശ്രയിക്കാതെ സ്വന്തം കാലിൽ സ്വതന്ത്രമായാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത് എന്നതിലും വൈക്ലബ്യം അനുഭവപ്പെട്ടിരിക്കാം. തന്റെ കീഴിലുള്ള ഒരു പുരോഹിതൻ തന്നെക്കാൾ ജനസമ്മതിയുള്ളവനാകുന്നതു കണ്ടുള്ള അസഹിഷ്ണുതയും ഒരു കാരണമായിട്ടുണ്ടാകാം. ആദ്ധ്യാത്മികതാരതമ്യത്തിൽ, വെറുമൊരച്ചന്റെ മുമ്പിൽ

മെത്രാനായ താൻ ചെറുതായിപ്പോകുന്നുണ്ടോ എന്നൊരു ചിന്തയും ബിഷപ്പിനെ മഥിച്ചിരിക്കാം. ഏതായാലും ഫാ. കൈപ്പൻപ്ലാക്കലിനെ എങ്ങനെയും ഈ സ്ഥാപനങ്ങളിൽനിന്നു തുരത്തി രൂപതയുടേതാക്കാനുള്ള ഗൂഢപദ്ധതിക്ക് അരമനയിൽ കളമൊരുങ്ങുന്നുണ്ടായിരുന്നു എന്നാണ് സാഹചര്യത്തെളിവുകൾ സൂചിപ്പിക്കുന്നത്. കൈ പ്പൻപ്ലാക്കൽ കുടുംബത്തിൽനിന്നുള്ള വൈദികരെയും കന്യാസ്ത്രീകളെയുംതന്നെ കരുക്കളാക്കിയുള്ള ഒരു നീക്കത്തിലൂടെ അവസാനം അരമന ലക്ഷ്യം കാണുകയുംചെയ്തു.

ഈ ഗൂഢാലോചനയുടെ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, 'ഓശാന'യുടെ ഒരു വിശേഷാൽപ്പതിപ്പ് 1981 ഡിസംബറിൽ ശ്രീ ജോസഫ് പുലിക്കുന്നേൽ ഇറക്കുകയുണ്ടായി. ഫാ. കൈപ്പൻപ്ലാക്കൽ സ്ഥാപിച്ചു വളർത്തിക്കൊണ്ടുവന്ന സ്നേഹഗിരി സ്ഥാപനങ്ങളിൽനിന്ന് അദ്ദേഹത്തെ പുറത്താക്കാൻവേണ്ടി നടന്ന ഗൂഢമായ നീചനീക്കങ്ങളെല്ലാം, സമർത്ഥനായ ഒരു കുറ്റാന്വേഷകനെപ്പോലെ അന്വേഷിച്ചു കണ്ടെത്തി വെളിച്ചത്തുകൊണ്ടുവന്ന പ്രസ്തുത ലക്കം, 'ഓശാന' മാസികയുടെ ചരിത്രത്തിൽ പ്രകാശം പരത്തി നിൽക്കുന്ന ഒന്നായി അതിലൂടെ കടന്നുപോകുന്ന ആർക്കും അനുഭവപ്പെടും. പുണ്യാത്മാവായിരുന്ന ഫാ.കൈപ്പൻപ്ലാക്കലിന്റെ മുഖത്തേക്ക്, രൂപതാധികാരത്തിന്റെ അനുഗ്രഹാശിസ്സുകളോടെ ഗൂഢാലോചനക്കാർ തെറിപ്പിച്ച ചെളി, പൂർണ്ണമായി കഴുകി മാറ്റാൻ ആ ലക്കത്തിനു കഴിഞ്ഞു. കൂടാതെ, സ്നേഹഗിരി സ്ഥാപനങ്ങൾ അവയുടെ മുഴുവൻ സ്വത്തോടുംകൂടി പിടിച്ചെടുക്കാൻ പാലാ രൂപത നടത്തിയ നീക്കങ്ങളെ മറനീക്കിക്കാണിക്കാനും അതുതകി. അതിലുപരിയായി, 'കടിച്ചിട്ടും പിന്നെയും പട്ടിക്കാ മുറുമുറുപ്പെ'ന്നുപറയുന്നപോലെ, സ്ഥാപനങ്ങൾ പിടിച്ചെടുത്തിട്ടും, പിന്നീടദ്ദേഹം സ്ഥാപിച്ച ദൈവദാൻ വൃദ്ധമന്ദിരത്തിന്റെ ചാപ്പലിൽ കുർബാന ചൊല്ലാനുള്ള അനുമതി നൽകാൻപോലും വിസമ്മതിച്ച പാലായിലെ മെത്രാന്മാരുടെ അങ്കുശമില്ലാത്ത ഹൃദയകാഠിന്യത്തെ സമുദായത്തിനു മുമ്പിൽ അനാവരണം ചെയ്യുന്നതിലും ആ ലക്കം വിജയിച്ചു.

ഫാ. കൈപ്പൻപ്ലാക്കലിൽനിന്ന് അദ്ദേഹം നട്ടുവളർത്തിയ സ്നേഹഗിരി സ്ഥാപനങ്ങൾ പിടിച്ചെടുക്കാൻ അരമനയ്ക്കു മുഖ്യ കരുക്കളായത്, അദ്ദേഹത്തിന്റെ വൈദികരായ സഹോദരനും സഹോദരപുത്രനും, കന്യാസ്ത്രീകളായ സഹോദരപുത്രിയും സഹോദരപൗത്രിയുമായിരുന്നു. ഈ കന്യാസ്ത്രീകൾ കൈപ്പൻപ്ലാക്കലച്ചൻ സ്ഥാപിച്ച 'സ്നേഹഗിരി സഹോദരിസഭ'യെന്ന സന്ന്യാസിനീസഭയിലെ അംഗങ്ങളായിരുന്നു. ഒരു കന്യാസ്ത്രീയെ (സിസ്റ്റർ വിജയ)ക്കൊണ്ട്, അവിഹിതബന്ധത്തിന് അച്ചൻ തന്നെ പ്രേരിപ്പിച്ചു എന്നു മെത്രാനു കത്തെഴുതിച്ച്, സ്ഥാപനങ്ങൾ പിടിച്ചെടുക്കാനുള്ള തുറുപ്പുചീട്ടെറിഞ്ഞുകൊടുക്കുകയായിരുന്നു അവർ പ്രധാനമായും ചെയ്തത്. ചികിത്സയ്ക്കുശേഷം നാട്ടിലെത്തി വിശ്രമത്തിൽ കഴിയുന്ന അവസരത്തിൽ, അച്ചന്റെ വൈദികനായ സഹോദരപുത്രനെ അച്ചന്റെയടുത്തു പറഞ്ഞുവിട്ട്, സ്നേഹഗിരിസ്ഥാപനങ്ങളുടെ ഡയറക്ടർസ്ഥാനം വിട്ടൊഴിഞ്ഞുള്ള രാജിക്കത്ത് തന്ത്രപൂർവ്വം തട്ടിയെടുക്കുകയായിരുന്നു, പാലാ മെത്രാൻ ചെയ്തത്. താൻ സ്ഥാപിച്ച സേവനസ്ഥാപനങ്ങൾ നോക്കിനടത്താൻ തന്റെ അനാരോഗ്യം തടസ്സമായതിനാൽ കഴിവുള്ള ആരെക്കൊണ്ടെങ്കിലും അവ നന്നായി നടത്തിക്കാനായിരിക്കും രാജി ആവശ്യപ്പെട്ടത് എന്നേ അണിയറ നാടകങ്ങളെപ്പറ്റിയൊന്നും അറിയാതെപോയ അദ്ദേഹത്തിനു തോന്നിയുള്ളൂ. പിന്നീട് വിവരങ്ങളറിഞ്ഞപ്പോൾ അദ്ദേഹത്തിനത് തീരാത്ത അപമാനഭാരത്തിനും ഹൃദയവേദനയ്ക്കും നഷ്ടബോധത്തിനും കാരണമാവുകയും ചെയ്തു.


അതിൽനിന്നദ്ദേഹം രക്ഷപ്പെട്ടത്, കൊഴുവനാലിലുള്ള അദ്ദേഹത്തിന്റെ സ്വന്തം സ്ഥലം വിറ്റുകിട്ടിയ തുകകൊണ്ട് പാലാ ചെത്തിമറ്റത്ത് 'ദൈവദാൻ സെന്റർ' എന്ന പേരിൽ ഒരു വൃദ്ധഭവനം ആരംഭിച്ചാണ്. വൃദ്ധനായ തനിക്ക് ഏതാനും വൃദ്ധരോടൊപ്പം അവരെ സേവിച്ചു ജീവിക്കണമെന്നുമാത്രം ആഗ്രഹിച്ചു തുടങ്ങിയ ആ പ്രസ്ഥാനവും വളരെ പെട്ടെന്നു വളർന്നു പന്തലിക്കുകയായിരുന്നു. അങ്ങനെ പൂർവ്വാധികം ശക്തിയോടും ചൈതന്യത്തോടുംകൂടി 101 വയസ്സുവരെ അദ്ദേഹം മനുഷ്യസേവനത്തിൽ ഹൃദയമൂന്നി ജീവിച്ചു. കേരളത്തിൽ പലയിടങ്ങളിലും ഇന്ന് വൃദ്ധന്മാർക്കും വൃദ്ധകൾക്കുമായി ദൈവദാൻ സെന്ററിന്റെ ശാഖകൾ പ്രവർത്തിക്കുന്നു.

സ്വയം ഉഴിഞ്ഞുവച്ച് മനുഷ്യസേവനം നടത്തിയ ആ മഹാമനുഷ്യസ്നേഹിയെ അംഗീകരിക്കാതിരിക്കാനും ആദരിക്കാതിരിക്കാനും ആർക്കു സാധിക്കും? മനുഷ്യത്വമുള്ള ആർക്കും, ആദ്ധ്യാത്മികതയുടെ ലവലേശമെങ്കിലുമുള്ള ആർക്കും, അതിനു സാധിക്കുമെന്നു തോന്നുന്നില്ല. എന്നാൽ, സ്നേഹഗിരി സ്ഥാപനങ്ങളിൽനിന്നും കശക്കി പുറത്തെറിഞ്ഞ് അപമാനത്തിന്റെ കല്ലറയിൽ അടക്കം ചെയ്തിട്ടും, മൂന്നാംനാൾ കൈപ്പൻപ്ലാക്കലച്ചൻ ഉയിർത്തെണീറ്റുവന്നതുകണ്ടു സ്തബ്ധനായി നിന്നുപോയ അന്നത്തെ പാലാ മെത്രാന് അതിനേ കഴിഞ്ഞുള്ളൂ. കാലുഷ്യമേതുമില്ലാതെ പുഞ്ചിരിച്ചുകൊണ്ട് വീണ്ടും മനുഷ്യസേവനത്തിന്റെ പുതിയ ദീപസ്തംഭങ്ങളുയർത്തി മുന്നോട്ടുപോയ അച്ചന്റെ പാലായിലെ സാന്നിദ്ധ്യം പാലാ രൂപതയുടെ ആദ്യത്തെ മെത്രാനായ സെബാസ്റ്റ്യൻ വയലിനും തുടർന്നു മെത്രാനായ ജോസഫ് പള്ളിക്കാപറമ്പിലിനും അസഹ്യമായി അനുഭവപ്പെട്ടു എന്നു തോന്നുന്നു. തങ്ങളുടെ രൂപതയ്ക്കുള്ളിൽ ഒരു വൈദികന്റെ

(ശേഷം പേജ് 8-ൽ വായിക്കുക)




# ഫാ. എബ്രാഹം കൈപ്പൻപ്ലാക്കൽ



**ജോസഫ് പുലിക്കുന്നേൽ**

*[2000 ജൂൺ ലക്കം 'ഓശാന'യിൽ വന്ന ലേഖനം-എഡിറ്റർ]*



**എ**ന്റെ ബഹുമാന്യനായ സുഹൃത്ത് പ്രൊഫ. ജോർജ് തോമസ് ഒരു സന്ദർശനത്തിനിടെ മൃദുവായ ഒരു ചോദ്യം ചോദിച്ചു. റവ. ഫാ. എബ്രാഹം കൈപ്പൻപ്ലാക്കലിന്റെ പൗരോഹിത്യ സുവർണജൂബിലിയോടനുബന്ധിച്ച് പാലായിൽ ദേവദാൻ സെന്ററിൽ നടന്ന സമ്മേളനത്തിൽ ഞാൻ എന്തുകൊണ്ട് പങ്കെടുത്തില്ല? ഇതേ ചോദ്യം പാലായിലുള്ള മറ്റുചില സുഹൃത്തുക്കളും എന്നോട് ചോദിക്കുകയുണ്ടായി.

അവർക്ക് അറിയേണ്ടിയിരുന്നത് ഫാ. എബ്രാഹം കൈപ്പൻപ്ലാക്കൽ സമ്മേളനത്തിൽനിന്നു മനഃപൂർവം എന്നെ ഒഴിവാക്കിയോ എന്നാണ്. സത്യത്തിൽ ഇതു കേട്ടപ്പോൾ എനിക്കു ചിരിയാണ് വന്നത്. പക്ഷേ തെറ്റിദ്ധാരണ മാറ്റാൻ ചില കാര്യങ്ങൾ എഴുതിയേ മതിയാകൂ എന്നു തോന്നി.

ദേവദാൻ വൃദ്ധമന്ദിരത്തിന്റെ ഒരു ശാഖ പാലക്കാട് തുറക്കുന്നതു സംബന്ധിച്ചും, ജൂബിലി ആഘോഷങ്ങളെ സംബന്ധിച്ചും അദ്ദേഹംതന്നെ നേരിട്ടുവന്ന് എന്നോട് പറഞ്ഞിരുന്നു. പക്ഷേ, അദ്ദേഹത്തിന്നറിയാമായിരുന്നു, ഇത്തരം ആഘോഷങ്ങളിലൊന്നും ഞാൻ തൽപരനല്ല എന്ന്. എങ്കിലും കാണുമ്പോഴൊക്കെ ദേവദാൻ വൃദ്ധമന്ദിരത്തിന്റെ വികസനത്തെക്കുറിച്ച് സ്നേഹപൂർവം അദ്ദേഹം എന്നോടു സംസാരിക്കാറുണ്ട്. ഇതിനുമുമ്പ് രണ്ടോമൂന്നോ പ്രാവശ്യം ദേവദാൻ വൃദ്ധമന്ദിരത്തിൽ യേശുദാസ് എത്തിയിട്ടുണ്ട്. അന്നൊക്കെ എന്നെ ക്ഷണിച്ചിട്ടുമുണ്ട്. ഞാൻ പോയിട്ടില്ല. ബഹു. കൈപ്പൻപ്ലാക്കലച്ചന്റെ സേവനങ്ങളെ സംബന്ധിച്ച് ഇന്നും എനിക്ക് മതിപ്പാണ്. അദ്ദേഹത്തിന് അവാർഡുകൾ കിട്ടുമ്പോൾ ഞാൻ സന്തോഷിക്കുന്നു. പക്ഷേ, ആഘോഷങ്ങൾക്ക് ഞാൻ പോകാറില്ല. അതുകൊണ്ട് ഈ ആഘോഷത്തിനും ഞാൻ പോയില്ല എന്നു മാത്രം. ഞങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചില തെറ്റിദ്ധാരണകൾ നീക്കേണ്ടത് ആവശ്യമാണെന്ന് തോന്നിയതിനാലാണ് ഇത്രയും എഴുതിയത്.

ഫാ. കൈപ്പൻപ്ലാക്കലും ഞാനുമായുള്ള ബന്ധത്തെക്കുറിച്ച് എഴുതട്ടെ:

ഫാ. കൈപ്പൻപ്ലാക്കലിനെ ഞാൻ അറിയുമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ കർമവീഥിയും ഞാനുമായി 1980-നു മുമ്പ് ഒരിക്കലും ബന്ധപ്പെട്ടിരുന്നില്ല. അദ്ദേഹം പാലായിലെ ബോയിസ്ടൗൺ, ഗേൾസ് ടൗൺ മുതലായ സേവനസ്ഥാപനങ്ങൾ നടത്തിയിരുന്നു എന്നറിഞ്ഞിരുന്നു.

പക്ഷേ, ഞങ്ങൾതമ്മിൽ ഒരു ബന്ധവും അക്കാലത്തുണ്ടായിരുന്നില്ല. പിന്നീട് മെത്രാനുമായി എന്തോ അഭിപ്രായവ്യത്യാസമുണ്ടായെന്നും, ചെത്തിമറ്റത്ത് ഒരു വൃദ്ധഭവനം അദ്ദേഹം നടത്തുന്നുവെന്നും കേട്ടു.

ഇക്കാലത്താണ് ഒരു ബഹു. വൈദികൻ തന്റെ ആശ്രമത്തിലേക്ക് എന്നെ വിളിച്ച് ഫാ. കൈപ്പൻപ്ലാക്കലിനെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞത്.

ഫാ. കൈപ്പൻപ്ലാക്കൽ സ്ഥാപിച്ച സേവനസ്ഥാപനങ്ങളിൽനിന്ന് അദ്ദേഹത്തെ മെത്രാൻ പിരിച്ചുവിട്ടത് ഫാ. കൈപ്പൻപ്ലാക്കലിന്റെ സ്വഭാവദൂഷ്യം കൊണ്ടായിരുന്നു എന്നാണ് ആ പുരോഹിതൻ എന്നോടു പറഞ്ഞത്. ഒരു സന്ന്യാസിനിയെ അവിഹിതബന്ധത്തിനു പ്രേരിപ്പിച്ചു എന്ന ഒരു ആരോപണവും മറ്റു പല ആരോപണങ്ങളും "ആധികാരികമായി" അദ്ദേഹം എന്നോട് പറഞ്ഞു. അന്നും ഇന്നും പുരോഹിതരെക്കുറിച്ച് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ അതു കേൾക്കുകയല്ലാതെ ഞാൻ അതിനു പ്രചാരണം കൊടുക്കാറില്ല. പുരോഹിതനും ഒരു മനുഷ്യനാണ്. ആ നിലയ്ക്ക് വ്യക്തിപരമായ തെറ്റുകളും പാപങ്ങളും ഉണ്ടാകാം. സ്വകാര്യ പാപങ്ങളെക്കുറിച്ച് കാര്യമറിയാതെ പ്രചാരണം കൊടുക്കുന്നത് ശരിയല്ലെന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. തന്മൂലം ഇക്കാര്യം ഞാൻ എന്റെ മനസ്സിൽ സൂക്ഷിച്ചുവെച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം പരേതനായ ശ്രീ. ചെറിയാൻ കാപ്പനുമായി സംസാരിക്കുന്നതിനിടയിൽ കൈപ്പൻപ്ലാക്കലച്ചൻ ചെയ്യുന്ന സേവനങ്ങളെക്കുറിച്ച് വളരെ മതിപ്പോടുകൂടി അദ്ദേഹം എന്നോട് പറഞ്ഞു. അപ്പോൾ മുൻപറഞ്ഞ വൈദികനിൽനിന്നു കേട്ട കാര്യങ്ങൾ അദ്ദേഹത്തോട് ഞാൻ പറഞ്ഞു. പക്ഷേ, ശ്രീ. കാപ്പന് അത്ഭുതമാണുണ്ടായത്. അദ്ദേഹം പറഞ്ഞ വാക്കുകൾ ഇന്നും ഞാൻ ഓർക്കുന്നു. "ഹേയ്, അതു ശരിയാകാനിടയില്ല. അദ്ദേഹം ളാലം പള്ളിവികാരിയായിരുന്നു. എനിക്കദ്ദേഹത്തെ നന്നായി അറിയാം. പള്ളി മുറിയിൽ സ്ത്രീകളെ കയറ്റാത്ത ചുരുക്കം ചില വൈദികരിൽ ഒരാളാണദ്ദേഹം. ഇത് എന്തോ തെറ്റിദ്ധാരണയാണ്."

തുടർന്ന് ശ്രീ. കാപ്പൻ ആവശ്യപ്പെട്ടതനുസരിച്ച് അച്ചൻ താമസിക്കുന്ന ചെത്തിമറ്റത്തുള്ള വീട്ടിൽ ഞങ്ങൾ പോയി. അന്ന് നാലോ അഞ്ചോ വൃദ്ധരും ശരീരം മുഴുവൻ തളർന്ന ഒരു ബാലനുമാണ് അവിടെ ഉണ്ടായിരുന്നത്. അച്ചനെ സഹായിക്കാൻ ആരും തന്നെ അവിടെ ഉള്ളതായി തോന്നിയില്ല. വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചിരുന്നു. കുറച്ചു നേരം സംസാരിച്ചിട്ട് ഞങ്ങൾ തിരികെപ്പോന്നു. ഇതായിരുന്നു ആ ബന്ധത്തിന്റെ ആരംഭം.

വൈദികന്റെ ആരോപണങ്ങളും ശ്രീ. കാപ്പൻ പറഞ്ഞ കാര്യങ്ങളും എന്നിൽ ഒരു അന്തർസംഘർഷം ഉണ്ടാക്കി. ഞാൻ കേട്ട കാര്യങ്ങളുടെ സത്യം എന്താണ്? അദ്ദേഹം കുറ്റക്കാരനാണോ? അതോ തെറ്റിദ്ധാരണയിൽ നിന്നുണ്ടായ ആരോപണമാണോ? സത്യം കണ്ടുപിടിക്കുവാൻകഴിയുമോ? സത്യം എന്നും സ്വർണമൂടികൊണ്ട് മൂടിയിരിക്കുന്നു എന്നെനിക്കറിയാം. ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സത്യമാണെങ്കിൽ അത് അദ്ദേഹവും ദൈവവും തമ്മിൽ തീർത്തുകൊള്ളും. പക്ഷേ അത് അസത്യമാണെങ്കിലോ? ഫാ. കൈപ്പൻപ്ലാക്കൽ നിരപരാധിയാണെങ്കിലോ? എങ്കിൽ അത് കണ്ടുപിടിച്ച് ജനങ്ങളെ അറിയിക്കേണ്ടത് ഒരു ക്രൈസ്തവന്റെ കടമയല്ലേ? ഇത്തരം ചോദ്യങ്ങൾ ഞാൻ എന്നോടുതന്നെ ചോദിച്ചു.

സ്ഥാപനാകാരസഭ മുൻകാലങ്ങളിൽ അനേകം നിരപരാധികളെ ആരോപണങ്ങളുടെ എണ്ണയിലിട്ടു വറുത്ത സംഭവങ്ങൾ എന്റെ മനസ്സിൽ പൊന്തിവന്നു. വി. ജോവാൻ ഓഫ് ആർക്ക്, വി. കുരിശിന്റെ യോഹന്നാൻ, അമ്മത്രേസ്യാ, ഫാ. ഡാമിയൻ - അങ്ങനെ എത്രയെത്രപേർ?

സ്ഥാപനാകാരസഭയുടെ അധികാരമണ്ഡലം സൃഷ്ടിച്ച ആരോപണത്തിന്റെ വറചട്ടിയിലേക്ക് എറിഞ്ഞിട്ട ഒരു ഇരയാണോ ഫാ. കൈപ്പൻപ്ലാക്കൽ? അങ്ങനെയെങ്കിൽ സത്യം പുറത്തുകൊണ്ടുവരണം. ഞാൻ അന്വേഷണം ആരംഭിച്ചു. കൈപ്പൻപ്ലാക്കലിനെക്കണ്ട് നേരിട്ട് ഈ ആരോപണം അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചു.

അദ്ദേഹം ഒന്നു ഞെട്ടിയതായിതോന്നി. കുറച്ചു നേരം മിണ്ടാതിരുന്നു. കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞോ എന്നൊരു സംശയം. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: "അച്ചാ, ഈ ആരോപണം ശരിയാണെങ്കിൽ അത് അച്ചനും ദൈവവുമായി തീർത്തുകൊള്ളുക! എന്തോ, എനിക്ക് ഇക്കാര്യത്തിൽ സംശയം തോന്നുന്നു. ഇത് അസത്യമാണെങ്കിൽ അതു പുറത്തുകൊണ്ടുവരണം എന്നു മാത്രമേ എനിക്കാഗ്രഹമുള്ളു."

അദ്ദേഹം പറഞ്ഞു: "എല്ലാം ദൈവത്തിനറിയാം." എന്റെ ഉത്തരമിതായിരുന്നു: "എല്ലാം ദൈവത്തിനറിയാം എന്നെനിക്കറിയാം. പക്ഷേ, സത്യമറിയാൻ ഞങ്ങൾക്ക് അവകാശമുണ്ട്. അച്ചൻ എന്നോട് സഹകരിക്കണം." അച്ചൻ മൗനിയായിരുന്നു. "എല്ലാം ഞാൻ സഹിച്ചുകൊള്ളാം." അദ്ദേഹത്തിന്റെ മുഖത്ത് ഭീതി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മനസ്സ് വേദനിക്കുന്നു എന്ന് എനിക്കുതോന്നി.

അന്ന് ഞാൻ ഒരു പുരോഹിതവിമർശകനായാണ് അറിയപ്പെട്ടിരുന്നത്. ഒരു കൊടിയ പുരോഹിതവിദ്വേഷി. (ഇന്നും ആ മുഖം എനിക്കുണ്ടെന്ന് സന്തോഷത്തോടെ ഓർക്കുന്നു. കാലമാണല്ലോ ഇതിനെക്കുറിച്ചു വിധി എഴുതേണ്ടത്). ഒരുപക്ഷേ, ഈ 'സഭാദ്രോഹ'ത്തിന് അദ്ദേഹത്തെ ഇരയാക്കാൻ ഒരു ഭീഷണിയുമായി എത്തിയതാണ് ഞാനെന്ന് അദ്ദേഹം ചിന്തിച്ചിരിക്കാം. എന്റെ ചോദ്യങ്ങൾ ഒരു ക്രിമിനൽ വക്കീലിന്റെ ശൈലിയിലേക്ക് മാറിയ

പ്പോൾ അദ്ദേഹം നിസ്സഹായനായി. അദ്ദേഹം എഴുന്നേറ്റ് അകത്തുപോയി ഒരു കത്ത് എന്നെ ഏല്പിച്ചു. ദീർഘമായ ആ കത്ത് ഞാൻ അവിടിരുന്ന് വായിച്ചു. അച്ചന്റെ സ്ഥാപനത്തിലെ അന്തേവാസിയായിരുന്ന ഒരു യുവതിയുടെ കത്തായിരുന്നു അത്. ഫാ. കൈപ്പൻപ്ലാക്കലിനെതിരെ സ്നേഹഗിരി മഠത്തിലെ ചില കന്യാസ്ത്രീകൾ നടത്തിയ ഗൂഢാലോചനയുടെ കഥ ദീർഘമായി അതിലുണ്ടായിരുന്നു. ഈ ഗൂഢാലോചനയിൽ താൻ നിസ്സഹായയായ കാഴ്ചക്കാരിയായിരുന്നു എന്നു പറഞ്ഞുകൊണ്ടും അച്ചനോട് ക്ഷമചോദിച്ചുകൊണ്ടും ഉള്ളതായിരുന്നു ആ കത്ത്.

വായിച്ചു തീർന്നപ്പോൾ ഞാൻ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ ആഗ്രഹിക്കുന്നു എന്ന് അച്ചനോടു പറഞ്ഞു. അച്ചന്റെ മറുപടി ഇതായിരുന്നു. “ഒന്നും വേണ്ട, ദൈവം എനിക്കു തന്ന കുരിശ് ഞാൻ ചുമന്നുകൊള്ളാം.” ഞാൻ പറഞ്ഞു: “അച്ചൻ ഈ കുരിശ് ചുമക്കുന്നതിന് എനിക്ക് വിരോധമില്ല. പക്ഷേ, അച്ചൻ ഈ കുരിശിന് അർഹനാണോയെന്ന് അന്വേഷിക്കാനുള്ള കടമ എനിക്കുണ്ട്. അതു ഞാൻ ചെയ്യും. അച്ചൻ എന്നോട് സഹകരിക്കണം.” അച്ചൻ മൗനമായിരുന്നു.

അവിടെനിന്നു ഞാൻ നേരെ പോയത് അച്ചൻ സ്ഥാപിച്ച ബോയിസ് ടൗണിലേക്കാണ്. കുറ്റകൃത്യം നടന്ന സ്ഥലപരിശോധനയ്ക്ക് എത്തുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ സൂക്ഷ്മനിരീക്ഷണക്കണ്ണുകളോടെ അദ്ദേഹം താമസിച്ചിരുന്ന മുറി ഞാൻ പരിശോധിച്ചു. മുറിയിലെ ജനലുകൾക്ക് കതകുകളോ കർട്ടനോ ഉണ്ടായിരുന്നില്ല. വാതിലിന്റെ പകുതിഭാഗം അഴികളായിരുന്നു. അദ്ദേഹം കിടക്കാൻ ഉപയോഗിച്ചിരുന്നത് ഒരു പലകക്കട്ടിൽ മാത്രം. (പിന്നീട് വന്ന ഡയറക്ടറുടെ മുറിയും ഞാൻ കാണുകയുണ്ടായി. എല്ലാ സുഖസൗകര്യങ്ങളോടുംകൂടി ജനാലകളും കതകുകളും കർട്ടൻ ഇട്ടു മറച്ച മുറി). ഏതായാലും അച്ചൻ താമസിച്ചിരുന്ന മുറിക്ക് അവിഹിതബന്ധത്തിനുള്ള ഒരു സാഹചര്യവും ഉണ്ടായിരുന്നില്ല.

പിന്നീട് ഞാൻ നടത്തിയ അന്വേഷണത്തിൽ പുതിയ പുതിയ വാതിലുകൾ തുറന്നുകിട്ടി. അച്ചനെതിരെ വലിയൊരു ഗൂഢാലോചന നടത്തിയത് അന്നത്തെ മഠാധിപതിയും കുറെ കന്യാസ്ത്രീകളുമാണെന്ന് ഞാൻ മനസ്സിലാക്കി. അതിന് വ്യക്തമായ തെളിവുകൾ ഞാൻ എഴുതിവാങ്ങി. തെളിവുകളെ ഞാൻ അരിച്ചെടുത്തു. അച്ചനെതിരെ ആരോപിക്കപ്പെട്ടിരുന്ന കുറ്റകൃത്യങ്ങൾ മഠാധിപതിയും കുറെ കന്യാസ്ത്രീകളും മനഃപൂർവം കെട്ടിച്ചമച്ചതാണെന്നും, അച്ചൻ ഇക്കാര്യത്തിൽ നിരപരാധിയാണെന്നും എനിക്ക് ഉത്തമബോധ്യമുണ്ടായി.

അന്ന് എന്റെ ചിന്ത ഇതായിരുന്നു: ഒരു പക്ഷേ പാലാ അരമന ഈ ഗൂഢാലോചനയുടെ സത്യം അറിയാതെ തെറ്റിദ്ധരിച്ചായിരിക്കാം അച്ചനെ ശിക്ഷിച്ചത്. ഒരുപക്ഷേ, സത്യം അറിയുമ്പോൾ അവർ തിരുത്താൻ തയാറായേക്കാം.

ഈ ചിന്തയോടുകൂടി ഈ വസ്തുതകളും രേഖകളുമെല്ലാം ഞാൻ പാലാ മെത്രാന് അയച്ചുകൊടുത്തു. പക്ഷേ, സാമാന്യമര്യാദയനുസരിച്ച് പാലാ മെത്രാൻ, ഒരന്വേഷണമോ എന്തെങ്കിലും നടപടിയോ നടത്താനോ എന്തിന്, ഒരു മറുപടിതരാൻ പോലുമോ തയാറായില്ല. അങ്ങനെയാണ് മുമ്പൊരിക്കലും ഞാൻ ചെയ്യാത്ത വിധം ‘പാലാ അരമനയുടെ അനീതികൾ: കണ്ണുള്ളവർ കാണട്ടെ, ചെവിയുള്ളവർ കേൾക്കട്ടെ’ എന്ന ശീർഷകത്തിൽ 1981 ഡിസംബർ മാസത്തിലെ ഓശാന പ്രസിദ്ധീകരിച്ചത്. സത്യം അറിഞ്ഞ് പലരും സന്തോഷിച്ചു. പക്ഷേ, സത്യം അറിയാമായിരുന്നിട്ടും, അച്ചൻ കുറ്റക്കാരനല്ല എന്ന സത്യം ലോകമെല്ലാം മനസ്സിലാക്കിയിട്ടും, ഫറവോന്റെ ഹൃദയംപോലെ പാലാ അരമനയുടെ ഹൃദയം കഠിനമാക്കപ്പെട്ടുകൊണ്ടിരുന്നു. കാരണം, പാലാ അരമനയിലെ ഉന്നതസ്ഥാനീയരും ചില പാർശ്വവർത്തികളും ഈ ഗൂഢാലോചനയിൽ ഭാഗഭാക്കുകളായിരുന്നു. അധികാരസ്ഥർക്ക് തെറ്റുപറ്റിയാൽ അതു സമ്മതിക്കാൻ വിനയവും ദൈവഭയവും വേണം. മഹാപുരോഹിതർക്ക് ഇല്ലാത്തതും അതു തന്നെ.

കൈപ്പൻപ്ലാക്കലച്ചൻ എന്നെ സംബന്ധിച്ചിടത്തോളം സത്യാന്വേഷണത്തിന് ഒരു നിമിത്തമായിരുന്നു. അതു മാത്രമാണ് ഞങ്ങൾ തമ്മിലുള്ള ബന്ധം.

കുറെ വർഷങ്ങൾക്കു മുമ്പ് എന്റെ ഓഫീസ് പാലായിൽ മെയിൻ റോഡിനോട് ചേർന്നായിരുന്നു.




## വരിക്കാർ
### ഫോൺ നമ്പരുകൾ എഴുതി അറിയിച്ചേതീരൂ...

പോസ്റ്റൽ കൺസഷൻ കിട്ടിയതുകൊണ്ട്, വരിസംഖ്യ എന്നാണ് തീരുന്നത് എന്ന് അഡ്രസ്സിൽ സൂചിപ്പിക്കാൻ അനുവാദമില്ല. അതുകൊണ്ട്, ഇനിമുതൽ വരിക്കാരുടെ ഫോൺ നമ്പരുകൾ ശേഖരിച്ച് ഫോണിലൂടെ വിവരം അറിയിക്കാമെന്നു കരുതുന്നു.

ഇപ്പോൾതന്നെ നൂറുകണക്കിനു വരിക്കാർക്ക് കുടിശികയുണ്ട്. ജൂൺ 30-നകം ഫോൺനമ്പർ അയച്ചുകിട്ടുന്നില്ലെങ്കിൽ, കുടിശികവിവരം അറിയിക്കാതെ തന്നെ അവർക്ക് ‘സത്യജ്വാല’ അയയ്ക്കുന്നത് നിർത്തുന്നതാണ് എന്നറിയിക്കട്ടെ.

അതുകൊണ്ടു ദയവായി, ഒരു കാർഡിൽ **റാപ്പറിലേതുപോലെ തന്നെ** അഡ്രസ്സെഴുതി, ഫോൺ നമ്പർ കുറിച്ച്, സർക്കുലേഷൻ മാനേജരുടെ വിലാസത്തിൽ അയച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

– സർക്കുലേഷൻ മാനേജർ



ഒരിക്കൽ ഞാൻ അച്ചനോട് പറഞ്ഞു: “അച്ചൻ മരിക്കും. മരിച്ചുകഴിഞ്ഞാലുടൻ മെത്രാന്മാരും കന്യാസ്ത്രീയമ്മമാരും രാഷ്ട്രീയക്കാരും അച്ചനെ പൊതിയും. വൃദ്ധഭവനത്തിലെ അന്തേവാസികൾക്കുപോലും ആ ശവമഞ്ചത്തിനടുത്ത് സ്ഥാനം ഉണ്ടായിരിക്കുകയില്ല. അലങ്കരിച്ച ലോറിയിൽ അങ്ങയുടെ മൃതദേഹവുമായി അച്ചന്മാരും കന്യാസ്ത്രീകളും റോഡിലൂടെ നീങ്ങുമ്പോൾ ഈ ജനലിൽക്കൂടി നോക്കി ഞാൻ പതുക്കെപ്പറയും: ‘കപടനാട്യക്കാരേ, നിങ്ങൾക്കു ദുരിതം!’ അച്ചൻ ഇപ്പോൾ അത് ഓർക്കുന്നുണ്ടോ എന്തോ!

ഏതായാലും ഫാ. കൈപ്പൻ പ്ലാക്കലിനെ സംബന്ധിച്ചിടത്തോളം എന്റെ കർമക്ഷേത്രം അവസാനിച്ചു.

ഇന്നലെവരെ അവിടെ കയറാതിരുന്നവർ ഇന്നും നാളെയും അവിടെ കയറും. കത്തോലിക്കാസഭയുടെ ദൈവസേവനത്തിന്റെ ഒരു തൂവലായി ഭാവിയിൽ സഭാധികാരത്തിന്റെ കിരീടത്തിൽ ഫാ. കൈപ്പൻപ്ലാക്കലും സ്ഥാപനങ്ങളും ചാർത്തപ്പെടും. ഒരുപക്ഷേ, കൈപ്പൻപ്ലാക്കലച്ചന്റെ സേവനത്തിനായി പലർ സംഭാവനനൽകി സ്ഥാപിച്ച ലക്ഷക്കണക്കിനു വിലവരുന്ന സ്ഥാപനങ്ങൾ നാളെ പാലാ അരമനയുടേതായിത്തീരും. ഭാവിയിൽ ഈ സ്ഥാപനത്തിന്റെ ഉടമസ്ഥനായിത്തീരുന്ന ഏതെങ്കിലും മെത്രാന്റെ മെത്രാഭിഷേക ജൂബിലിയുടെ കല്ലും അവിടെ പതിക്കും. അച്ചനെ വിശുദ്ധനാക്കാനും അതിലൂടെ കുറച്ച് പണം നേടാനും അധികാരസഭ പരിശ്രമിച്ചേക്കാം!

വാസവദത്തയോട് ഉപഗുപ്തൻ പറഞ്ഞ വാക്കുകളാണ് ഇപ്പോൾ എന്റെ മനസ്സിലുള്ളത്:

“സൗഭഗത്തിൽ മോഹമാർന്ന സുഹൃത്തല്ല ഞാൻ”

അതെ അച്ചന്റെ സൗഭാഗ്യത്തിലും പ്രശസ്തിയിലും എന്തെങ്കിലും നേടാമെന്നു കരുതിയ സുഹൃത്തല്ല ഞാൻ.

അദ്ദേഹത്തെക്കുറിച്ചുള്ള സ്തുതിവചനങ്ങൾ ചുണ്ടിലേറ്റി അദ്ദേഹത്തിന്റെ സേവനപ്രഭയിൽ സ്വന്തം ഉത്തമാംഗത്തെ പ്രദർശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കാത്തതുകൊണ്ട് ഇത്തരം ആഘോഷങ്ങളിൽ ഞാൻ പങ്കെടുക്കുകയില്ല. അത് അദ്ദേഹം ചെയ്യുന്ന സേവനങ്ങളോടുള്ള മതിപ്പു കുറവുകൊണ്ടല്ല.

പാലായിലെ പുരോഹിതാധികാരം സത്യത്തിനും നീതിക്കും വിരുദ്ധമായി ഫാ. കൈപ്പൻപ്ലാക്കലിന്റെ തോളിൽ കയറ്റിവെച്ച അപമാനത്തിന്റെ കുരിശുഭാരത്തിൽ അദ്ദേഹത്തിന് കൈത്താങ്ങാകാൻ ശിമയോനെപ്പോലെ ഞാനും പരിശ്രമിച്ചെന്നുമാത്രം. യേശുവിന്റെ പീഡനമുഹൂർത്തങ്ങളിൽ കൈത്താങ്ങാകാൻ ശിഷ്യന്മാരാരും ഉണ്ടായിരുന്നില്ല. ശിമയോൻ ഒരു ശമരിയാക്കാരനായിരുന്നു. ശിമയോൻ വിശുദ്ധനുമായില്ല.

പക്ഷേ, യേശുവിൽനിന്നു ഭയന്ന് ഓടിയകന്ന ശിഷ്യന്മാരുടെ പേരിൽ പിന്നീട് സിംഹാസനങ്ങൾ ഉയർന്നു. ശമരിയാക്കാരനായ ശിമയോന് സിംഹാസനത്തിന്റെ ആവശ്യമില്ല. മറിച്ച്, ഒരു സത്ക്കർമനിർവഹണത്തിന്റെ ആത്മഹർഷംമാത്രം അദ്ദേഹം അനുഭവിച്ചു.

പാലാമെത്രാൻ ദേവദാൻ സെന്ററിൽ കിരീടവും വടിയുമണിഞ്ഞ് ക്രൈസ്തവമായ അനുരഞ്ജനത്തിന്റെ മന്ത്രവുമായി കയറുന്നതു കാണാൻ ഞാൻ കാത്തിരിക്കുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ അവിടെ താമസിക്കുന്ന വൃദ്ധജനങ്ങളിലായിരിക്കില്ല. മറിച്ച്, ലക്ഷക്കണക്കിന് വിലവരുന്ന ദേവദാൻ സെന്ററിന്റെ സ്വത്തുക്കളിലായിരിക്കുമെന്നുമാത്രം. സഭാധികാരം എന്നും അങ്ങനെയായിരുന്നല്ലോ!

ഫോൺ: 9447196214

*(മുഖക്കുറി തുടർച്ച)*

മുൻകൈയിൽ നടന്നുവന്ന ഈ ക്രൈസ്തവസേവനത്തെ ഒന്നംഗീകരിക്കാനോ, ദൈവദാൻ സെന്ററിൽ ഒന്നു കാലുകുത്താൻപോലുമോ അവരിരുവരും തയ്യാറായില്ല. എന്തിന്, സെന്ററിലെ ചാപ്പലിൽ അവിടുത്തെ വൃദ്ധരായ അന്തേവാസികൾക്കായി കുർബാന ചൊല്ലാനുള്ള അനുവാദംപോലും അവർ നൽകിയില്ല!

ഇത് ഈ രണ്ടു മെത്രാന്മാരുടെമാത്രം പ്രശ്നമല്ലെന്ന് സഭാചരിത്രത്തിലൂടെ കണ്ണോടിക്കുന്നവർക്കു കാണാനാകും. സഭാധികാരം, അതിന്റെ ഘടനയാൽത്തന്നെ അങ്ങനെയാണ്. ക്രിസ്തീയസേവനത്തെയും ശുശ്രൂഷയെയും സംബന്ധിച്ചുള്ള എല്ലാ പാഠങ്ങളെയും പ്രബോധനങ്ങളെയും തല കുത്തിനിർത്തിയുള്ള ഒരധികാരഘടനയാണ് അതിനുള്ളത്. അതുകൊണ്ടാണ് ആധികാരികസഭയ്ക്ക് ഫ്രാൻ

സീസ് അസ്സീസിയെയും ഫാ.ഡാമിയനെയും അവർ ജീവിച്ചിരുന്ന കാലത്ത് അംഗീകരിക്കാൻ കഴിയാതെപോയത്. മദർ തെരേസയെപ്പോലും എത്രയോ താമസിച്ചാണ് സഭ അംഗീകരിച്ചത്!

ഇവരെല്ലാം മരിച്ചുകഴിയുമ്പോൾ, 'ഇതാ ഒരു വിശുദ്ധൻ/ വിശുദ്ധ' എന്നു പറഞ്ഞുകൊണ്ട് 'സഭ' പൊടുന്നനെ രംഗത്തെത്തുകയും എല്ലാവരെയും തള്ളിമാറ്റി മുമ്പിലേക്കു കടന്നുനിൽക്കുകയും, അപദാനങ്ങൾ വാഴ്ത്തി ശവശരീരത്തിന് വിശുദ്ധ പരിവേഷം നൽകി അതിനുമേൽ കുന്തിരിക്കം പുകയ്ക്കുകയും നേർച്ചപ്പെട്ടി സ്ഥാപിക്കുകയും ചെയ്യുന്നു.




ഇതെല്ലാം ഫാ. കൈപ്പൻപ്ലാക്കലിന്റെ മരണത്തോടനുബന്ധിച്ചും നാം കണ്ടു. മൃതദേഹം ദൈവദാൻ സെന്ററിലെത്തിയപ്പോൾമുതൽ അവിടെ മെത്രാന്മാരുടെയും അച്ചന്മാരുടെയും കന്യാസ്ത്രീകളുടെയും, കൂടാതെ രാഷ്ട്രീയനേതാക്കളുടെയും വമ്പിച്ച തിരക്കുതുടങ്ങി. വിലാപയാത്രയിലും ശവമഞ്ചത്തെ പൊതിഞ്ഞുനിന്നത്, നൂറുകണക്കായ അച്ചന്മാരും കന്യാസ്ത്രീകളുമായിരുന്നു! ശ്രീ ജോസഫ് പുലിക്കുന്നേൽ ഇക്കാര്യം ദീർഘദർശനം നടത്തി ഒരിക്കൽ അദ്ദേഹത്തോടു നേരിട്ടു പറഞ്ഞതായി 'ഓശാന'യുടെ ഒരു മുൻലക്കത്തിൽ എഴുതിയിട്ടുണ്ട്. അദ്ദേഹം അച്ചനോടു പറഞ്ഞു: *''അച്ചൻ മരിക്കും. മരിച്ചുകഴിഞ്ഞാലുടൻ മെത്രാന്മാരും കന്യാസ്ത്രീയമ്മമാരും രാഷ്ട്രീയക്കാരും അച്ചനെ പൊതിയും. വൃദ്ധമന്ദിരത്തിലെ അന്തേവാസികൾക്കുപോലും ആ ശവമഞ്ചത്തിനടുത്ത് സ്ഥാനം ഉണ്ടായിരിക്കുകയില്ല. അലങ്കരിച്ച ലോറിയിൽ അങ്ങയുടെ മൃതദേഹവുമായി അച്ചന്മാരും കന്യാസ്ത്രീകളും റോഡിലൂടെ നീങ്ങുമ്പോൾ* (അന്ന് 'ഓശാന'യുടെ ഓഫീസ് ദൈവദാൻ സെന്ററിനുസമീപം റോഡിന്റെ മറുവശത്തായിരുന്നു-എഡിറ്റർ) *ഈ ജനലിൽക്കൂടി നോക്കി ഞാൻ പതുക്കെപ്പറയും: 'കപടനാട്യക്കാരേ, നിങ്ങൾക്കു ദുരിതം"* (2000 ജൂൺ ലക്കം ഓശാനയിലെഴുതിയ അദ്ദേഹത്തിന്റെ ലേഖനത്തിൽനിന്ന്, കാണുക, പേജ്5 ). 'അച്ചനെ വിശുദ്ധനാക്കാനും അതിലൂടെ കുറച്ചു പണംനേടാനും അധികാരസഭ പരിശ്രമിച്ചേക്കാം!' എന്നുകൂടി അദ്ദേഹം ആ ലേഖനത്തിൽ എഴുതിയിട്ടുണ്ട്.

ഇന്നത്തെ നിലയിൽ ഇതൊക്കെത്തന്നെയാവാം സംഭവിക്കുക. കത്തോലിക്കാസഭയുടെ മനുഷ്യസേവനത്തിനു മാതൃകയായി, മുടിചൂടി നിൽക്കുന്ന സഭയുടെ ശിരസ്സിൽ ഒരു പുതിയ തൂവലായി, നേർച്ചപ്പെട്ടിയുടെ പിന്നിലൊരു വിഗ്രഹമായി കൈപ്പൻപ്ലാക്കലച്ചനും പ്രതിഷ്ഠിക്കപ്പെട്ടേക്കാം. ദൈവത്തെവരെ പൂജാവിഗ്രഹമാക്കി മാറ്റി, യഥാർത്ഥദൈവദർശനം മനുഷ്യർക്ക് അസാദ്ധ്യമാക്കുന്ന പൗരോഹിത്യത്തിന് ഇതെല്ലാം എളുപ്പമാണ്.

യഥാർത്ഥ വിശ്വാസികളുടെ മുമ്പിൽ ഒരു വഴിയേയുള്ളൂ-സഭയെ യേശുവിന്റെ കല്പനയനുസരിച്ച്, റോമൻ വിജാതീയ അധികാരഘടനയിൽനിന്നു ക്രൈസ്തവശുശ്രൂഷാസംവിധാനമാക്കി മാറ്റുവാൻ പരിശ്രമിച്ചുകൊണ്ടേയിരിക്കുക. അപ്പോൾ, ഇന്നു കാണുന്ന തരത്തിലുള്ള അഹന്ത പൂണ്ട മെത്രാന്മാരെയും വൈദികരെയും ജനം ബഹിഷ്കരിക്കുകയും അവരുടെ കല്പനകളെ തിരസ്കരിക്കുകയും ചെയ്യുന്ന, ഫാ. കൈപ്പൻപ്ലാക്കൽമാർ അംഗീകരിക്കപ്പെടുകയും അങ്ങനെയുള്ളവർ സഭയെ നയിക്കുകയും ചെയ്യുന്ന ഒരു കാലംവരും. മനുഷ്യസേവനം നടത്തി ജീവിച്ച ദൈവികമനുഷ്യരുടെ വിഗ്രഹവൽക്കരണവും, വിഗ്രഹത്തെ നേർച്ചയിട്ടു വണങ്ങി മനുഷ്യസേവനത്തിൽനിന്നു രക്ഷപ്പെടുന്ന മനുഷ്യരുടെ കപടഭക്തിയും അപ്പോൾ അവസാനിക്കും. അ തോടെ, മനുഷ്യരിൽ യഥാർത്ഥ ആത്മീയത ഉണരുകയും, പരസ്പരം സ്നേഹിച്ചും സേവിച്ചും പങ്കുവച്ചും സന്തോഷമായി പുലരുന്ന ഒരു നവലോകം, യേശു വിഭാവനംചെയ്ത ദൈവരാജ്യം, ഉദയംകൊള്ളുകയും ചെയ്യും



-എഡിറ്റർ



# കറുത്ത ബോർഡിലെ വെളുത്ത വര



ഇപ്പൻ



*[2014 മെയ് 31-ന്, കെ.സി.ആർ.എം. പാലായിൽ സംഘടിപ്പിച്ച 'കൈപ്പൻപ്ലാക്കലച്ചൻ-അനുസ്മരണചർച്ചായോഗത്തിൽ നടത്തിയ മുഖ്യപ്രഭാഷണത്തിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചെഴുതിയ ലേഖനം- എഡിറ്റർ]*

**ഡോ.**സ്കറിയാ സക്കറിയാ സാറിന്റെ പ്രസംഗം കേട്ടശേഷം ഞാൻ സാറിനോടൊപ്പം ഇടമറുകിൽനിന്നും പാലായ്ക്കു മടങ്ങുകയായിരുന്നു. ബസ് ചെത്തിമറ്റത്തെത്തിയപ്പോൾ താൻ പുലിക്കുന്നന്റെ ഓശാനപ്പടിക്കൽ ഇറങ്ങുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഓശാനയുടെ ഓഫീസ് അന്നു ചെത്തിമറ്റത്താണ്. പുലിക്കുന്നനെക്കുറിച്ചു കേട്ടതുമുതൽ ഞാൻ അദ്ദേഹത്തിന്റെ പുറകെ ഉണ്ടായിരുന്നു. ഇന്നത്തെ റിബൽ നാളത്തെ ഹീറോ ആണെന്നും, ഇന്നത്തെ ഹീറോയും നീറോയും നാളത്തെ സീറോ ആണെന്നും എനിക്കറിയാം. ഞാനും ഇറങ്ങി.

ഞങ്ങൾ സംസാരിച്ചിരിക്കുകയാണ്. പെട്ടെന്നു ഞാൻ ഞെട്ടിപ്പോയി. കോവണി കയറി പമ്മിപ്പമ്മി ഒരു വയസൻ കത്തനാർ കടന്നുവരുന്നു. അതും പാലാക്കാരുടെ കണ്ണിലുണ്ണിയായ കൈപ്പൻപ്ലാക്കലച്ചൻ! ലൂസിഫറിന്റെ മടയിൽ ദേവദൂതനോ? ഞങ്ങൾ മൂന്നുപേരും ഭവ്യതയോടെ ചാടിയെഴുന്നേറ്റു. പുലിക്കുന്നനു പാസ്മാർക്കു മാത്രം കൊടുത്ത് പര്യമ്പുറത്തു നിറുത്തിയിരുന്ന ഞാൻ അദ്ദേഹത്തിന് ഒറ്റയടിക്കു ഫസ്റ്റ് ക്ലാസ് കൊടുക്കാൻ ആ അനുഭവം കാരണമായി. കൈപ്പൻപ്ലാക്കലച്ചനെപ്പോലൊരു മഹാത്മാവ് 'പുലിമട'യിലെത്തണമെങ്കിൽ പുലിക്കുന്നനിൽ ഇനിയുമെന്തൊക്കെയോ ഞാൻ കണ്ടെത്താനുണ്ടെന്നെനിക്കു തോന്നി. അന്നാസുമാരും കയ്യാഫാസുമാരും ധനനഷ്ടവും മാനഹാനിയുമുണ്ടാക്കി ആത്മീയ വിലക്കും ഏർപ്പെടുത്തിയിരുന്ന കാലത്ത് അച്ചന് ഏക അഭയകേന്ദ്രം പുലിക്കുന്നനായിരുന്നു.

അച്ചന്റെ മരണം കേരളത്തിലെ മാധ്യമങ്ങൾ ആഘോഷിച്ചു. ഫോട്ടോകളും ഫീച്ചറുകളുമെല്ലാമുണ്ട്. അന്നാസുമാരും കയ്യാഫാസുമാരും ഹേറോദേശുമാരും പീലാത്തോസുമാരും എല്ലാം കണ്ണീരൊലിപ്പിച്ചു നിൽക്കുന്നു. ഒടുവിൽ നന്ദി പറഞ്ഞുകൊണ്ടു കൊടുത്ത പരസ്യവും ഞാൻ ശ്രദ്ധാപൂർവ്വം വായിച്ചു. അച്ചനെ കുരിശിൽ തറച്ച കയ്യാഫാസിനും നന്ദി പറഞ്ഞിട്ടുണ്ട്. പക്ഷേ അച്ചനെ കുരിശു ചുമക്കാൻ സഹായിച്ച ശിമയോന്റെമാത്രം പേരില്ല. കൈപ്പൻപ്ലാക്കലച്ചനെ കത്തോലിക്കാമെത്രാന്മാർ കയ്പുനീർ കുടിപ്പിച്ച കഥയും പുലിക്കുന്നൻ അച്ചന്റെ കണ്ണീർ തുടച്ചു കൊടുത്ത കഥയും മാദ്ധ്യമങ്ങൾ സമ്പൂർണ്ണമായി തമസ്കരിച്ചിരിക്കുന്നു! എനിക്കു കടുത്ത അമർഷംതന്നെ തോന്നി. ഞാൻ മൂലേച്ചാലിൽ ജോർജ് ചേട്ടനെ വിളിച്ച് അച്ചന്റെ പതിനാറടിയന്തിരം വ്യത്യസ്തമായി ആഘോഷിക്കണമെന്ന എന്റെ അഭിലാഷം അറിയിച്ചു. അങ്ങനെയാണ് മെയ് മാസത്തെ കൂട്ടായ്മ അച്ചനെക്കുറിച്ചായതും ഈ 'സത്യജ്വാല' അച്ചൻ പതിപ്പായതും.

'കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം' മാസയോഗത്തിന്റെ ഭാഗമായി അച്ചനെ അനുസ്മരിക്കുമ്പോൾ ഒരു പോസ്റ്ററിങ്ങ് അത്യാവശ്യമാണെന്നു ഞങ്ങൾക്കു തോന്നി. 'കത്തോലിക്കാമെത്രാന്മാർ കരുണാമയനായിരുന്ന കൈപ്പൻപ്ലാക്കലച്ചനെ കയ്പുനീർ കുടിപ്പിച്ച കണ്ണീർക്കഥ കേരളകത്തോലിക്കാസഭാനവീക



**കൈപ്പൻപ്ലാക്കൽ അച്ചനും ഫാദർ ഡാമിയനും ഫ്രാൻസീസ് അസ്സീസിയും മദർ തെരേസായും ഒക്കെ വിശക്കുന്നവർക്കു ഭക്ഷണം കൊടുത്തതോടൊപ്പം, കറുത്ത ബോർഡിൽ വെളുത്ത ചോക്കുകൊണ്ടു വരച്ച് സംഘടിത മതാധികാരത്തെ വിറളി പിടിപ്പിച്ചവരാണെന്ന വസ്തുത വിസ്മരിക്കരുത്.**

രണപ്രസ്ഥാനം അനുസ്മരിക്കുന്നു. ഫ്രാൻസീസ് മാർപ്പാപ്പായുടെയും കൈപ്പൻപ്ലാക്കലച്ചന്റെയും സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ചർച്ച് ആക്ട് നടപ്പിലാക്കുക' എന്നെഴുതി അഞ്ഞൂറു പോസ്റ്ററുകൾ അച്ചടിച്ചു. ഷാജു തറപ്പേലും കുര്യാച്ചനും സെബാസ്റ്റ്യൻസാറും ഞാനുംകൂടി അത് ഒറ്റരാത്രികൊണ്ട് ഈരാറ്റുപേട്ടയിലും ഭരണങ്ങാനത്തും പാലായിലുമായി ഒട്ടിച്ചു.

31–ാം തീയതി ടോംസ് ചേമ്പറിൽ കൂടിയ യോഗത്തിന് പല പുതുമുഖങ്ങളും എത്തിയിരുന്നു. അതിലൊരാൾ പറഞ്ഞ ഒരു അനുഭവം എന്നെ അഗാധമായി സ്പർശിച്ചു. അദ്ദേഹം ഒരിക്കൽ അച്ചനെ സന്ദർശിക്കാൻ വൃദ്ധസദനത്തിൽ ചെന്നതാണ്. അച്ചൻ പണിയിലാണെന്നറിഞ്ഞ് പണിസ്ഥലത്തേക്കു ചെന്നു. വൃദ്ധനായ അച്ചൻ കുത്തിയിരുന്ന് വൃദ്ധന്മാരുടെ കക്കൂസിന്റെ ക്ലോസറ്റ് ഒരു ചകിരി ഉപയോഗിച്ചു തേച്ചുകഴുകുകയാണ്. പള്ളിക്കാപ്പറമ്പിൽ പിതാവ് പാവം അച്ചനെക്കൊണ്ട് 'ക്ഷ ത്ര ജ്ഞ' വരപ്പിച്ചതിന്റെ മുഖ്യകാരണം ഒരു വെള്ളിടിപോലെ എന്റെ മുന്നിൽ തെളിഞ്ഞുപൊട്ടി.

ഒരിക്കൽ മീനച്ചിൽ താലൂക്കുകാരനായ ഒരതിസമ്പന്നൻ ബസുകാത്തുനിന്ന എനിക്ക് ഒരു ലിഫ്റ്റുതന്നു. അദ്ദേഹം എന്നോടു വാതോരാതെ സംസാരിക്കാൻ തുടങ്ങി. മൂപ്പരൊരിക്കൽ രാവിലെ ബ്രേക്ക് ഫാസ്റ്റിന്റെ സമയത്ത് പാലാ അരമനയിൽ ചെന്നു. ബ്രേക്ക് ഫാസ്റ്റിനു മൂപ്പരെയും ക്ഷണിച്ചിരുന്നു. സുമാർ രണ്ടു സെന്റോളം വിസ്താരമുള്ള ഡൈനിങ്ങ് ടേബിൾ! പന്ത്രണ്ടു കിലോ മീറ്ററോളം ഞാൻ അദ്ദേഹത്തോടൊപ്പം സഞ്ചരിച്ചു. അത്രയും സമയവും അദ്ദേഹം ആ രണ്ടുസെന്റിൽ നിരത്തിവച്ചിരുന്ന വിഭവങ്ങളുടെ വർണ്ണനയായിരുന്നു. എനിക്ക് ഇറങ്ങേണ്ട സ്ഥലമായപ്പോഴും അദ്ദേഹം പറഞ്ഞു തീർന്നിരുന്നില്ല. എന്നെ ഇറങ്ങാൻ സമ്മതിക്കാതെ അദ്ദേഹം എന്റെ നേർക്കൊരു ചോദ്യമെറിഞ്ഞു. 'എന്റെ സാറേ, നമ്മുടെയൊക്കെ വീടുകളിൽ ബ്രേക്ക് ഫാസ്റ്റിന് ഒന്നുകിൽ ദോശവും ചമ്മന്തിയും സാമ്പാറും, അല്ലെങ്കിൽ പുട്ടും കടലയും പഴവും. കപ്പയും മീൻ കറിയുമാണെങ്കിൽ പിള്ളേരുള്ള വീടാണെങ്കിൽ അഞ്ചാറു കൊഴുക്കട്ടയുംകൂടി പുഴുങ്ങിയെന്നുവരാം. കാലിത്തൊഴുത്തിൽ പിറന്ന കർത്താവിന്റെ കെയറോഫിൽ ഇങ്ങനെ രാക്ഷസീയമായ ആർത്തിയോടെ ഭക്ഷിക്കാൻ ഇവർക്കു നാണമില്ലേ?' ഇന്നത്തെ വിലയ്ക്ക് ഇരുന്നൂറു കോടി രൂപയുടെ സമ്പത്തെങ്കിലും ഉള്ള ഒരാളാണിതു പറഞ്ഞതെന്നോർക്കണം.

സൗന്ദര്യശാസ്ത്രത്തിൽ 'പരഭാഗശോഭ' എന്നൊരു സാങ്കേതികപദമുണ്ട്. വസ്ത്രധാരണത്തിലും പെയിന്റിംഗിലും കഥാപാത്രസൃഷ്ടിയിലും ഒക്കെ ഇതു ശ്രദ്ധിക്കണം. സാരിയുയുടെയും ബ്ലൗസിന്റെയും പാന്റിന്റെയും ഷർട്ടിന്റെയും ഒക്കെ നിറങ്ങൾ പരസ്പരം പരഭാഗശോഭ പകരണം. നായകൻ എത്ര കണ്ടു നല്ലവ

## 'ഓശാന' വരിക്കാരോട്

ഓശാന മാസികയുടെ വരിക്കാരെ 'സത്യജ്വാല' പരിചയപ്പെടുത്താൻ ഉദ്ദേശിച്ച്, ഓരോ മാസവും അവരിൽ 300 പേർക്കു വീതം, ഈ മാസം മുതൽ സത്യജ്വാല അയയ്ക്കുന്നു. ഒറ്റ ലക്കമേ അയയ്ക്കുന്നുണ്ടാകൂ. താല്പര്യം തോന്നുന്നവർ വരിസംഖ്യ അയച്ചുതന്ന് വരിക്കാരായി സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു

– സർക്കുലേഷൻ മാനേജർ





## ഓശാന: ഫാ. കൈപ്പൻപ്ലാക്കൽ സ്പെഷ്യൽ!

ഓശാന ത്രൈമാസികമായി പ്രസിദ്ധീകരണം തുടരുന്നു. ആദ്യമായി പുറത്തിറക്കുന്നത് ഫാ.കൈപ്പൻപ്ലാക്കൽ വിശേഷാൽപതിപ്പ്!

അദ്ദേഹത്തെക്കുറിച്ച് സ്പെഷ്യൽപതിപ്പായി പ്രസിദ്ധപ്പെടുത്തിയിരുന്ന 1981 ഡിസം. ലക്കത്തിലെ മുഴുവൻ ലേഖനങ്ങളും, പിന്നീട് ഓശാനയിൽ പ്രസിദ്ധീകരിച്ച അനുബന്ധ ലേഖനങ്ങളും ഉൾപ്പെടുത്തിയാണ് 2014 ജൂൺ ലക്കം പുറത്തിറക്കുന്നത്.

ഈ ലക്കം ലഭിക്കാൻ, 'ജോസഫ് പുലിക്കുന്നേൽ, ഓശാനമൗണ്ട്, ഇടമറ്റം പി.ഒ., കോട്ടയം-686 578 എന്ന വിലാസത്തിൽ 10 രൂപാ അയച്ചുകൊടുത്താൽ മതിയാകും-എഡിറ്റർ

നാണോ അത്രകണ്ടു നീചനും ക്രൂരനുമായിരിക്കണം വില്ലൻ. ഇത് രണ്ടു കഥാപാത്രങ്ങളുടെയും മിഴിവു വർദ്ധിപ്പിക്കുന്നു. ലളിതമായി പറഞ്ഞാൽ കറുത്ത ബോർഡിൽ വെളുത്ത ചോക്കുകൊണ്ടു വരയ്ക്കുമ്പോഴുണ്ടാകുന്ന വിശേഷാൽ തിളക്കത്തിനാണ് പരഭാഗശോഭ എന്നു പറയുന്നത്. വിശേഷിച്ചും കറുപ്പു നിറത്തോട് ആസക്തിയുള്ള പിതാവിന്റെ (പി.സി. ജോർജിനോട് കടപ്പാട്!) അത്യാഡംബരപൂർണ്ണമായ ജീവിതത്തിന്റെ മുമ്പിൽ, മുതുക്കന്മാരുടെ ക്ലോസറ്റു കൈയിട്ടു തേച്ചുകഴുകുന്ന മുതുമുത്തനച്ചന്റെ ലളിതജീവിതം കറുത്ത ബോർ ഡിൽ വരച്ച വെളുത്ത വരപോലെ വെട്ടിത്തിളങ്ങി. പുലിക്കുന്നന്റെ വിമർശനക്കൂരമ്പുകളെക്കാൾ മെത്രാനെ നോവിച്ചു കാണണം, അച്ചന്റെ സ്വയം വിശദീകരിക്കുന്ന ശൗചഗൃഹപ്രക്ഷാളനവിമർശനം.

അച്ചന്റെ പിടലിക്കു വെച്ചു കെട്ടിയത് ലൈംഗികാരോപണമാണ്. വൈദികർക്കുള്ള ധ്യാനമന്ദിരത്തിൽ മാദകമോഹിനികളായ കന്യാസ്ത്രീമാരെ കിടക്ക വിരിക്കാൻ നിയോഗിക്കുന്നതിനെതിരെ മെത്രാന്റെ അടുത്തു പരാതി പറയാൻ കുഞ്ഞച്ചന്മാരായ കുറെ സദാചാരപോലീസുകാർ ഒരിക്കൽ ചെന്നിരുന്നു. പോയവരിലൊരാളിന്റെ സുഹൃത്താണ് എന്നോടു പറഞ്ഞത്. പരാതി കേട്ടിട്ട് മെത്രാൻ കുമ്പകുലുക്കികുലുക്കിച്ചിരിക്കുകയാണ്. ആ കുലുങ്ങിച്ചിരിയുടെ അർത്ഥം നിവേദകർക്കു മനസ്സിലായ പടിയാവിത്: 'ഈ കൊക്കന്മാരൊക്കെ തിന്നുമുറ്റി കൊക്കോശാസ്ത്രത്തിൽ പി.എച്ച്.ഡിയുമെടുത്ത് പാതിരാത്രിയിൽ കന്യാസ്ത്രീ മഠത്തിന്റെ പര്യമ്പുറത്തുചെന്നു ഹർഡിൽസുചാടി കൂര ഒടിക്കാതിരിക്കട്ടെന്നു വെച്ചും, അഭയമാർ കിണറ്റിൽ കിടക്കാതിരിക്കട്ടെന്നു വെച്ചും സംഘടിപ്പിച്ച ഇടക്കാലാശ്വാസം വേണ്ടെന്നാണോ നിങ്ങൾ പറയുന്നത്?' സംഗതികൾ ഇങ്ങനെയിരിക്കെ, ലൈംഗികകുറ്റത്തിന്റെപേരിൽ മെത്രാൻ അച്ചനെ ശിക്ഷിക്കില്ലെന്നെനിക്കുറപ്പാണ്. പോരാഞ്ഞ്, എന്റെ ഭാര്യയോടും മകളോടും പുളിച്ച തെറി പറഞ്ഞ അച്ചനെ വികാരി ജനറാളാക്കിയ പാരമ്പര്യമാണ് പാലാ രൂപതയ്ക്കുള്ളത്. വികാരം അധികമുള്ളവരെത്തന്നെയാണല്ലോ വികാരി ജനറാളാക്കേണ്ടത്.

ഞാൻ പാലാ കോളേജിൽ പഠിച്ചിരുന്ന കാലത്ത് ഹോസ്റ്റലിലെ മുറികൾക്കെല്ലാം പകുതി മുതൽ അഴികളായിരുന്നു. വിദ്യാർത്ഥികൾ രഹസ്യ ലൈംഗിക പാപങ്ങളൊന്നും ചെയ്യാതിരിക്കാൻ വേണ്ടിയായിരുന്നത്രേ ആ സംവിധാനം. 'ഹൃദയം പ്രേമസുരഭിലവും ജീവിതം യൗവനതീക്ഷ്ണവു'മായിരിക്കുന്ന ചെറുബാല്യക്കാർ ചെയ്തുപോകുന്ന പാപദോഷങ്ങളെ പർവ്വതീകരിച്ചു ചാവുദോഷങ്ങളാക്കുന്നതിന്റെ പിറകിൽ സഭയ്ക്കൊരു അജണ്ടയുണ്ട്. തങ്ങൾ ചെയ്യുന്ന ബ്രഹ്മാണ്ഡപാപം-സാമ്പത്തികതിന്മ-തമസ്കരിക്കുക. കൈപ്പൻപ്ലാക്കലച്ചന്റെ മുറി എന്നും തുറന്നു മലർന്നു കിടന്നിരുന്നു. അത്ര സുതാര്യമായിരുന്നു ആ വ്യക്തിയുടെ ജീവിതം. അത്യന്തം ലളിതമായ ഭക്ഷണക്രമമായിരുന്നു അച്ചന്റേത്. ഭക്ഷണക്രമവും ലൈംഗികാസക്തിയും തമ്മിലുള്ള ബന്ധം വൈദ്യശാസ്ത്രം തെളിയിച്ചുകഴിഞ്ഞതാണ്. തകഴി 'കയറി'ൽ പറയുന്നതുപോലെ, 'എല്ലിന്നുള്ളിൽ കരുകിരുക്കില്ല', ഇറച്ചിക്കുള്ളിലേ കിരുകിരുക്കൂ.'അങ്ങനെയെങ്കിൽ ചട്ടിയിൽ ചമ്മന്തി തൊട്ടു കഞ്ഞി കുടിച്ചിരുന്ന ആളിനായിരിക്കുമോ രണ്ടുസെന്റ് വിസ്താരത്തിലുള്ള വിഭവങ്ങൾ വെട്ടിവിഴുങ്ങുന്നവർക്കായിരിക്കുമോ ആസക്തി കൂടുതൽ?

മതപ്രചാരണത്തിനുവേണ്ടിയും വോട്ടുബാങ്കിനുവേണ്ടിയും ധനസമ്പാദനത്തിനുവേണ്ടിയുമൊക്കെ സേവനങ്ങൾ ചെയ്യുന്നവരുണ്ട്. ഏറ്റവും നല്ല ഉദാഹരണം കത്തോലിക്കാസഭതന്നെയാണ്. പതിനായിരം കോടി തട്ടിച്ചെടുക്കുമ്പോൾ അതിനു മറയായി പത്തുകോടിക്കു സേവനം ചെയ്യുന്നു. അച്ചന്റേത് നിസ്വാർത്ഥസേവനമായിരുന്നു. എങ്കിലും അച്ചനാണ് ആത്യന്തികമായ ശരിയെന്നു ഞാൻ കരുതുന്നില്ല. ഒരു കത്തോലിക്കാമെത്രാൻ പറഞ്ഞതു കേൾക്കുക: 'വിശക്കുന്നവനു ഭക്ഷണം കൊടുത്തപ്പോൾ നിങ്ങളെന്നെ വിശുദ്ധനെന്നു വിളിച്ചു. വിശപ്പിനു കാരണമാരാഞ്ഞപ്പോൾ നിങ്ങൾ എന്നെ വിപ്ലവകാരിയെന്നു വിളിച്ചു.' വിശപ്പിന്റെ കാരണം അഴിമതിയും അനീതിയും ചൂഷണവുമൊക്കെയാണ്. അവയ്ക്കെതിരെ പോരാടി വിശപ്പില്ലാത്ത ഒരു ലോകമുണ്ടാക്കാൻ ശ്രമിക്കുന്ന വിപ്ലവകാരിയെ ഞാൻ വിശുദ്ധനെക്കാൾ സ്നേഹിക്കുന്നു. കൈപ്പൻപ്ലാക്കൽ അച്ചനും ഫാദർ ഡാമിയനും ഫ്രാൻസീസ് അസ്സീസിയും മദർ തെരേസായും ഒക്കെ വിശക്കുന്നവർക്കു ഭക്ഷണം കൊടുത്തതോടൊപ്പം, കറുത്ത ബോർഡിൽ വെളുത്ത ചോക്കുകൊണ്ടു വരച്ച് സംഘടിത മതാധികാരത്തെ വിറളി പിടിപ്പിച്ചവരുംകൂടിയാണെന്ന വസ്തുത വിസ്മരിക്കരുത്. അങ്ങനെ അവർ ഭാഗികമായി വിപ്ലവധർമ്മവും അനുഷ്ഠിച്ചവരാണ്.

ഫോൺ: 9446561252

# അഹോ! മനുഷ്യഹൃദയം ഇത്രമാത്രം കഠിനമാകുമോ?

ഫാ. കെ.റ്റി.ജയിംസ് (OFM, Cap.)




*['ഭായി സത്യാനന്ദ്' എന്ന പേരിൽ, അട്ടപ്പാടിയിൽ, 'ദീനബന്ധു ഭവനി'ൽ ആശ്രമജീവിതം നയിക്കുന്ന കപ്പൂച്ചിൻ വൈദികനാണ് ലേഖകൻ. സഭാപരമായ മരിച്ചടക്കു നിഷേധിച്ചതിനെതിരെ നടന്ന, വി.കെ. കുര്യൻ കേസ്സുമായി ബന്ധപ്പെട്ടുള്ള രേഖകളും വിധിപ്പകർപ്പും വിലയിരുത്തലുകളും മറ്റും ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച, 'Shame on You!' എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ എഡിറ്ററാണ് അദ്ദേഹം–എഡിറ്റർ]*

**ഒ**രു ക്രിസ്തുശിഷ്യൻ എന്തായിരിക്കണം, എങ്ങനെയായിരിക്കണം എന്ന് പാലാക്കാരെ സ്വന്തം ജീവിതംകൊണ്ട് പഠിപ്പിച്ച കൈപ്പൻപ്ലാക്കലച്ചൻ 75 വർഷം പുരോഹിതശുശ്രൂഷ നടത്തിയശേഷം നമ്മോടു വിടപറഞ്ഞു. ദരിദ്രസഭയായ കപ്പൂച്ചിൻ സഭയിൽ ചേരാൻ എനിക്കു പ്രചോദനം നൽകിയ വ്യക്തികളിൽ ഒരാളായിരുന്നു അദ്ദേഹം. ഞാൻ അദ്ദേഹത്തെ ആദ്യമായി കാണുന്നത് സ്കൂളിൽ പഠിക്കുന്ന കാലത്ത് സേലം മെത്രാന്റെ കൂട്ടത്തിൽ അരുവിത്തുറ ഇടവകയിലെ മിഷൻ ലീഗിന്റെ വാർഷികത്തിനു വന്നപ്പോഴാണ്. കാവി ളോഹയും ഷാളും ധരിച്ച് ശരിക്കും ഒരു ഭാരതീയ സന്യാസിയെപ്പോലെ വേദിയിൽ പ്രത്യക്ഷപ്പെട്ട അദ്ദേഹത്തിന്റെ പ്രസംഗവും രീതിയും എന്നെ വളരെയധികം ആകർഷിച്ചു. ഭാരതീയരീതിയിൽ സന്യാസജീവിതം നയിക്കാനും മിഷൻ പ്രവർത്തനം നടത്താനുംവേണ്ടി അദ്ദേഹവും സ്വസഹോദരൻ ഫിലിപ്പച്ചനും (ഒ.സി.ഡി) കൂടി സേലത്തു താമസിക്കുന്ന കാലം. ആറേഴുവർഷം അവിടെ തങ്ങിയെങ്കിലും മേലധികാരികളിൽ നിന്നു വേണ്ടത്ര പ്രോത്സാഹനമോ അംഗീ

കാരമോ ലഭിക്കാത്തതിനാൽ അദ്ദേഹം സ്വന്തം രൂപതയിലേക്ക് തിരിച്ചുവരികയും ഇടവക വികാരിയായി സേവനം തുടരുകയും ചെയ്തു. ആ കാലഘട്ടങ്ങളിൽ അദ്ദേഹം നടത്തിയ ധ്യാനപ്രസംഗങ്ങളും സ്റ്റഡി ക്ലാസ്സുകളും എന്റെ ജീവിതത്തെ വളരെ സ്വാധീനിച്ചിട്ടുണ്ട്. പ്രസംഗിക്കുന്നതുപോലെ പ്രവർത്തിക്കുന്ന വ്യക്തി; പാവങ്ങളെ സ്നേഹിക്കുകയും അവരെപ്പോലെ ലളിതമായി ജീവിക്കുകയും, അവർക്കുവേണ്ടി അവരോടൊപ്പം ആയിരിക്കുവാൻ ശ്രമിക്കുകയുംചെയ്യുന്ന യേശുഭക്തൻ. 'രണ്ടാം വിൻസെന്റ് ഡി പോൾ' എന്നു വേണമെങ്കിൽ അദ്ദേഹത്തെക്കുറിച്ചു പറയാം. 1986, 87 എന്നീ വർഷങ്ങളിലാണ് ഞാൻ അദ്ദേഹവുമായി അടുത്തിടപെടുന്നത്. വടക്കേ ഇന്ത്യയിൽനിന്നു ചികിത്സയ്ക്കും വിശ്രമത്തിനുമായി ഭരണങ്ങാനത്തും പാലായിലും താമസിക്കുന്ന കാലം. അസ്സീസിയിലെ വിൻസെന്റച്ചന്റെ കൂട്ടത്തിൽ ചെത്തിമറ്റത്ത് പോകാറുണ്ടായിരുന്നു, അവിടത്തെ അപ്പാപ്പന്മാരുടെയും രോഗികളുടെയും കുമ്പസാരം കേൾക്കാൻ. കിടപ്പുരോഗികളെ അച്ചൻതന്നെ ശുശ്രൂഷിക്കുകയും കഴുകി വൃത്തിയാക്കുകയും ചെയ്യുന്നതു കാണാൻ കഴിഞ്ഞു. അവരോടൊപ്പം താമസിക്കുകയും ഭക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന സാക്ഷാൽ കർമ്മയോഗി.

അച്ചൻ ഒരിക്കൽ എന്നോടു പറഞ്ഞു: "ഇവർക്കു ആവശ്യമുള്ളതൊക്കെ ഇവിടത്തെ നല്ല ആളുകൾ നൽകും. ഇതു നടത്തിക്കൊണ്ടുപോകാൻ നമ്മുടെ ആളുകൾ സഹായത്തിനുണ്ട്. എന്നാൽ ഇവരുടെ അടുത്തിരുന്നു ശുശ്രൂഷിക്കാനാണ് ആളുകൾ ഇല്ലാത്തത്. താല്പര്യമുള്ളവരെ കണ്ടുമുട്ടിയാൽ അച്ചൻ ഇങ്ങോട്ടു പറഞ്ഞുവിടുക." സാധുക്കളെ സേവിക്കാൻവേണ്ടി അച്ചൻ സ്ഥാപിച്ച 'സ്നേഹഗിരി' സിസ്റ്റേഴ്സിനെ അച്ചനിൽനിന്ന് പരിപൂർണ്ണമായി അകറ്റിനിർത്തിയിരുന്ന കാലമായിരുന്നു അത്. സഭാധികാരികളിൽനിന്നും സ്വന്തക്കാരിൽനിന്നും വളരെയധികം 'ചവിട്ടും തൊഴിയും'കൊണ്ട് മാനസികമായി വേദനിക്കുന്ന കാലം. മരണകരമായ രോഗത്തിൽനിന്നു അത്ഭുതകരമായി രക്ഷപ്പെട്ട ശേഷം വിശ്രമിക്കേണ്ടകാലമായിരുന്നു അത്. എന്നാൽ പാവങ്ങളോടുള്ള സ്നേഹമാണ് ചെത്തിമറ്റത്ത് വൃദ്ധമന്ദിരം തുടങ്ങാൻ അച്ചനെ പ്രേരിപ്പിച്ച ഘടകം. രോഗവും പ്രായാധിക്യവുംമൂലം ക്ഷീണിച്ച അച്ചൻ എല്ലാദിവസവും അതിരാവിലെ മഞ്ഞും മഴയും വകവയ്ക്കാതെ ളാലംപള്ളിയിൽപോയി ദിവ്യബലി അർപ്പിച്ചിരുന്നു. കുർബാന അർപ്പിക്കാനുള്ള സ്ഥലസൗകര്യം വൃദ്ധമന്ദിരത്തിൽ ഉണ്ടായിരുന്നെങ്കിലും അതിനുള്ള അനുവാദം അദ്ദേഹത്തിനില്ലായിരുന്നു. രോഗികൾക്കും വൃദ്ധർക്കും കുർബാനയിൽ പങ്കെടുക്കാൻ വളരെയധികം ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, അതിനുള്ള സൗകര്യവും അധികാരികൾ ചെയ്തുകൊടുത്തില്ല. മാസത്തിലൊരിക്കൽ അസ്സീസി ആശ്രമത്തിൽനിന്ന്



**യേശുവിനോടു ചേർന്നുനിൽക്കുന്നവർ പീഡിപ്പിക്കപ്പെടും. യേശു ദൈവത്തോടു ചേർന്നുനിന്നു. പാവങ്ങളോടും പാപികളോടും പക്ഷംചേർന്നു. ഫലമോ? പുരോഹിതവർഗ്ഗം യേശുവിനു കുരിശുനൽകി. അതാണ് കൈപ്പൻപ്ലാക്കലച്ചന്റെ കാര്യത്തിലും സംഭവിച്ചത്.**

വൈദികർപോയി അവിടെയുള്ള അപ്പാപ്പന്മാരുടെ കുമ്പസാരം കേൾക്കുകയും അവർക്കു കുർബാന കൊടുക്കുകയും പതിവായിരുന്നു.

ഒരു ദിവസം കുമ്പസാരം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ അച്ചന്റെ സ്നേഹിതരായ ചിലർ എന്നോടു പറഞ്ഞു: "അച്ചൻ മിഷനിൽനിന്നുവന്ന വ്യക്തിയാണല്ലോ. അച്ചനെപ്പോലുള്ളവർ നമ്മുടെ ബിഷപ്പിനെ ഒന്നു കണ്ടു സംസാരിച്ചാൽ ഒരുപക്ഷേ ബിഷപ് ഇവിടെ കുർബാന ചൊല്ലാൻ കൈപ്പൻപ്ലാക്കലച്ചനെ അനുവദിച്ചേക്കും." അവിടത്തെ സ്ഥിതിഗതികൾ നേരിട്ടു കണ്ടു മനസ്സിലാക്കിയ ഞാൻ ബിഷപ്പിനെ കാണാൻതന്നെ തീരുമാനിച്ചു. അദ്ദേഹത്തെ കാണാൻ ഒരുദിവസം അരമനയിലെത്തി. വൃദ്ധമന്ദിരത്തിൽ കുമ്പസാരിപ്പിക്കാൻ പോയ കാര്യവും അവിടത്തെ സ്ഥിതിഗതികളും ബിഷപ്പിനെ അറിയിച്ചശേഷം ഞാൻ പറഞ്ഞു: "ഇന്നത്തെ ഈ സാഹചര്യത്തിൽ അച്ചനെ കുർബാന ചൊല്ലാൻ അനുവദിച്ചാൽ നൂറിൽപരം വൃദ്ധജനങ്ങൾക്ക് വളരെയധികം ഗുണംചെയ്യും." അപ്പോൾ ബിഷപ്പു പറഞ്ഞു: "ഇതിന്റെ ചരിത്രമൊന്നും അച്ചന് അറിയില്ല. വലിയ പിതാവിന്റെ അറിവോ അനുവാദമോ കൂടാതെ തുടങ്ങിയതാണ് അത്. അച്ചൻ ഓരോന്ന് അനുവാദംകൂടാതെ തുടങ്ങും. പിന്നെ അരമനക്കാർവേണം അതൊക്കെ ചുമക്കാൻ." ഞാൻ പറഞ്ഞു: "അച്ചൻ അനുസരണയില്ലാതെ പ്രവർത്തിച്ചെങ്കിൽ, അച്ചനെ അവിടെ കുർബാന ചൊല്ലാൻ അനുവദിക്കേണ്ട. അവിടെ നൂറിലധികം രോഗികളായ അപ്പാപ്പന്മാരുണ്ടല്ലോ. അവർക്കുവേണ്ടി കുർബാന ചൊല്ലാൻ വേറേ ഏതെങ്കിലും വൈദികനെ അനുവദിച്ചുകൂടേ?" പെട്ടെന്നു ബിഷപ്പിന്റെ മുഖം ചുവന്നു, കണ്ണുരുണ്ടു, സ്വരംമാറി. "ഇതൊക്കെ ഒരു pressurisation ആണ്", ബിഷപ്പു പറഞ്ഞു. "ഞാൻ ആരുടെ

യും സമ്മർദ്ദത്തിനു വഴങ്ങിവന്നതല്ല. നേരിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ അപേക്ഷിച്ചുവെന്നുമാത്രം''....... ഞാൻ സ്തുതി ചൊല്ലി പടിയിറങ്ങി. പിന്നീട് ഞാൻ അറിഞ്ഞു, അസ്സീസിയിൽനിന്ന് വിൻസന്റച്ചനും പോയി ബിഷപ്പിനെ കണ്ട് നിരാശനായി തിരിച്ചുപോന്നുവെന്ന്. അഹോ! മനുഷ്യഹൃദയം ഇത്രമാത്രം കഠിനമാവുമോ? നൂറിൽപരം വൃദ്ധരായ രോഗികൾക്കു കൂദാശ മുടക്കുക! വൃദ്ധനും രോഗിയുമായ ഒരു വൈദികനെ എല്ലാദിവസവും രാവിലെ ഒരു കിലോമീറ്ററിലധികം നടത്തി കുർബാന ചൊല്ലിക്കുക! എന്തൊരു ക്രൂരത! ഇതെല്ലാം കാരുണ്യവാനായ ദൈവത്തിന്റെ പേരിൽ!

1987-ലാണ് ചെത്തിമറ്റത്തെ വൃദ്ധമന്ദിരത്തിന്റെ 10-ാം വാർഷികം ആചരിച്ചത്. അദ്ധ്യക്ഷനായി വന്നിരുന്നത് അന്നത്തെ കേരള ഗവർണർ ശ്രീ.പി.രാമചന്ദ്രൻ. വേദിയിൽ ശ്രീ. കെ.എം.മാണി, ശ്രീ. എൻ. എം.ജോസഫ് തുടങ്ങിയ മാന്യവ്യക്തികൾ. ബിഷപ്പിനെ ക്ഷണിച്ചിരുന്നെങ്കിലും ബിഷപ്പോ അരമനവാസികളോ ആരുംതന്നെ എത്തിയില്ലെന്നു മാത്രമല്ല, രൂപതയിൽനിന്ന് ഒരു വൈദികൻപോലും അങ്ങോട്ടു കടന്നില്ല. പാലാ ടൗണിൽ ചിതലുപോലെ കാണപ്പെടുന്ന കന്യാസ്ത്രീകളിൽ ഒരാളെപ്പോലും അവിടെയെങ്ങും കണ്ടില്ല. മേരിഗിരി സിസ്റ്റേഴ്സ് രണ്ടുപേർ ഉണ്ടായിരുന്നു. തീർച്ചയായും അച്ചനെ വളരെയധികം മാനസികമായി വേദനിപ്പിച്ച ഒന്നാണിത്. സ്വന്തം ബിഷപ്പോ വൈദികസുഹൃത്തുക്കളോ, താൻ സ്ഥാപിച്ച 'സ്നേഹഗിരി' സന്യാസിനീ സമൂഹത്തിൽനിന്ന് ഒരു സിസ്റ്ററോ അവിടെയെത്തിയില്ല, അച്ചന്റെ സന്തോഷത്തിൽ പങ്കെടുക്കാൻ, അച്ചനെ അഭിനന്ദിക്കാൻ. നന്ദിയില്ലാത്ത വർഗ്ഗം! എനിക്കു പരിചയമുള്ള ചില സിസ്റ്റേഴ്സിനോട് പിന്നീടു ഞാൻ ചോദിച്ചു. ''എന്തുകൊണ്ട് ആ വാർഷികത്തിനു പോയില്ല'', എന്ന്. ''ഞങ്ങൾ പോവുന്നത് പിതാവിന്റെ ഇഷ്ടമല്ല'', എന്നായിരുന്നു മറുപടി.

ശരിയാണ്, അരമനയിലെ പിതാവിന്റെ ഇഷ്ടമാണ് ഇന്നത്തെ സമർപ്പിതരിൽ ബഹുഭൂരിപക്ഷവും അന്വേഷിക്കുന്നത് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടമല്ല. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ കൈപ്പൻപ്ലാക്കലച്ചൻ ശ്രമിച്ചപ്പോഴാണ് അദ്ദേഹം ഒറ്റപ്പെട്ടത്; പീഡിപ്പിക്കപ്പെട്ടത്. വൈദികരും കന്യാസ്ത്രീകളും സമർപ്പിതരാണെന്നാണു സങ്കല്പം. തങ്ങളെത്തന്നെ യേശുവിനു സമർപ്പിച്ചവരാണെങ്കിൽ യേശുവിനോടു ചേർന്നു നിൽക്കണം. യേശുവിനോടു ചേർന്നു നിൽക്കുന്നവർ പീഡിപ്പിക്കപ്പെടും. യേശു ദൈവത്തോടു ചേർന്നുനിന്നു. പാവങ്ങളോടും പാപികളോടും പക്ഷംചേർന്നു. ഫലമോ? പുരോഹിതവർഗ്ഗം യേശുവിനു കുരിശുനൽകി. അതാണ് കൈപ്പൻപ്ലാക്കലച്ചന്റെ കാര്യത്തിലും സംഭവിച്ചത്.


എന്തുമാത്രം കഷ്ടപ്പാടുകൾ സഹിച്ചാണ് അച്ചൻ സ്നേഹഗിരി സിസ്റ്റേഴ്സിന്റെ സമൂഹത്തിനു രൂപംനൽകിയത്. എന്തിനുവേണ്ടി? പാവങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി. എന്നാൽ, താൻ സ്ഥാപിച്ച ആ സമൂഹത്തിലെ സിസ്റ്റേഴ്സിനെ അച്ചനിൽനിന്ന് പരിപൂർണ്ണമായി മാറ്റിനിർത്തി, അരമനയിലെ അധികാരിവർഗ്ഗം. അതുകൊണ്ടാണല്ലോ രണ്ടാമതും അച്ചനു മലയാറ്റൂരിൽ വേറൊരു കോൺഗ്രിഗേഷന് രൂപംകൊടുക്കേണ്ടിവന്നത്. വൃദ്ധകളും രോഗികളുമായ സ്ത്രീകളെ ശുശ്രൂഷിക്കാൻവേണ്ടി അച്ചൻ എത്രമാത്രം ക്ലേശിച്ചു! സ്നേഹഗിരി സിസ്റ്റേഴ്സ് ഇല്ലാഞ്ഞിട്ടല്ല; അവരെ വിട്ടുകൊടുക്കാൻ അരമന തയ്യാറല്ലായിരുന്നു. അതുകൊണ്ടാണ് 'ദൈവദാൻ സിസ്റ്റേഴ്സി'ന്റെ സമൂഹത്തിനു രൂപംകൊടുക്കുവാൻ അച്ചൻ തയ്യാറായതും, എറണാകുളം അതിരൂപത അതിനനുവദിച്ചതും.

അരമനയിലെ അധികാരിവർഗ്ഗത്തിന് അടിമകളായി ജീവിക്കുക എന്നതായിരിക്കുന്നു, ഇന്നത്തെ ദൈവവിളിയുടെ പൊരുൾ. ഇന്ന് അരമനയെ പേടിയാണ് എല്ലാവർക്കും. മെത്രാനെ അനുസരിക്കാത്തവർ സഭാവിരോധികൾ! ആ ഒരാശയമാണ് ഇന്നു നമ്മുടെ ആളുകളുടെ മനസ്സിൽ; പ്രത്യേകിച്ചും, സമർപ്പിതരുടെ ഇടയിൽ. കേരളത്തിൽ എത്രയോ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുണ്ട്? ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ കൈപ്പൻപ്ലാക്കലച്ചൻ സഭാധികാരികളിൽനിന്നനുഭവിച്ച ക്ലേശങ്ങളെക്കുറിച്ച് എഴുതിക്കണ്ടിട്ടുണ്ടോ? ശ്രീ ജോസഫ് പുലിക്കുന്നേൽ സാർ മാത്രമാണ് തന്റെ 'ഓശാന'യിലൂടെ കൈപ്പൻപ്ലാക്കലച്ചന്റെ പീഡാനുഭവചരിത്രം പുറത്തുവിട്ടത്. കൈപ്പൻപ്ലാക്കലച്ചന്റെ സഹായത്തിനായി ഒരുപാടാളുകൾ പിന്നിൽനിന്നു പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ അവർക്കൊന്നും 'നിങ്ങൾ ചെയ്യുന്നത് അനീതിയാണ്, ക്രൂരതയാണ്' എന്നുറക്കെപ്പറയാൻ സാധിച്ചിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. അക്കാര്യം തുറന്നടിച്ചുപറഞ്ഞത് ശ്രീ പുലിക്കുന്നേൽ അവർകളാണ്. കുറവിലങ്ങാട് ശ്രീ. വി.കെ. കുര്യൻ സാറിന് ബിഷപ് സഭാപരമായ മരിച്ചടക്കു നിഷേധിച്ചു. 'അത് തെറ്റാണ്, ആ നടപടി ശരിയായില്ല' എന്ന് കേരളത്തിലെ ഏതെങ്കിലും കത്തോലിക്കാ പ്രസിദ്ധീകരണം തുറന്നെഴുതിയോ? ഇല്ല. കാരണം, അരമനയെ നമ്മുടെ ആളുകൾക്ക്, പ്രത്യേകിച്ച് സമർപ്പിതർക്ക്, പേടിയാണ്.

യേശുവിനോട് പക്ഷംചേരുന്നവർ പീഡിപ്പിക്കപ്പെടും. പക്ഷേ, അവരാണ് ഉയിർത്തെഴുന്നേൽക്കുന്നത്; അവരാണ് ഭാവിയുടെ പ്രതീക്ഷ; ഭാവിയുടെ വെളിച്ചം. കൈപ്പൻപ്ലാക്കലച്ചൻ നമുക്കു വെളിച്ചമായിരുന്നു. യേശുവിനോടു ചേർന്നു നടന്നവൻ. പാവങ്ങളോടും പാപികളോടും പക്ഷംചേർന്നവൻ.

*Mob: 08606705958*

# ഫാ. കൈപ്പൻപ്ലാക്കലിന്റെ കത്ത്



*[സ്നേഹഗിരി സ്ഥാപനങ്ങളിൽ സംഭവിച്ച കാര്യങ്ങളുടെ സത്യാവസ്ഥ ആരാഞ്ഞുകൊണ്ട് ശ്രീ ജോസഫ് പുലിക്കുന്നേൽ ഫാ.കൈപ്പൻപ്ലാക്കലിന യച്ച കത്തിന് അദ്ദേഹമയച്ച മറുപടിയാണ് താഴെ. 1981 ഡിസം.ലക്കം ഓശാനയിൽനിന്ന്-എഡിറ്റർ]*

ഓസാനാം ഭവൻ, 15-11-80

പ്രിയ ശ്രീ ജോസഫ് പുലിക്കുന്നേൽ,

താങ്കൾ 8-11-80-ൽ അയച്ച കത്തുകിട്ടി. എന്റെ കാര്യത്തിൽ താങ്കൾ ഈ താല്പര്യം കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ അത്ഭുതപ്പെടുന്നു. ഞാൻ ജീവനായിക്കരുതിയിരുന്നതും, എന്റെ ജീവിതത്തിന്റെ ഒരു നല്ല ഭാഗം കഠിനാദ്ധ്വാനത്തോടുകൂടെ ചെലവഴിച്ചു പടുത്തുയർത്തി കൊണ്ടുവന്നതും, ദൈവാനുഗ്രഹത്താൽ ഇന്നത്തെ നിലയിൽ എത്തിയതുമായ സ്നേഹഗിരി സ്ഥാപനങ്ങളിൽനിന്നും തീരാത്ത അപമാനത്തോടും ഹൃദയവ്യഥയോടുംകൂടെ അകന്നു മാറുവാൻ ഇടയായത് എന്നെ അത്യധികം വേദനിപ്പിച്ച ഒരു കാര്യമാണ്. എങ്കിലും, എല്ലാ സ്ഥാപനങ്ങളും എല്ലാവിധത്തിലും സ്വയംപര്യാപ്തതയിൽ എത്തിയിരുന്നതുകൊണ്ട് ഇനിയും ദൈവം എന്നിൽനിന്ന് ആവശ്യപ്പെടുന്നത്, ആ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അദ്ധ്വാനമല്ല, അവയുടെ ദൈവപരിപാലനയോടുകൂടിയ നിലനിൽപിനുവേണ്ടിയുള്ള ഹൃദയവ്യഥയോടുകൂടിയ പ്രാർത്ഥനയാണ് എന്നു സമാധാനപ്പെട്ട് ഒതുങ്ങിക്കഴിഞ്ഞുകൂടുകയായിരുന്നു. ഇങ്ങനെ തുടരണമെന്നേ എനിക്ക് ആഗ്രഹവും പ്രാർത്ഥനയും ഉള്ളൂ. അപ്പോഴാണ് താങ്കളുടെ ഈ കത്തുകിട്ടിയത്. 'ഇതിനു മറുപടി തരാത്തപക്ഷം താങ്കളുടെ ചോദ്യങ്ങളിൽ അന്തർഭവിച്ചിട്ടുള്ള വസ്തുതകൾ സത്യമാണെന്ന നിഗമനത്തിൽ താങ്കൾ എത്തിച്ചേരും' എന്ന് കത്തിൽ താങ്കൾ കാണിച്ചിരിക്കുന്നതുകൊണ്ടും, സത്യം താങ്കൾ അന്വേഷിക്കുന്നതുകൊണ്ടു താങ്കളുടെ ചോദ്യങ്ങൾക്ക് എനിക്കറിയാവുന്നിടത്തോളം കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

**ഉത്തരം:**

1. സ്നേഹഗിരി സിസ്റ്റേഴ്സിൽ ആരെയും ഞാൻ കന്യാവ്രതത്തിനെതിരായി പ്രേരിപ്പിച്ചിട്ടില്ല. ഉണ്ടെന്ന് അവരിലാരും വന്ദ്യപിതാവിനെ എഴുതി ബോധിപ്പിച്ചിട്ടുണ്ടെന്ന് വന്ദ്യപിതാവ് എന്നോട് പറഞ്ഞിട്ടുമില്ല.
2. ഏതെങ്കിലും ഒരു കന്യാസ്ത്രീ എനിക്കെതിരായി പരാതി എഴുതിത്തന്നു എന്ന് പറയുകയോ, അങ്ങനെ ഒരു പരാതിയിന്മേൽ എന്റെ അറിവോടുകൂടെ ഒരു വിചാരണ നടക്കുകയോ ഞാൻ കുറ്റക്കാരനാണെന്നു കണ്ട് ഒരു തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല-ചെയ്തതായി എനിക്കറിവില്ല.
3. സ്നേഹഗിരിയിലെ സിസ്റ്റേഴ്സിനോ മറ്റ് അന്തേവാസികൾക്കോ എന്റെ പേരിൽ എന്തെങ്കിലും പരാതി ഉണ്ടെന്നോ, അവരുടെ ആദ്ധ്യാമികജീവിതത്തിന് ഞാൻ തടസ്സമാണെന്നോ, സുപ്പീരിയർ ആയിരുന്ന സി.വിനീതയോ ഇപ്പോൾ സുപ്പീരിയർ ആയിരിക്കുന്ന സി.അർപ്പിതയോ എന്നോട് ഒരിക്കലും പറഞ്ഞിട്ടില്ല. ആർക്കെങ്കിലും പരാതിയുള്ളതായി ഒരു സൂചനപോലും നൽകിയിട്ടുമില്ല.
4. സ്നേഹഗിരി സഹോദരന്മാരുമായോ, അനാഥാലയ ബാലന്മാരുമായോ അവിഹിത ബന്ധത്തിൽ ഞാൻ ഏർപ്പെടുന്നതായോ അതിന് പ്രേരിപ്പിച്ചതായോ ഉള്ള യാതൊരു ആരോപണങ്ങളും അവർക്കുള്ളതായി വന്ദ്യപിതാവോ, മറ്റ് ആരെങ്കിലുമോ എന്നോട് പറയുകയോ ശാസിക്കുകയോ ചെയ്തിട്ടില്ല.
5. ഞാൻ സ്നേഹഗിരി സ്ഥാപനങ്ങൾ നയിച്ചിരുന്ന കാലത്തോ അതിനു മുൻപോ ഒരിക്കൽപോലും ബ്രഹ്മചര്യവിരുദ്ധമായി പ്രവർത്തിച്ചു എന്ന് എന്നേപ്പറ്റി ആരോപണം ഉണ്ടായതായോ, സഭാധികാരികൾ എനിക്കെതിരായി ആ വിധത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുള്ളതായോ എനിക്കറിവില്ല.
6. ഞാൻ വെല്ലൂർ ചികിത്സകഴിഞ്ഞ് തിരിച്ചുവന്നതിനുശേഷം സ്നേഹഗിരി സ്ഥാപനങ്ങളുടെ ഡയറക്ടർ സ്ഥാനം രാജിവെച്ചു കഴി

ഞ്ഞപ്പോൾ, ഇനി സ്നേഹഗിരി സ്ഥാപനങ്ങളുമായി യാതൊരു ബന്ധവും ഉണ്ടാകരുതെന്ന് വന്ദ്യപിതാവ് ഒരിക്കൽ പറഞ്ഞതല്ലാതെ അവിടെ പ്രവേശിക്കരുത് എന്നുപറഞ്ഞിട്ടില്ല.

7. സി. വിനീത സ്നേഹഗിരി സഭയിൽ സുപ്പീരിയർ ആയിരുന്ന അവസരത്തിൽ, വിനീതയിൽ നടപടി ദൂഷ്യങ്ങളും സ്വഭാവദൂഷ്യങ്ങളും വ്യക്തമായി കണ്ടു മനസ്സിലാക്കിയപ്പോൾ വിളിച്ചു കർശനമായി ശാസിക്കുകയും, ഈ നിലയിൽ തുടർന്നാൽ സഭയിൽനിന്നു പറഞ്ഞയയ്ക്കേണ്ടിവരും എന്ന് ഗൗരവമായി താക്കീതു നല്കുകയും ഒന്നിലധികം പ്രാവശ്യം ചെയ്തിട്ടുണ്ട്.

8. ഞാൻ രോഗബാധിതനായിത്തീരുന്നതിനും, വെല്ലൂരും മറ്റ് ആശുപത്രികളിലും ചികത്സതേടി പോകുന്നതിനും മുമ്പാണ് സുപ്പീരിയർ ആയിരുന്ന സി. വിനീതയെ വിളിച്ചു മേൽപ്പറഞ്ഞ വിധം ശാസിച്ചിട്ടുള്ളത്. ഞാൻ രോഗിയായി ചികിത്സയിൽ കഴിയുന്ന കാലഘട്ടങ്ങളിലെല്ലാം സി. വിനീതതന്നെയായിരുന്നു സുപ്പീരിയർ. ഞാൻ ചികിത്സയ്ക്കു പോകുന്നതുവരെ എന്റെ പേരിൽ ആർക്കും യാതൊരു ആരോപണവും ഉണ്ടായിരുന്നതായി അറിവില്ല. ഞാൻ ചികിത്സ കഴിഞ്ഞു വന്നതിനുശേഷം, ഡയറക്ടർ സ്ഥാനം രാജിവെച്ച് വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്നപ്പോഴാണ് എനിക്കു മനസ്സിലാകുന്നത്, എന്റെ ചികിത്സയുടെ കാലഘട്ടത്തിൽ എനിക്കെതിരായി പല ആരോപണങ്ങളും ഉന്നയിക്കപ്പെട്ടു എന്നും മറ്റും. എനിക്കു പിന്നീടു കിട്ടിയ അറിവുവച്ചുനോക്കുമ്പോൾ, ഇതൊരു വലിയ ഗൂഢാലോചനയുടെ ഫലമാണെന്ന് തോന്നിപ്പോകുന്നു. അതിനുതക്കവിധം വിശ്വസനീയമായ പല രേഖകളും തെളിവുകളും എനിക്കു ലഭിക്കുകയുണ്ടായി. താങ്കളുടെ പഠനത്തിന് ആ രേഖകൾ ആവശ്യം വരുന്നെങ്കിൽ കാണിക്കും. എന്നാൽ അവ മടക്കി തരേണ്ടതാണ്.

9. ഞാൻ വെല്ലൂരിൽനിന്നും മടങ്ങിവന്ന് അധികം താമസിയാതെ ഒരു ദിവസം, എന്റെ സഹോദരപുത്രൻ ഫാ. ജെയിംസ് വന്ന്, വന്ദ്യപിതാവ് രാജിക്കത്ത് അന്നുതന്നെ വാങ്ങിച്ചുകൊണ്ടുവരാൻ, തന്നെ പറഞ്ഞയച്ചിരിക്കുകയാണെന്നു പറഞ്ഞു. എന്റെ അനാരോഗ്യം നിമിത്തം സ്നേഹഗിരി സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് പല പോരായ്മകളും വരുന്നു; പ്രത്യേകിച്ചും, എന്റെ അപേക്ഷ അനുസരിച്ചു സെൻട്രൽ ഗവൺമെന്റിൽനിന്നും അനുവദിച്ചുവന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ എടുക്കേണ്ടിയിരിക്കുന്നു. ഞാൻ രാജിവയ്ക്കുകയാണെങ്കിൽ തൽസ്ഥാനത്ത് വന്ദ്യപിതാവ് എനിക്കുകൂടി സ്വീകാര്യനായ ഒരച്ചനെ തൽക്കാലത്തേക്കു നിയമിക്കും, കാര്യങ്ങൾ ഭംഗിയായി നടന്നുപോകും. എനിക്ക് അവിടെ ദയാഭവനിൽ ഒരു മുറി തയ്യാറാക്കി ഇട്ടേക്കാം. എനിക്ക് അവിടെ താമസിക്കുകയും ചെയ്യാമല്ലോ; എന്നാൽ സാമാന്യം സീനിയറായ കഴിവുള്ള ഒരച്ചനെ രോഗിയായ എന്റെ അസിസ്റ്റന്റായി നിയമിക്കുന്നതു ഭംഗിയല്ല. ഇപ്പോൾ സ്ഥലംമാറ്റത്തിന്റെ ഒരു സമയമാണ്, എന്നെല്ലാമാണ് അതിനുള്ള കാരണങ്ങൾ അദ്ദേഹം പറഞ്ഞത്. അതെല്ലാം ശരിയായിരിക്കുമെന്ന് ഞാൻ വിശ്വസിച്ചു. അപ്പോൾത്തന്നെ അദ്ദേഹം പറഞ്ഞ വാചകത്തിൽ രാജിക്കത്ത് എഴുതിക്കൊടുക്കുകയുമാണുണ്ടായത്. എനിക്ക് തുടർന്നും സ്ഥാപനത്തിൽ താമസിക്കാമല്ലോ എന്നും ഞാൻ കരുതി.

10. ഓസ്സാനാം ഭവൻ വൃദ്ധമന്ദിരം നടത്തരുത് എന്ന് ഔദ്യോഗികമായി ഒരു കല്പനയും രേഖാമൂലമോ വാക്കാലോ എനിക്കു ലഭിച്ചിട്ടില്ല. ഈ സ്ഥാപനം നടത്തുന്നത് 'ഒസ്സാനാം സൊസൈറ്റി' എന്ന രജിസ്റ്റേർഡ് ചാരിറ്റബിൾ സൊസൈറ്റിയാണ്. ഞാൻ അതിലെ ഒമ്പത് (9) ഡയറക്ടർമാരിൽ ഒരാൾമാത്രമാണ്. ഡയറക്ടർമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ഞാൻ അതിന്റെ അനുദിനകാര്യങ്ങൾ നോക്കുന്നു. എന്റെ വിശ്രമജീവിതത്തിൽ പാവങ്ങളോടുകൂടിയുള്ള ഈ ജീവിതം എനിക്ക് സന്തോഷപ്രദവും ആശ്വാസകരവുമാണ്.

11. സ്നേഹഗിരി ബ്രദേഴ്സിന്റെയും ഇതരസ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെ ഇനം തിരിച്ചുള്ള ഒരു 'സ്റ്റേറ്റുമെന്റ്' ഞാൻ വന്ദ്യപിതാവിനെ നേരിൽക്കണ്ടു കൊടുത്തപ്പോൾ, ബ്രദേഴ്സിന്റെ ഭാവിയെ സംബന്ധിച്ച കാര്യങ്ങൾ എന്റെ അഭിപ്രായം കൂടി ചോദിച്ചിട്ടേ ചെയ്യുകയുള്ളൂ എന്നു പറഞ്ഞിരുന്നു. എങ്കിലും പിന്നീട് അതേപ്പറ്റി എന്നോട് ആലോചിക്കുകയോ അവരെ പിരിച്ചുവിടുന്ന കാര്യത്തെപ്പറ്റി പറയുകയോ ചെയ്തിട്ടില്ല.

12. ഞാൻ രോഗിയായിരുന്നപ്പോൾ, ഭാവിയിൽ സ്നേഹഗിരി സ്ഥാപനങ്ങളിൽനിന്നും എന്നെ പുറത്താക്കുക എന്ന ലക്ഷ്യത്തോടെ ചിലർ പ്രവർത്തിച്ചിരുന്നു എന്നാ

ണ്, എന്റെ സ്വന്തക്കാരിൽ ചിലരുടെയും മറ്റു പലരുടെയും വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും, എനിക്കു കിട്ടിയ പല കത്തുകളിൽനിന്നും, ഞാൻ കണ്ട പല രേഖകളിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചത്. ഈ വിവരങ്ങൾ എനിക്കു ലഭിക്കുന്നത് ഞാൻ രാജിവച്ച ശേഷമാണ്.

എന്നെപ്പറ്റിയുള്ള താങ്കളുടെ പഠനത്തിൽ എനിക്ക് ഒട്ടും സഹകരിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. എന്നാൽ ഈ കത്തിനും അതിലെ ചോദ്യങ്ങൾക്കും മറുപടി തരുവാൻ, ഞാൻ മേൽവിവരിച്ച കാരണങ്ങളാൽ താങ്കൾ എന്നെ ബാധ്യസ്ഥനാക്കിയതുകൊണ്ടുമാത്രം ഈ മറുപടി എഴുതുന്നു. ഇതേപ്പറ്റി കൂടുതൽ അന്വേഷണം നടത്താതെ, കെട്ടടങ്ങിപ്പോയ ഈ കാര്യം ആർക്കുമാർക്കും വിഷമം വരുത്താതെ, അങ്ങനെതന്നെ വിട്ടുകളയണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്

ഉപചാരപൂർവ്വം

**ഫാ. എബ്രഹാം കൈപ്പൻപ്ലാക്കൽ**

---

**കെ.സി.ആർ.എം. പ്രതിമാസപ**

## ഔദ്യോഗിക ആത്മായപ്രസ്ഥാനങ്ങളുടെ പരിമിതികൾ

2014 ജൂൺ 28-ാം തീയതി, ശനിയാഴ്ച 2 പി.എം.മുതൽ
**പാലാ ടോംസ് ചേമ്പർ ഹാളിൽ**

വിഷയം അവതരിപ്പിക്കുന്നത്:
**ശ്രീ. ടോമി തുരുത്തിക്കര** (AKCCമുൻ സംസ്ഥാനസെക്രട്ടറി)
അദ്ധ്യക്ഷൻ:
**ശ്രീ. പി.എസ്. ജോസഫ് പനച്ചിക്കവയലിൽ**
(KCRM സംസ്ഥാനചെയർമാൻ)

പുരോഹിതരരുടെ രക്ഷാധികാരിത്വത്തിലുള്ള അനവധിയായ ആത്മായസംഘടനകളും പ്രസ്ഥാനങ്ങളും എങ്ങനെ പ്രവർത്തിക്കുന്നുവെന്നും, പരിമിതികൾ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങൾ, ഈ മേഖലയിൽ അനേകവർഷം നേതൃസ്ഥാനത്തു പ്രവർത്തിച്ച അനുഭവത്തിൽനിന്ന് ശ്രീ.ടോമി തുരുത്തിക്കര പങ്കുവയ്ക്കുന്നു.

ചർച്ചയിൽ ഇടപെടാൻ എല്ലാവർക്കും അവസരമുണ്ടായിരിക്കും. ഏവരെയും ഈ ചർച്ചാസമ്മേളനത്തിലേക്ക് ഹാർദ്ദമായി ക്ഷണിക്കുന്നു.

**കെ.കെ.ജോസ് കണ്ടത്തിൽ** (ഫോ: 8547573730)
(കെ.സി.ആർ.എം. സംസ്ഥാനസെക്രട്ടറി)

---

## ഗാനഗന്ധർവ്വൻ യേശുദാസ്

### 'ദൈവദാൻ സെന്റർ'

**സന്ദർശനഡയറിയിൽ എഴുതിയത്**

(1981 ഡിസംബർ ലക്കം. 'ഓശാന'മാസികയിൽനിന്ന്)

**ആ**ത്മാർത്ഥമായി സ്നേഹിക്കാൻ എത്ര വിഷമമാണ്. എന്നാൽ അത് കണ്ണിൽ കാൺകേ തെളിഞ്ഞു നിൽക്കുമ്പോൾ എത്ര സുഖവും മനോഹരവും സമാധാനവുമാണ് കിട്ടുക! ഇന്നീ സ്വർഗ്ഗത്തിൽ വന്നപ്പോൾ ഞാൻ മരിച്ചു സ്വർഗ്ഗത്തിൽ പ്രവേശിച്ച പ്രതീതിയാണ് എനിക്ക് ഉണ്ടായത്. ഇതാണ് ശരിയായ ദേവാലയം. അല്ലാതെ രാത്രിയും പകലും മൂടി കിടക്കുന്ന വൻ കെട്ടിടങ്ങളല്ലെന്ന് എനിക്ക് ബോദ്ധ്യമായി. ഇതിന്റെ ഒരംഗത്വം (വിലയേറിയ അംഗത്വം) എനിക്ക് ലഭിച്ചെങ്കിൽ ഞാൻ എത്ര ഭാഗ്യവാൻ.

എന്റെ പ്രിയപ്പെട്ട പ്രവർത്തകർക്കു ദൈവം എല്ലാ കരുത്തും നൽകും.

എന്ന്
**ഏശുദാസ്**
(31-5-1980)



# വിശ്വാസികളുടെ ദുർവിധി

**ലിയോ ടോൾസ്റ്റോയി**

*[ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ടുമുമ്പ് മഹാസാഹിത്യകാരനായ ലിയോ ടോൾസ്റ്റോയി എഴുതിയ 'The Kingdom of God is within You' എന്ന അമൂല്യഗ്രന്ഥം,'ദൈവരാജ്യം നിങ്ങൾക്കുള്ളിൽത്തന്നെയാണ്' എന്ന പേരിൽ പ്രൊഫ. അഗസ്റ്റിൻ എ തോമസ് മലയാളത്തിൽ സംഗ്രഹിച്ചെഴുതിയത് 'മീഡിയാ ഹൗസ്' പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്രിസ്തീയത ഇന്നും നേരിടുന്ന അടിസ്ഥാനപ്രശ്നങ്ങളെ ടോൾസ്റ്റോയി അന്നുതന്നെ എത്ര വ്യക്തമായി കണ്ടിരുന്നു എന്നു കാണിക്കുവാൻ അതിൽനിന്ന് ഒരു ഭാഗം പ്രസിദ്ധീകരിക്കുന്നു-എഡിറ്റർ]*

മനുഷ്യചേതനയുടെ സമസ്തതലങ്ങളിലും യേശുവിന്റെ സന്ദേശം ഏറിയും കുറഞ്ഞുമാണെങ്കിലും എത്തിക്കഴിഞ്ഞുവെന്നത് വാസ്തവമാണ്. ആ മഹാനുഭാവന്റെ സ്വീകാര്യത സ്ഥല-കാല പരിമിതികൾക്കപ്പുറത്തുള്ളതാണ്. പക്ഷേ, ഈ സാർവ്വത്രികത ഏതു രൂപത്തിലുള്ളതാണെന്ന ചോദ്യം ഉയരുന്നുണ്ട്. എന്റെ പുസ്തകം *(പരാമർശിക്കുന്നത്, 'What I believe' എന്ന പേരിൽ 1884-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച ഗ്രന്ഥം-എഡിറ്റർ)* പുറത്തിറങ്ങിയശേഷം അതുമായി ബന്ധപ്പെടുത്തി നടന്ന ചർച്ചകൾ ഞാൻ സസൂക്ഷ്മം നിരീക്ഷിച്ചുപോന്നിരുന്നു. അതിൽനിന്ന് എനിക്കു പിടികിട്ടിയത് ഇതാണ്. ക്രിസ്തീയതയെ അതിന്റെ മൗലികതയിൽ മനസ്സിലാക്കിയവർ വളരെ കുറച്ചേയുള്ളൂ. ഒട്ടേറെ കുപ്പായങ്ങളിലൂടെ കയറ്റിവിട്ട ദർശനങ്ങളാണ് ഭൂരിപക്ഷം പേരിലും എത്തിപ്പെട്ടിരിക്കുന്നത്. ഇത്തരം മൂടുപടങ്ങൾ തുന്നിയെടുക്കുന്നതിൽ പൗരോഹിത്യത്തിന്റെ പ്രതിനിധികളും സ്വതന്ത്രചിന്തകരെന്ന് സ്വയം വിശേഷിപ്പിച്ചവരും മത്സരിക്കുകയായിരുന്നു. അങ്ങനെ വന്നുവന്ന് ദുരൂഹതകളുടെ മേഖലയായി ഇതു മാറി.



പ്രശ്നത്തിന്റെ കാതൽ വേറൊരിടത്താണ്. വിശ്വാസികളെന്നു പറയുന്നവരും വിശ്വാസവിരുദ്ധരെന്നു പറയുന്നവരും ഒരേപോലെ അവകാശപ്പെടുകയാണ്-തങ്ങൾക്ക് ക്രിസ്തീയദർശനം നേരാംവണ്ണം മനസ്സിലായിക്കഴിഞ്ഞിരിക്കുന്നു. ഇരുകൂട്ടരും വിട്ടുവീഴ്ചയില്ലാതെ പ്രസ്താവിക്കുന്നു-തങ്ങൾ പറയുന്നതെന്തോ അതാണ് അവസാന വാക്ക്; അത് ചോദ്യം ചെയ്യപ്പെടാനാവാത്ത വിധത്തിൽ സത്യമാണെന്ന്. എന്നുവച്ചാൽ, ആ നിറഞ്ഞ കുപ്പിയിലേക്ക് ഇനി ഒരു തുള്ളി പോലും ഒഴിക്കാൻ ഇടമില്ല. അറിഞ്ഞുകഴിഞ്ഞുവെന്ന് പറയുന്ന 'ബുദ്ധിജീവി'യോട് ഇനിയൊന്നും പറയേണ്ടതില്ലല്ലോ.

ഏതൊരു അനുയായിയും കടുകിട വ്യത്യാസമില്ലാതെ പിന്തുടരേണ്ടതെന്തെല്ലാമെന്ന് പല സഭാസ്ഥാപനങ്ങളും എഴുതിവച്ചിട്ടുണ്ട്. ഇപ്രകാരം എഴുതിവച്ചത് അമാനുഷികമായ ഒരു വെളിപാടാണെന്നും ആയതിനാൽ അതിനെ അവിശ്വസിക്കുകയോ സംശയിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യാൻ പാടില്ലെന്നും ഇവർ കല്പിച്ചു വച്ചിട്ടുമുണ്ട്.

ഇതേതരം ന്യായവാദങ്ങൾ മയമില്ലാതെ ഉന്നയിക്കുന്ന വിശ്വാസവിരുദ്ധരുടെ പ്രസ്ഥാനങ്ങളും കാണപ്പെടുന്നുണ്ട്. യുക്തിവാദികൾ, നാസ്തികർ തുടങ്ങിയവർ. അവർ തിരിച്ചടിക്കുന്നത് ഇപ്രകാരമാണ്. സാധാരണഗതിയിൽ പിടികിട്ടാത്തതിനെയും പ്രകൃത്യാനുസാരിയല്ലാത്തതിനെയും ദൈവകല്പിതമെന്ന് മുദ്രകുത്തി അടിച്ചേൽപിക്കുന്ന ദുർബലമായ മാനസികാവസ്ഥയിൽനിന്നാണ് മേൽപ്പറഞ്ഞ നിലപാടുകൾ രൂപംകൊള്ളുന്നതെന്ന് അവർ സമർത്ഥിക്കാൻ തത്രപ്പെടുന്നതു കാണാം.


ഈ രണ്ടു ദൃഷ്ടികോണുകളെയും തുല്യമായി ഒന്നു വിലയിരുത്തി നോക്കുക. സുവിശേഷങ്ങളുടെ അന്തസ്സാരത്തെ എപ്രകാരം സഭകൾ വിശ്വാസികളുടെ മുന്നിൽനിന്നു മറച്ചുവെക്കുന്നു

വോ, അത്രമാത്രം യിൽത്തന്നെയാണ് സഭാവിരുദ്ധർ ശാസ്ത്രത്തിന്റെ പേരുംപറഞ്ഞ് യാഥാർത്ഥ്യങ്ങളെ മറച്ചുവെക്കുന്നത്.

പതിനെട്ടു നൂറ്റാണ്ടുകൾക്കുമുമ്പ് യേശു എന്ന വ്യക്തി മുന്നോട്ടുവച്ച വേറിട്ട പ്രബോധനങ്ങൾ അതിന്റെ പ്രഭവസ്ഥാനത്തുതന്നെയുണ്ടായിരുന്ന യഹൂദജനങ്ങൾക്കു തികച്ചും പരിചിതമല്ലാത്തതും മാമൂലുകൾക്കു നിരക്കാത്തവിധം നൂതനവുമായി തോന്നിച്ചു. യേശുവിനുശേഷം അതു പ്രസംഗിക്കപ്പെട്ട റോമാസാമ്രാജ്യത്തിലെ ജനവിഭാഗങ്ങൾക്കും അത് സമരസപ്പെടാൻ പാടില്ലാത്തവിധം വിപ്ലവാത്മകമായി അനുഭവപ്പെട്ടു. സിംഹവും ആട്ടിൻകുട്ടിയും ഒരുമിച്ച് സഹവർത്തിത്വത്തിൽ വസിക്കുന്ന ഒരു ലോകവ്യവസ്ഥ-ഇതായിരുന്നു യേശു മുന്നോട്ടുവച്ച കാഴ്ചപ്പാട്.

മഹാപുരോഹിതന്മാരുടെയും ഫരിസേയരുടെയും ഒട്ടും ചലനാത്മകതയില്ലാത്ത, മരവിച്ച, ധാർമ്മികതയേക്കാൾ യേശു ശ്രേഷ്ഠമായി കണ്ടത് പാപിനിയായിരുന്ന മഗ്ദലനമറിയത്തിന്റെ അവസ്ഥാന്തരസന്നദ്ധതയായിരുന്നു. നൂറാടുകളുടെ കൂട്ടത്തിൽനിന്ന് ഒരെണ്ണം നഷ്ടമായപ്പോൾ, തൊണ്ണൂറ്റിയൊൻപതിനെയും അവിടെ ഉപേക്ഷിച്ചിട്ട് നഷ്ടപ്പെട്ട ആ ആടിനെ തേടുമ്പോൾ, മുടിയനായ പുത്രൻ തിരിച്ചുവരുമ്പോൾ, ആ വിധമുള്ള പുനഃസമാഗമങ്ങളുടെ ദൈവികമാനത്തെ ഉയർത്തിപ്പിടിച്ച യുഗപുരുഷനായിരുന്നു യേശു. ക്രിസ്തീയത ജീവന്റെ ഉറവയായി തോന്നിച്ചത്, യഹൂദമതത്തിന്റെയും പ്രാകൃതമതങ്ങളുടെയും മയമില്ലായ്മയെ അത് അതിജീവിച്ചപ്പോഴാണ്.

പക്ഷേ, പിന്നീടുണ്ടായത് അപചയം ആയിരുന്നില്ലേ? ഐശ്വര്യപൂർവ്വം സൃഷ്ടിക്കപ്പെട്ട പുതിയ മാനങ്ങളെയെല്ലാം തമസ്കരിച്ചുകൊണ്ട്, അത്ഭുതങ്ങൾക്ക് അമിത പ്രാധാന്യം കൊടുത്തുകൊണ്ട്, ക്രിസ്തീയതയെ ഉടക്കിയിടുന്ന ഒരു പ്രവണതക്ക് തുടക്കം കുറി




ക്കപ്പെട്ടു. അത്ഭുതപ്രവർത്തനങ്ങൾക്ക് എത്രകണ്ട് ഊന്നൽ കൂട്ടിക്കൊണ്ടുവന്നുവോ, അത്രകണ്ട് ക്രിസ്തീയത അതിന്റെ അടിസ്ഥാനമായ സ്വാസ്ഥ്യമാകലിൽനിന്നും തെന്നിമാറ്റപ്പെടുകയായിരുന്നു. അങ്ങനെ ക്രിസ്തുദർശനത്തെ അജ്ഞേയവും ദുർഗ്രഹവുമാക്കി മാറ്റുകയും ചെയ്തു. ഇതിന്റെ മൂർദ്ധന്യാവസ്ഥയെന്നു പറയാവുന്ന ഒരു സംഭവവികാസവും പിന്നീടുണ്ടായി-സഭാസ്ഥാപനങ്ങളുടെ അമരക്കാരായ തങ്ങൾ പഠിപ്പിക്കുന്നതെന്തോ, അത് ദൈവകല്പിതവും തെറ്റുപറ്റാത്തതുമാണെന്ന ചിന്ത അടിച്ചേൽപ്പിക്കുന്ന രീതി.

സുവിശേഷങ്ങൾ, നടപടികൾ, കത്തുകൾ-ഇവയിലേക്കെല്ലാം ഈ പ്രവണത സന്നിവേശിപ്പിക്കുകയും ചെയ്തുപോന്നു. സാമാന്യമനുഷ്യന്റെ ബുദ്ധിക്കതീതമാണ് ദൈവികതയെന്ന ചിന്താധാര വിശ്വാസികളുടെമേൽ കെട്ടിവച്ചുതുടങ്ങി. ഇതിന്റെ ആദ്യത്തെ ഉദാഹരണം നടപടിപ്പുസ്തകത്തിൽ കാണാനാവും. ജെറുസലേമിൽ ചേർന്ന ആദ്യയോഗത്തിൽ ചർച്ചക്കെടുത്ത സുപ്രധാന വിഷയം എന്തായിരുന്നെന്നോ? ആൺ ശിശുക്കളുടെ ലിംഗത്തെ ഛേദനാചാരം എന്ന പ്രക്രിയയ്ക്കു വിധേയമാക്കിയിട്ടില്ലെങ്കിൽ, വിഗ്രഹാർപ്പിതമായ പ്രസാദം കഴിച്ചിട്ടുണ്ടെങ്കിൽ, ആ വ്യക്തിക്ക് ജ്ഞാനസ്നാനം നൽകാമോ? ഇങ്ങനെയൊരു വിഷയം ചർച്ചയ്ക്കെടുത്തുവെന്ന ഒരൊറ്റ കാര്യം കൊണ്ടുതന്നെ തീർത്തുപറയാനാവും, തങ്ങളുടെ ഗുരുനാഥൻ നിർദ്ദേശിച്ചതൊന്നും തങ്ങൾക്ക് മനസ്സിലായില്ലെന്ന്. ബാഹ്യമായ എല്ലാ ആചാരങ്ങളെയും അനുഷ്ഠാനക്രിയകളെയും തള്ളിക്കളഞ്ഞ ആളാണ് യേശു. "നിങ്ങളുടെ വായിലൂടെ ഉള്ളിലേക്ക് എന്തു പ്രവേശിപ്പിക്കപ്പെടുന്നു എന്നതല്ല; മറിച്ച്, വായിൽനിന്ന് എന്തു പുറത്തേക്കു വരുന്നുവെന്നതാണ് നിങ്ങളെ മലിനമാക്കുന്നത്." ഈ സാരോപദേശത്തിൽനിന്ന് ഈ കാര്യം ഗ്രഹിക്കാമല്ലോ. ഛേദനാചാരം നിർവ്വഹിക്കാത്ത ശിശുക്കൾക്ക് മാമ്മോദീസാ നൽകാമോയെന്ന തരത്തിലുള്ള ചോദ്യം പോലും ഉദിക്കുന്നില്ലാത്തവിധം വ്യക്തത നൽകപ്പെട്ടിടത്താണ് അവർ ചർച്ചകളുമായി രംഗപ്രവേശം ചെയ്തിരിക്കുന്നത്.

തങ്ങളുടെ സദസ്സുകളിൽ ചർച്ച ചെയ്യുന്ന കാര്യങ്ങളെപ്പറ്റി വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാനായി മുൻകൂറായി അറിയിക്കുന്ന ഒരു സംഗതിയുണ്ടായിരുന്നു. അതായത് ഇവിടുത്തെ ചർച്ചകൾ ദൈവികവും ദൈവദത്തവും ആകുന്നു. എന്തുകൊണ്ടെന്നാൽ, ഇത്തരം ചർച്ചാവേദികളിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉള്ളതാകുന്നു. എന്നുവച്ചാൽ, തീരുമാനം പ്രഖ്യാപിക്കുന്നത് അവരാരുമല്ല, ദൈവം നേരിട്ടാണ്. അവർ ഉപകരണങ്ങൾ മാത്രമാകുന്നു. യേശുവിന്റെ അപ്പസ്തോലന്മാരിലൂടെ സംസാരിച്ചുപോന്നിരുന്നത് പരിശുദ്ധാത്മാവാണെന്ന് നേരത്തെതന്നെ പ്രഖ്യാപനങ്ങൾ നടന്നിരുന്നതുമാണ്. പക്ഷേ, സ്ഥാപിക്കാനായി തെളിവൊന്നും ഹാജരാക്കാനുണ്ടായിരുന്നില്ല; വിശ്വാസത്തിന്റെ അളവുകോലൊഴിച്ച്.

ഈ വിധമുള്ള അടിച്ചേൽപ്പിക്കൽപ്രവണത നൂറ്റാണ്ടുകളിലൂടെ വളർന്ന് ബലം പ്രാപിച്ച ഒന്നാണ്. ഇവർ ഉയർത്തുന്ന മുഖ്യമായ

ന്യായവാദങ്ങൾ എന്തൊക്കെയാണ്? ബൈബിൾ വിശുദ്ധഗ്രന്ഥമാണ്. കുർബാനവേളയിൽ അപ്പവും വീഞ്ഞും യേശുവിന്റെ തിരുശരീരവും തിരുരക്തവുമായി രൂപമാറ്റം നടത്തുന്നു. മാർപ്പാപ്പായ്ക്ക് അപ്രമാദിത്വം ഉണ്ട്. സഭകളാണ് പരമമായത്. വിശ്വാസം കേന്ദ്രീകരിക്കേണ്ടത് ഒരു ദർശനസംഹിതയിലാകരുത്, മറിച്ച് യേശു എന്ന വ്യക്തിയിലാണ്.

ഇതിൽ അതീവ വിചിത്രമായ ഒന്നുണ്ട്. ഓരോ സഭാസ്ഥാപനവും പറയുന്നു, തങ്ങളുടെ സഭ ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണെന്ന്. കാത്തലിക്ക്, ഗ്രീക്ക്, ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ്, ലൂഥറൻ-ഇങ്ങനെ എത്രയെത്ര! ഇതെല്ലാം കേൾക്കുന്ന വിശ്വാസികളിൽ പരിചിന്തനസ്വഭാവമുള്ളവർ ഒരു എത്തുംപിടിയും കിട്ടാ തെ കുഴയുകയാണ്. ചിന്താക്കുഴപ്പം ഉണ്ടാവാതിരിക്കാൻ അപ്രമാദിത്വസങ്കല്പങ്ങളെ കൂടുതൽ ശക്തിയോടെ അടിച്ചുകയറ്റുകയും ചെയ്യുന്നു.

സഭ എന്നത് പാവനമാണെ ന്നും ക്രിസ്തു സ്ഥാപിച്ചതാണ് സഭ എന്നും അവർ പ്രഘോഷിക്കുന്നു. ഇതിനേക്കാൾ അവാസ്തവികമായ ഒരു പ്രസ്താവന വേറെയുണ്ടോ?

സഭാധികൃതർ അവകാശപ്പെടുന്ന രീതിയിൽ ക്രിസ്തു ഏതെങ്കിലുമൊരു സഭയെ സ്ഥാപിച്ചതായി സുവിശേഷങ്ങളിൽ പരാമർശമേയില്ല. യഥാർത്ഥത്തിലുള്ള പരാമർശം എന്താണ്? സഭാപ്രസ്ഥാനങ്ങൾക്ക് എതിരേയുള്ള മുന്നറിയിപ്പാണ്. കാരണം, ബാഹ്യമായ യാതൊരു അധികാരശക്തിയെയും അധികാരസ്ഥാനത്തെയും ക്രിസ്തു അംഗീകരിച്ചിരുന്നില്ല. തന്റെ ശിഷ്യന്മാരോടായി ക്രിസ്തു ഇപ്രകാരം ആഹ്വാനം ചെയ്തിരുന്നു, "യാതൊരു മനുഷ്യനെയും നിങ്ങൾ അധികാരിയോ ഗുരുവോ ആയി കാണരുത്." ദേവാലയം എന്ന സങ്കല്പത്തിന്റെ ആന്തരാർത്ഥം എന്താണ്? യേശുവിന്റെ പാത പിന്തുടരുന്നവർ തർക്കങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഒന്നിച്ചുകൂടി ചർച്ച നടത്തി പരിഹാരം കണ്ടെത്താൻ വേണ്ടിയുള്ള പൊതുവേദി എന്നാണ് ഉദ്ദേശിച്ചത്. മാത്രവുമല്ല, ഇന്നു സഭാധികൃതർ നിർദ്ദേശിക്കുംപ്രകാരമുള്ള കൂദാശകളും അത്ഭുതരോഗശാന്തികളും ഉന്നതാധികാരികളുടെ തെറ്റാവരങ്ങളും ഒന്നും ക്രിസ്തു സ്ഥാപിച്ചതല്ല.

*(അറിയിപ്പ്: ടോൾസ്റ്റോയിയുടെ ഈ പുസ്തകം ആവശ്യമുള്ളവർ സർക്കുലേഷൻ മാനേജരുടെ വിലാസത്തിൽ പുസ്തകവിലയായ 75/- രൂപാ അയച്ചുകൊടുക്കുക; പുസ്തകം സാധാരണ തപാലിൽ അയച്ചുതരുന്നതാണ്. ഗാന്ധിജിയും ടോൾസ്റ്റോയിയുമായി നടന്ന എഴുത്തുകുത്തുകളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്-എഡിറ്റർ)*

# പ്രൊഫ. സെബാസ്റ്റ്യൻ കെ. ആന്റണിയെ തിരിച്ചെടുക്കണമെന്ന് സുപ്രീംകോടതി

**ന്യൂഡൽഹി:** വരാപ്പുഴ അതിരൂപതയ്ക്കു കീഴിലുള്ള എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലെ മലയാള വിഭാഗം തലവനായിരുന്ന പ്രൊഫ. സെബാസ്റ്റ്യൻ കെ. ആന്റണിയെ സർവീസിൽ തിരിച്ചെടുക്കണമെന്നു സുപ്രീംകോടതി ഉത്തരവിട്ടു. (കാണുക, 'സത്യജ്വാല' ഏപ്രിൽ ലക്കം, പേജ് 23-എഡിറ്റർ) തിരിച്ചെടുക്കുന്ന അതേദിവസംതന്നെ സെബാസ്റ്റ്യൻ സ്വയം വിരമിക്കണം.

ഇരുകക്ഷികളുടെയും അഭിപ്രായം തേടിയ ശേഷമാണ് സുപ്രീംകോടതി അന്തിമതീരുമാനത്തിലെത്തിയത്. സ്വയം വിരമിക്കൽ തീരുമാനം സംസ്ഥാനസർക്കാർ അംഗീകരിക്കുന്നതുവരെയുള്ള സമയം അവധിയായി കണക്കാക്കുമെന്നു ജസ്റ്റിസ് ദീപക് മിശ്ര അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

പിരിച്ചുവിടപ്പെട്ട 2009 മുതലുള്ള കാലയളവ് പെൻഷൻ കണക്കാക്കുന്നതിന് പരിഗണിക്കാം. ഒരു വർഷത്തെ ശമ്പളം നൽകണം. കള്ള ഒപ്പിട്ടു ശമ്പളം വാങ്ങിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് എ.കെ.പി.സി.ടി.എ നേതാവായ പ്രഫ. സെബാസ്റ്റ്യനെ പുറത്താക്കിയത്. സർവ്വകലാശാലയുടെ അന്വേഷണകമ്മീഷനും തർക്കപരിഹാര ട്രിബ്യൂണലും സെബാസ്റ്റ്യനു പ്രതികൂലമായിരുന്നു. എന്നാൽ, അദ്ദേഹത്തെ തിരിച്ചെടുക്കണമെന്ന് 2010-ൽ ഹൈക്കോടതി ഉത്തരവിട്ടു. ഈ വിധിക്കെതിരെ മാനേജ്മെന്റ് സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു.

(അവലംബം മംഗളം, 2014 മെയ് 13)

*-പ്രൊഫ. സെബാസ്റ്റ്യൻ കെ. ആന്റണിക്ക് 'സത്യജ്വാല'യുടെ വിജയാഭിവാദനങ്ങൾ! വിശ്വാസികൾ നൽകിയിട്ടുള്ള നേർച്ചപ്പണമെറിഞ്ഞ്, പോക്കറ്റിൽനിന്നു കാൽക്കാശുപോകാതെ, സുപ്രീംകോടതിവരെ പോയി അൽമായർക്കെതിരെ കേസുകളിക്കുന്ന സഭാധികാരത്തോട്, വർഷങ്ങളായി ശമ്പളമില്ലാതെ ജീവിക്കുന്ന പ്രൊഫ. സെബാസ്റ്റ്യൻ ആന്റണി ത്യാഗം സഹിച്ചു നിയമയുദ്ധം നടത്തിയെന്നതുതന്നെ അത്മായസമൂഹത്തിന് അഭിമാനകരമാണ്. അദ്ദേഹം നേടിയ വിജയം കേരളത്തിലെ അത്മായസമൂഹത്തിന്റെകൂടി വിജയമാണ്.*

*8 വർഷം മുമ്പ് മൂലമറ്റം മാനേജ്മെന്റ് പുറത്താക്കിയ പ്രൊഫ. ജോയി മൈക്കിളും കുറ്റക്കാരനല്ലെന്ന് യൂണിവേഴ്സിറ്റിയും കോടതിയും വർഷങ്ങൾക്കുമുമ്പു വിധിച്ചതാണ്. പക്ഷേ, വിധി നടപ്പാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയിലാണ് ഇപ്പോഴും മാനേജ്മെന്റ്. ഈ അനീതികളെല്ലാം വിശ്വാസിസമൂഹം കാണുകയും അറിയുകയും ചെയ്യുന്നുണ്ടെന്ന് മാനേജ്മെന്റും അവരെ നിയന്ത്രിക്കുന്ന ഉന്നത സഭാധികാരികളും ഓർത്താൽ കൊള്ളാം.*

# നസ്രാണികത്തോലിക്കാസഭാനിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ

**ജോസ് പി തേനേത്ത്** (വൈസ് പ്രസിഡന്റ്, കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ)

[ഫെബ്രു. 8,9 തീയതികളിൽ, സംഭാംഗങ്ങൾ പ്രാതിനിധ്യസ്വഭാവത്തോടുകൂടി നടത്തിയ 'നസ്രാണികത്തോലിക്കാ അത്മായഅസംബ്ലി 2014' രൂപംകൊടുത്ത 'നസ്രാണികത്തോലിക്കാസഭാനിയമം' സീറോ-മലബാർസഭയിൽ നടപ്പിലാക്കുന്നതിനായുള്ള ഔപചാരികനടപടിക്രമങ്ങൾ ആരംഭിച്ചതിനെക്കുറിച്ചു വിവരങ്ങൾ നൽകുന്ന സുപ്രധാനലേഖനം. സഭയെ പ്രതിനിധീകരിക്കാൻ വിശ്വാസികൾക്ക് അധികാരം സ്ഥാപിച്ചുള്ള കോടതിവിധികളുടെ അടിസ്ഥാനത്തിൽ നിയമനടപടികളും വിഭാവനം ചെയ്തിരിക്കുന്നു, ഇതിൽ. മാന്യവായനക്കാരിൽനിന്നും പ്രവർത്തകരിൽനിന്നും ഇതുസംബന്ധിച്ച് വ്യാപകമായ ചർച്ചയും ഇടപെടലുകളും ക്ഷണിക്കുന്നു-എഡിറ്റർ]

**ലോ**കരക്ഷകനായ യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നസ്രാണികത്തോലിക്കാ (സീറോ-മലബാർ) സഭയുടെ മതസമ്പത്തുകളുടെ വിനിയോഗം ബൈബിൾ അധിഷ്ഠിതമായി തികച്ചും ജനാധിപത്യരീതിയിൽ പള്ളിയോഗതീരുമാനങ്ങൾക്കു വിധേയമായിട്ടാണ് ആദിമുതലേ നിർവ്വഹിച്ചുപോന്നിട്ടുള്ളത്. സഭ ആർജ്ജിച്ചിട്ടുള്ള പള്ളികളും പള്ളിവക സ്ഥാപനങ്ങളും ഇതര സ്വത്തുക്കളും പണ്ഡിതനെന്നോ പാമരനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസംകൂടാതെ എല്ലാവർക്കുമായി ഇടവകസമൂഹത്തിന്റെ പൊതു ആവശ്യാർത്ഥമെന്നനിലയിൽ അവരുടെ കൂട്ടായ പങ്കാളിത്തത്തോടെ സ്വരൂപിച്ചിട്ടുള്ളതും, ഇടവകസമൂഹം ഒന്നടങ്കം ഒരു ഹൃദയവും ഒരാത്മാവുമെന്നനിലയിൽ പൊതുസമ്മതിയോടെ വിനിയോഗിച്ചു പോരുന്നതുമാണ്. സഭയുടെ ഈ പൊതുസ്വത്ത് മെത്രാനായാലും ഇടവക വികാരിയായാലും അത്മായരായാലും ആർക്കും സ്വന്തമെന്നവകാശപ്പെടാൻ അധികാരമില്ലാത്തതും ജീവകാരുണ്യപ്രവർത്തനങ്ങളെയും സഭയുടെ പൊതുആവശ്യങ്ങളെയും മുൻനിർത്തിയുള്ളവയുമാണ്. ഈ സ്വത്തുക്കളുടെ കൈകാര്യസ്ഥത സംബന്ധിച്ചുള്ള നിയമനിർമ്മാണ, നിർവ്വഹണാധികാരങ്ങൾ അത്മായർക്ക് (Laymen) ഉള്ളതാണ്.

ആത്മീയശുശ്രൂഷകൾക്കായി സത്യപ്രതിജ്ഞ ചെയ്തവരായ മെത്രാന്മാർ അടക്കമുള്ള വൈദികർ ജഡികതയിൽ മരിക്കുകയും ആത്മീയതക്കായി പുതുജനനം സ്വീകരിക്കുകയും ചെയ്തവരാണ്. അവർ ക്രിസ്തു വസിക്കുന്ന സ്വർഗ്ഗരാജ്യം അന്വേഷിക്കുകയും, അത് ദൈവജനത്തിനു പകർന്നുകൊടുക്കുകയും, മരണംവരെ അതിനുവേണ്ടി നിലകൊള്ളുകയും ചെയ്യേണ്ടവരാണ്; ഭൗതികകാര്യങ്ങളിൽ ജാഗരൂകരാകേണ്ടവരല്ല. അവരുടെ ആത്മാവ് യേശുവിനോടൊപ്പം പിതാവായ ദൈവത്തിൽ നിഗൂഢമായി സ്ഥിതിചെയ്യേണ്ടതാണ് (കൊളോ. 3:1-4). ഈ വസ്തുത വൈദികർക്കും മെത്രാന്മാർക്കും റോമിലെ പോപ്പിനും അറിവുള്ളതാണ്.

എന്നാൽ ഈ വസ്തുതകളെയെല്ലാം അവഗണിച്ചും ദുരുദ്ദേശപരമായും, സാധൂകരണമില്ലാത്ത ഏകാധിപത്യ പൗരസ്ത്യകാനോൻ നിയമങ്ങൾ 1992 മുതലും, അനുബന്ധ പള്ളിയോഗനടപടിക്രമങ്ങളും രൂപതാനിയമങ്ങളും 1998 മുതലും മേജർ ആർച്ച് ബിഷപ്പടക്കമുള്ള മെത്രാന്മാർ സഭയിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ നിയമങ്ങളാകട്ടെ, ക്രിസ്തീയതത്വങ്ങൾക്കും പ്രബോധനങ്ങൾക്കും ബൈബിളിലെ അപ്പസ്തോലപ്രവർത്തനങ്ങൾക്കും സഭയുടെ പൈതൃകത്തിനും പാരമ്പര്യത്തിനും സന്മാർഗ്ഗത്തിനും സമത്വത്തിനും സ്വാതന്ത്ര്യത്തിനും ദേശീയതയ്ക്കും പൗരാവകാശങ്ങൾക്കും സിവിൽ അവകാശങ്ങൾക്കും ഇന്ത്യാരാജ്യത്തിന്റെ പരമാധികാരത്തിനും ഭരണഘടനയ്ക്കും എതിരായിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ, സഭയുടെ മതസമ്പത്തുകൾ ജനാധിപത്യപരമായും ഭരണഘടനാപരമായും ബൈബിൾ അധിഷ്ഠിതമായും നിർവ്വഹിക്കുന്നതിനാവശ്യമായ ഒരു നിയമം നിർമ്മിച്ച് പ്രാബല്യത്തിലാക്കിത്തരണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്, കേരള സർക്കാർ 'ലോ റിഫോംസ് കമ്മീഷ'നെ നിയമ നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയത്. കമ്മീഷൻ വിശദവും വിപുലവുമായ തെളിവെടുപ്പുകൾക്കുശേഷം 'ദി കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ' എന്ന പേരിൽ കരട് നിയമം ഉണ്ടാക്കി, കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ 2009-ൽത്തന്നെ നിയമം പ്രാബല്യത്തിലാക്കുന്നതിനുവേണ്ടി കേരളസർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

എങ്കിലും സർക്കാർ ഇന്നോളം പ്രസ്തുത നിയമം പ്രാബല്യത്തിലാക്കിയിട്ടില്ല. മാത്രവുമല്ല, ഇക്കാലമത്രയും ഇന്ത്യൻ ഭരണഘടനയ്ക്കെതിരായിട്ടുള്ള വത്തിക്കാൻ രാഷ്ട്രത്തിന്റെ പൗരസ്ത്യ കാനോൻ നിയമങ്ങളും അനുബന്ധനിയമങ്ങളും ഇവിടെ നിരോധിക്കുകയോ തടയുകയോ ചെയ്യുകയുണ്ടായില്ല. അതിനാലാണ്, സഭയിൽ 99.99% വരുന്ന അത്മായസമൂഹത്തിന്റെയും 0.01% വരുന്ന വൈദികസമൂഹത്തിന്റെയും അഭിവൃദ്ധിക്കും സഭയുടെ പൊതുനന്മയ്ക്കും വേണ്ടി അത്മായസമൂഹം നിയമനിർമ്മാണത്തിന് തയ്യാറായത്. അതിനായി വിശ്വാസിസമൂഹത്തിൽനിന്ന് അത്മായ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും, അവർ 2014 ഫെബ്രുവരി 8, 9 തീയതികളിൽ എറണാകുളം ഹൈക്കോർട്ട് ജംഗ്ഷനിൽ പ്രത്യേകം തയ്യാറാക്കിയ അസംബ്ലി ഹാളിൽ 'നവീകൃതസഭ പുതുസഹസ്രാബ്ദത്തിൽ' എന്ന ലക്ഷ്യത്തിനായി സമ്മേളിക്കുകയും ചെയ്തു.

ഈ സമ്മേളനത്തിലേക്ക് മെത്രാൻപ്രതിനിധിയായി ഒരംഗത്തെയും, എല്ലാ രൂപതകളിൽനിന്നും ഓരോ വൈദികപ്രതിനിധിയേയും അസംബ്ലിയിൽ പങ്കെടുപ്പിച്ച് പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന് അസംബ്ലി കൺവീനർ ശ്രീ. വിൻസന്റ് മാത്യു മേജർ ആർച്ചു ബിഷപ്പിനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ മേജർ ആർച്ചുബിഷപ്പോ അദ്ദേഹത്തിന്റെ പ്രതിനിധിയോ വൈദികപ്രതിനിധികളോ പങ്കെടുക്കാതെ സഭയുടെ അത്മായഅസംബ്ലിയെ അവഗണിക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ അത്മായപ്രതിനിധികൾ അസംബ്ലി ചേർന്ന് വിശുദ്ധ ബൈബിളിനും സഭയുടെ പൈതൃകത്തിനും പാരമ്പര്യത്തിനും സന്മാർഗ്ഗത്തിനും സ്വാഭാവിക നീതിക്കും പൗരാവകാശങ്ങൾക്കും ഇന്ത്യൻ ഭരണഘടനയ്ക്കും വിരുദ്ധമായ പൗരസ്ത്യ കാനോൻനിയമങ്ങളും അനുബന്ധപള്ളിയോഗനടപടിക്രമങ്ങളും രൂപതാനിയമങ്ങളും സഭയിൽ നിരോധിക്കുകയും, ഇത്തരം കരിനിയമങ്ങൾ ജീവനുള്ള കാലത്തോളം നസ്രാണിസഭയിൽ അംഗീകരിക്കുകയില്ലെന്ന് കുരിശിൽ കൈതൊട്ട് സത്യപ്രതിജ്ഞ എടുക്കുകയും ചെയ്തു. തുടർന്ന്, **'നസ്രാണി കത്തോലിക്കാ (സീറോ-മലബാർ) സഭാനിയമം 2014'** എന്ന പേരിലുള്ള നിയമത്തിനു രൂപംകൊടുക്കുകയും ചെയ്തു. ഈ നിയമം ക്രിസ്തീയ തത്വങ്ങൾക്കും പ്രബോധനങ്ങൾക്കും ബൈബിളിലെ അപ്പസ്തോലപ്രവർത്തനങ്ങൾക്കും സന്മാർഗ്ഗത്തിനും സഭയുടെ പൈതൃകത്തിനും പാരമ്പര്യത്തിനും ദേശീയതയ്ക്കും പൗരാവകാശങ്ങൾക്കും സമത്വത്തിനും സ്വാതന്ത്ര്യത്തിനും സ്വാഭാവികനീതിക്കും ഇന്ത്യാരാജ്യത്തിന്റെ പരമാധികാരത്തിനും ഭരണഘടനയ്ക്കും വിധേയമായിട്ടുള്ളതും, അത്മായ സമൂഹത്തിന്റെയും ആത്മീയശുശ്രൂഷകരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതുമാണ്.

ഇടവക സഭാട്രസ്റ്റ്, രൂപതാ സഭാട്രസ്റ്റ്, ആഗോളതല സഭാട്രസ്റ്റ് എന്നീ ത്രിതല ട്രസ്റ്റുകളായിട്ടാണ് പ്രസ്തുത നിയമത്തിന് അസംബ്ലി രൂപംകൊടുത്തിട്ടുള്ളത്. ഇടവക സഭാട്രസ്റ്റ് പൊതുയോഗംവഴി തിരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് ത്രിതല ട്രസ്റ്റുകളുടെയും ചുമതല നിർവ്വഹിക്കേണ്ടത്. ഇടവക സഭാട്രസ്റ്റ് പൊതുയോഗത്തിൽ പതിനെട്ട് വയസ്സ് പൂർത്തിയായ സഭാംഗങ്ങൾക്കെല്ലാം വോട്ടവകാശം ഉറപ്പാക്കിയിട്ടുണ്ട്. ത്രിതല ട്രസ്റ്റുകളിലും ഭാരവാഹിത്വം വഹിക്കുന്നതിന് മുപ്പത്തിരണ്ട് വയസ്സ് പൂർത്തിയായിരിക്കണമെന്ന് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നു. ത്രിതല ട്രസ്റ്റുകളിലും അതാത് പൊതുയോഗം അംഗീകരിച്ച ബഡ്ജറ്റിലൂടെ മാത്രമേ ധനവിനിയോഗം നടത്താവൂ എന്നും നിഷ്കർച്ചിട്ടുണ്ട്. ത്രിതല ട്രസ്റ്റുകളുടെ ധനവിനിയോഗത്തിന്റെ സുതാര്യത ഉറപ്പുവരുത്തുവാൻ ട്രസ്റ്റുകൾക്കെല്ലാം പ്രത്യേകം പ്രത്യേകം മൂന്ന് ഇന്റേണൽ ഓഡിറ്റേഴ്സിനെയും നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ത്രിതലങ്ങളിലുള്ള എല്ലാ ട്രസ്റ്റുകളുടെയും പൊതുയോഗങ്ങളും കമ്മറ്റി യോഗങ്ങളും വിളിച്ചുചേർക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിമാരെയും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേജർ ആർച്ചു ബിഷപ്പിനും അതിരൂപതാമെത്രാന്മാർക്കും രൂപതാമെത്രാന്മാർക്കും സഹായമെത്രാന്മാർക്കും അവരവരുടെ ആത്മീയസേവനത്തിന് അർഹമായ സേവന പ്രതിഫലം നിശ്ചയിക്കാതിരുന്നതുമൂലം സഭയിൽ ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾക്ക് അറുതി വരുത്തിക്കൊണ്ട് അവരുടെ സ്ഥാനമാനങ്ങൾക്ക് അർഹമായ പ്രതിമാസ സേവനപ്രതിഫലവും ആനുകൂല്യങ്ങളും നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. വൈദികർക്ക് ഇന്നു നൽകിവരുന്ന സേവനപ്രതിഫലം അപര്യാപ്തമായതിനാൽ അവർക്കും അർഹമായ സേവനപ്രതിഫലവും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. മേജർ ആർച്ചു ബിഷപ്പ് മുതൽ വൈദികർവരെയുള്ള എല്ലാ ആത്മീയശുശ്രൂഷകരുടെയും ആയുഷ്ക്കാല സംരക്ഷണ ചുമതലയും സഭാട്രസ്റ്റുകൾ ഏറ്റെടുത്തുകൊണ്ട് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഭയിൽ ഉടലെടുക്കുന്ന തർക്കവിഷയങ്ങൾ സഭയിൽത്തന്നെ പരിഹരിക്കുന്നതിന് ആർബിട്രേറ്റർ സംവിധാനവും ഈ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. എല്ലാ തരത്തിലും ആത്മീയമൂല്യങ്ങളും സാമൂഹികനീതിയും സമത്വവും സ്വാതന്ത്ര്യവും പൗരാവകാശങ്ങളുംമറ്റും സംരക്ഷിച്ചുകൊണ്ടുള്ള ഒരു സന്മാർഗ്ഗ നിയമത്തിനാണ് നസ്രാണികത്തോലിക്കാ (സീറോ-മലബാർ) അത്മായഅസംബ്ലി രൂപം കൊടുത്ത്, 2014 ജൂലൈ 3-ാം തീയതി മുതൽ സഭയിൽ പ്രാവർത്തികമാക്കാൻ അംഗീകാരം നൽകിയിട്ടുള്ളത്.

അസംബ്ലിയുടെ നിർദ്ദേശപ്രകാരം 'നസ്രാണി കത്തോലിക്കാ (സീറോ-മലബാർ) സഭാനിയമം 2014', സഭയിലെ രൂപതകളിലുള്ള എല്ലാ പള്ളികളിലും 2014 മെയ് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച കുർബാന മദ്ധ്യേയുള്ള അറിയിപ്പുവേളയിൽ

വായിക്കുന്നതിനും പള്ളികളുടെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിനും 03-07-2014-ാം തീയതി മുതൽ സഭയിൽ പ്രാബല്യത്തിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളോടുകൂടി അസംബ്ളി ജനറൽ കവീനർ ശ്രീ. എം. എൽ. ജോർജ്ജും, കൺവീനർ ശ്രീ. വിൻസന്റ് മാത്യുവും ചേർന്ന് 12-04-2014 ഏപ്രിൽ 12-ാം തീയതി മേജർ ആർച്ചുബിഷപ്പ് ജോർജ്ജ് ആലഞ്ചേരിക്ക് അയച്ചു കൊടുത്തിട്ടുള്ളതാണ്.

എന്നാൽ അസംബ്ലി നിർദ്ദേശപ്രകാരം 2014 മെയ് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച നിയമം പള്ളികളിൽ വായിക്കുകയോ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുകയോചെയ്യാതെ അസംബ്ലി നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് പൗരസ്ത്യ കാനോൻ നിയമങ്ങളും അനുബന്ധ പള്ളിയോഗനടപടിക്രമങ്ങളും രൂപതാനിയമങ്ങളും ഏതു വിധേനയും സഭയിൽ നിലനിർത്തുക എന്ന ഗൂഢലക്ഷ്യത്തോടെ മേജർ ആർച്ചു ബിഷപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ പൗരസ്ത്യ കാനോൻ നിയമങ്ങളും പള്ളിയോഗനടപടിക്രമങ്ങളും രൂപതാനിയമങ്ങളും ഇവിടെ ഉടനെതന്നെ നിരോധിച്ച് വത്തിക്കാന്റെ കടന്നുകയറ്റവും കൊളോണിയൽവാഴ്ചയും ഏകാധിപത്യനടപടികളും തടഞ്ഞ് '**നസ്രാണി കത്തോലിക്കാ (സീറോ-മലബാർ) സഭാ നിയമം 2014**', 01-06-2014-ന് ഞായറാഴ്ച കുർബാന മദ്ധ്യേയുള്ള അറിയിപ്പുവേളയിൽ മുഴുവൻ പള്ളികളിലും വായിക്കുന്നതിനും നോട്ടീസ് ബോർഡിൽ പരസ്യം ചെയ്യുന്നതിനും 2014 ജൂലൈ 3-ാം തീയതി മുതൽ സഭയിൽ പ്രാബല്യത്തിലാക്കുന്നതിനും നടപടികൾ സ്വീകരിക്കണമൊവശ്യപ്പെട്ടുകൊണ്ട് കേരളസംസ്ഥാന ചീഫ് സെക്രട്ടറിക്കും നിയമവകുപ്പ് സെക്രട്ടറിക്കും ആഭ്യന്തരവകുപ്പ് സെക്രട്ടറിക്കും, അത്മായഅസംബ്ലിക്കുവേണ്ടി ജനറൽ കവീനർ ശ്രീ. എം. എൽ. ജോർജ്ജും കൺവീനർ ശ്രീ. വിൻസന്റ് മാത്യുവും ചേർന്ന് 21-05-2014 ന് ഹർജി ബോധിപ്പിച്ചിരിക്കുകയാണ്.

മെത്രാന്മാരുടെയും അവരുടെ ആജ്ഞാനുവർത്തികളായ ഭരണാധികാരികളുടെയും സ്വാധീനസമ്മർദ്ദങ്ങളാൽ ഈ ഹർജി അവഗണിക്കപ്പെടാൻ ഇടയുണ്ട്. അതിനാൽ നിയമനടപടികളിലൂടെ നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. അതിന് എല്ലാവരുടെയും അകമഴിഞ്ഞ സഹകരണവും സാമ്പത്തികസഹായവും അനിവാര്യമാണ്.

**ഫോൺ: 9497866439**

# പുരോഹിതരുടെ ബ്രഹ്മചര്യം മാറ്റമില്ലാത്ത തത്ത്വമല്ലെന്ന് മാർപാപ്പാ



**റോം:** റോമൻ കത്തോലിക്കാ പുരോഹിതർ ബ്രഹ്മചാരികളായിരിക്കണമെന്നാണ് തന്റെയും അഭിപ്രായമെങ്കിലും, നിയമം ഒരിക്കലും മാറ്റാൻ പറ്റാത്ത തത്ത്വമല്ലെന്ന് ഫ്രാൻസീസ് മാർപാപ്പ. പശ്ചിമേഷ്യാ സന്ദർശനം കഴിഞ്ഞ് മടങ്ങവെയാണ് പാപ്പാ വിവാദവിഷയത്തിൽ അഭിപ്രായപ്രകടനം നടത്തിയത്. ബ്യൂണസ് ഐറിസ് ആർച്ചു ബിഷപ്പായിരുന്നപ്പോഴും ഫ്രാൻസിസ് മാർപാപ്പാ ഈ നിലപാട് വ്യക്തമാക്കിയിരുന്നു. മറ്റ് ക്രിസ്ത്യൻ സഭകളിലുള്ളതുപോലെ കത്തോലിക്കാ സഭയിലെ പുരോഹിതർക്ക് വിവാഹം അനുവദിക്കുമോ എന്ന ചോദ്യത്തിന് മറുപടി പറയുകയായിരുന്നു പാപ്പാ. 'ബ്രഹ്മചര്യം ജീവിതത്തിലെ നിയമമാണ്. സഭയ്ക്കുള്ള സമ്മാനമാണത്. അതുകൊണ്ട് ബ്രഹ്മചര്യത്തെ അഭിനന്ദിക്കാതിരിക്കാനാവില്ല. എന്നാൽ, അതൊരു മാറ്റമില്ലാത്ത തത്ത്വമല്ല. മാറ്റത്തിനായി സഭയുടെ വാതിലുകൾ തുറന്നിട്ടിരിക്കുകയാണ്', പാപ്പാ പറഞ്ഞു. പുരോഹിതരുടെ ലൈംഗിക പീഡനത്തിനിരയായവരെ ജൂൺ ആദ്യവാരം കാണുമെന്നും മാർപാപ്പാ വെളിപ്പെടുത്തി. കുട്ടികളെ പീഡിപ്പിക്കുന്നവരെ ഒരുതരത്തിലും സഭ വെച്ചുപൊറുപ്പിക്കില്ല. മൂന്ന് ബിഷപ്പുമാർക്കെതിരെ അന്വേഷണം നടക്കുന്നുണ്ടെന്നും പാപ്പ പറഞ്ഞു.

(കടപ്പാട്: 2014 മെയ് 28-ലെ മാതൃഭൂമി)

# 'കത്തോലിക്കാപുരോഹിതരെ വിവാഹംകഴിക്കാൻ അനുവദിക്കണം'–മാർപ്പാപ്പായ്ക്ക് കാമുകിമാരുടെ കത്ത്!

*[മംഗളം ഓൺലൈൻ പത്രത്തിൽ മെയ് 20-നു വന്ന വാർത്ത-എഡിറ്റർ]*

**വത്തിക്കാൻസിറ്റി:** തങ്ങളുടെ കാമുകൻമാരായ പുരോഹിതരെ വിവാഹം കഴിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വത്തിക്കാനിലെ പുരോഹിതൻമാരുടെ കാമുകിമാർ ഫ്രാൻസീസ് മാർപ്പാപ്പായ്ക്കു കത്തെഴുതി. 26 ഇറ്റാലിയൻ യുവതികൾ ഫോൺ നമ്പർ സഹിതം ഒപ്പിട്ട കത്താണ് കഴിഞ്ഞ ദിവസം മാർപ്പാപ്പായ്ക്കു ലഭിച്ചത്. ആദ്യമായാണ് പുരോഹിതൻമാരുടെ 'കാമുകിമാർ' സംഘടിച്ച് രംഗത്തെത്തുന്നത്.

തങ്ങൾ കത്തോലിക്കാസഭയിലെ പുരോഹിതൻമാരുമായി പ്രണയത്തിലാണെന്നും, ഇവരെ വിവാഹം കഴിക്കാനുള്ള സാഹചര്യം ഒരുക്കണമെന്ന അപേക്ഷയുമാണ് കത്തിലുള്ളത്. ഇതിനായി സഭയുടെ വിവാഹവിലക്ക് പുനരവലോകനത്തിനു വിധേയമാക്കണമെന്നും കാമുകിമാരുടെ കത്തിൽ ആവശ്യമുണ്ട്. രഹസ്യമായി ബന്ധം തുടരണോ, പൗരോഹിത്യം ഉപേക്ഷിച്ച് വിവാഹം കഴിക്കണോ എന്ന ധർമ്മസങ്കടത്തിലാണ് തങ്ങളുടെ പ്രിയതമരെന്നും കത്തിൽ പറയുന്നു.

'ഞങ്ങൾ അവരെ സ്നേഹിക്കുന്നു, അവർ ഞങ്ങളെയും. പലപ്പോഴും സുന്ദരമായ ബന്ധങ്ങളെ പരിത്യജിക്കാനുള്ള ശ്രമങ്ങൾ ഫലവത്താകില്ല. രണ്ടു വ്യക്തികൾ തമ്മിൽ മനസ്സുകൊണ്ട് അടുക്കുമ്പോഴും പൂർണ്ണമായി സ്നേഹിക്കാനാവാത്ത അവസ്ഥ വേദനാജനകമാണ്'–തങ്ങളുടെ സ്നേഹിതർക്കൊപ്പം ജീവിക്കാനാവാത്തതിലെ വേദന യുവതികൾ മാർപ്പാപ്പായുമായി പങ്കുവെക്കുന്നു. വത്തിക്കാനിൽനിന്നുള്ള വെബ്സൈറ്റായ 'വത്തിക്കാൻ ഇൻസൈഡർ' വഴിയാണ് കത്തിലെ വിശദാംശങ്ങൾ പുറത്തുവന്നിരിക്കുന്നത്.

പുരോഹിതരുടെ ബ്രഹ്മചര്യത്തെ 2010-ൽ പുറത്തിറക്കിയ പുസ്തകത്തിൽ ഫ്രാൻസീസ് മാർപ്പാപ്പാ പിന്തുണച്ചിരുന്നു. കഴിഞ്ഞ പത്തു നൂറ്റാണ്ടിനിടയിൽ പുരോഹിതരുടെ ബ്രഹ്മചര്യം കുഴപ്പങ്ങളേക്കാളേറെ നൻമയാണുണ്ടാക്കിയത് എന്നതിനാലാണ് താൻ ബ്രഹ്മചര്യത്തെ പിന്തുണക്കുന്നതെന്ന് ഫ്രാൻസീസ് മാർപ്പാപ്പാ തന്റെ "ഓൺ ഹെവൻ ആൻഡ് എർത്ത്' എന്ന പുസ്തകത്തിൽ പറയുന്നു. എന്നാൽ, ബ്രഹ്മചര്യം അച്ചടക്കത്തിന്റെ ഭാഗമാണെന്നും വിശ്വാസത്തിന്റെ പ്രശ്നമല്ലെന്നും, കാലക്രമത്തിൽ പുരോഹിതരുടെ വിവാഹവിലക്ക്




മാറിയേക്കാമെന്നും അദ്ദേഹം പുസ്തകത്തിൽ വ്യക്തമാക്കുന്നുണ്ട്.

ആയിരം വർഷത്തിലേറെയായി നിലനിൽക്കുന്നതാണ് കത്തോലിക്കാ പുരോഹിതരുടെ ബ്രഹ്മചര്യം. വിവിധ രാജ്യങ്ങളിലായി ആയിരക്കണക്കിനു പുരോഹിതർ വിവാഹത്തിനായി പൗരോഹിത്യം ഉപേക്ഷിച്ചിട്ടുണ്ട്. ഇറ്റലിയിൽമാത്രം ആറായിരത്തിലേറെ പുരോഹിതർ ഇത്തരത്തിൽ പൗരോഹിത്യം ഉപേക്ഷിച്ചതായി പ്രമുഖ ക്രിസ്ത്യൻ വെബ്സൈറ്റായ 'ക്രിസ്ത്യൻ റ്റുഡെയ്' റിപ്പോർട്ടു ചെയ്യുന്നു. പുരോഹിതരുടെ കാമുകിമാരുടെ കത്തിന്റെ വെളിച്ചത്തിൽ പുരോഹിതരുടെ ബ്രഹ്മചര്യം സംബന്ധിച്ച ചർച്ചകൾ വീണ്ടും സജീവമാവുകയാണ്.

*-വിവാഹം കഴിക്കാൻ തങ്ങളെ അനുവദിക്കണമെന്ന് തല ഉയർത്തിനിന്ന് ആവശ്യപ്പെടാൻ കത്തോലിക്കാ പുരോഹിതർക്ക് നാവു പൊങ്ങുന്നില്ല. അതുകൊണ്ടാകണം, പെണ്ണുങ്ങളെക്കൊണ്ടുള്ള ഈ വക്കാലത്ത്. ബോധ്യങ്ങൾ ഉണ്ടെങ്കിലും ഊരുപേടിമൂലം സഭയിൽ വരേണ്ട മാറ്റങ്ങളേപ്പറ്റി പറയാൻ ഇവർക്ക് കഴിയുന്നില്ലെന്നതോ പോകട്ടെ, സ്വന്തം കാര്യമെങ്കിലും പറയാൻ കഴിയേണ്ടതല്ലേ? അതും, ഇത്രയും ലിബറലായ, 'പുരോഹിതബ്രഹ്മചര്യം മാറ്റമില്ലാത്ത തത്വമല്ല' എന്നു തുറന്നടിക്കുന്ന, ഒരു മാർപ്പാപ്പായോട്. എല്ലാം സഹിച്ച് ഉള്ളിലൊതുക്കി കഴിയേണ്ട പാഴ്ജന്മങ്ങളോ പുരോഹിതർ?*

# ‘സത്യജ്വാല’ 2014 മെയ് ലക്കം –ഒരു ആസ്വാദനം



**ജോസഫ് പടന്നമാക്കൽ**

*[ന്യൂയോർക്ക് പബ്ലിക് ലൈബ്രറിയിൽ അനേകവർഷം ഉന്നതപദവിയിൽ ഉദ്യോഗം വഹിച്ച പ്രവാസിമലയാളിയും അമേരിക്കയിലെ പ്രമുഖ മലയാളി എഴുത്തുകാരനുമായ ലേഖകൻ ‘അത്മായശബ്ദം’ ബ്ലോഗിൽ പ്രസിദ്ധീകരിച്ച വിലയിരുത്തലാണു താഴെ–എഡിറ്റർ]*


**മെ**ത്രാന്മാർക്കും അച്ചന്മാർക്കും സ്തുതി പാടിക്കൊണ്ടുള്ള മാസികകൾ എവിടെയും കിട്ടും. പക്ഷേ, ‘സത്യജ്വാല’ പോലുള്ള, വിഭിന്ന ആശയങ്ങളുൾപ്പെടുന്ന ലേഖനങ്ങളടങ്ങിയ, ഒരു മാസിക ലോകത്ത് ഒരു ഗ്രന്ഥപ്പുരയിലും കണ്ടെത്തുകയില്ല. അതു വായിക്കണമെങ്കിൽ ‘അല്മായശബ്ദം’ കാറ്റലോഗ് റഫർ ചെയ്യണം. പുരോഹിതർ പഠിപ്പിച്ച അബദ്ധസിദ്ധാന്തങ്ങൾ മനസിലാകണമെങ്കിൽ ‘സത്യജ്വാല’യുടെ വായനക്കാരനാകണം.

ശ്രീ ജോർജ് മൂലേച്ചാലിലിന്റെ ‘ശ്രീ പത്മനാഭസ്വാമീക്ഷേത്രഭരണവും രൂപതാഭരണവും’ എന്ന വിജ്ഞാനപ്രദമായ മുഖപ്രസംഗം മെയ് ലക്കം സത്യജ്വാലയെ സുന്ദരിയാക്കിയിരിക്കുന്നു. ക്ഷേത്രവും പള്ളിയും കൂടിയുള്ള കവർപേജ് ‘സത്യജ്വാല’യിലെ കലാകാരന്റെ ഭാവനയിൽ ഡിസൈൻ ചെയ്തതും ആകർഷകമായി. നവീകരണാ ചാര്യൻ ശ്രീ പുലിക്കുന്നേൽ എഴുതിയ ‘മെത്രാന്മാർ കയ്യഫാസിന്റെ പിൻഗാമികൾ’ എന്ന ലേഖനവും ഗംഭീരമായിട്ടുണ്ട്.

കൊക്കന്റെയും പിച്ചളക്കാടന്റെയും കഥകൾ, അഭ്രപാളികളിൽ സിനിമാ കാണുന്നപോലെയുണ്ട്. ആനയുടെയും പുരോഹിതന്റെയും അടുത്തു പോവരുതെന്നു സാമുവൽ കൂടൽ ഉപദേശിക്കുന്നു. (അതെന്താ? ആന ഉപയോഗമുള്ള മൃഗമല്ലേ? പുരോഹിതനെ ആനയുമായി ഉപമിച്ചതു ശരിയായില്ല.) കൂടാതെ, മാർപ്പാപ്പാ, ഇടുക്കി മെത്രാൻ, സഭാനവീകരണം . . . എന്നിങ്ങനെ ഒരു പെരുമഴയ്ക്കും അണയ്ക്കാൻ സാധിക്കാത്ത ഒന്നാണ് ഈ ജ്വാല എന്നു വിളിച്ചോതുന്ന ഒരു ലക്കമായിരുന്നു, ‘സത്യജ്വാല’ മെയ് ലക്കം എന്നു പറയാൻ സന്തോഷമുണ്ട്. ●

# സീറോ – മലബാർസഭയിൽ ഇനി കല്യാണംവരെ വേദപാഠം പഠിക്കാം!

**ജിജോ സിറിയക്**



**സീ**റോ–മലബാർ സഭയിൽ ഇനിമുതൽ, കല്യാണംവരെ വേദപാഠം പഠിക്കാം. ആദ്യപടിയായി, എറണാകുളം –അങ്കമാലി അതിരൂപതയിൽ ‘ല്യൂമൻ ക്രിസ്റ്റി’ എന്ന പേരിൽ ഈ അദ്ധ്യയന വർഷംമുതൽ യുവജനങ്ങൾക്കായി പ്രത്യേക മതപഠന പദ്ധതി നടപ്പാക്കും. നിലവിൽ എൽ.കെ.ജി. മുതൽ പ്ലസ്ടു വരെയാണ് മതപഠനം. ചില രൂപതകളിൽ അടുത്തകാലത്തായി ഡിഗ്രിവരെ മതപഠനം തുടങ്ങിയിട്ടുണ്ട്. പുതിയ പദ്ധതിപ്രകാരം വിവാഹിതരാകുംവരെ വേദപാഠം പഠിക്കാം. ഇതിന് സർട്ടിഫിക്കറ്റുകളും നല്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിയുന്ന അതിരൂപതാ അംഗങ്ങൾക്ക് ഓൺലൈനായും പഠനത്തിൽ പങ്കാളികളാകാം. താമസിയാതെ മറ്റു രൂപതകളിലേക്കും പദ്ധതി വ്യാപിപ്പിക്കുമെന്നാണ് അറിയുന്നത്.

യുവജനങ്ങൾ സഭയിൽ നിന്നകന്നുപോകുന്നു എന്നത് സിനഡിൽ ചർച്ചയായിരുന്നു. സ്വദേശം വിടുന്ന പ്രൊഫഷണലുകൾ അന്യമതസ്ഥരെ വിവാഹം കഴിക്കുന്നതടക്കമുള്ള കാര്യങ്ങളും ചർച്ചയായി. സഭയിലൂടെ വളർന്നുവന്നവർപോലും പെന്തക്കോസ്ത് പോലുള്ള കൂട്ടായ്മകളിലേക്ക് എത്തിപ്പെടുന്നുണ്ട്. സമുദായാംഗങ്ങളിൽ ചിലരെങ്കിലും മദ്യവും മയക്കുമരുന്നുമടക്കമുള്ളവയുടെ പിടിയിലേക്കും പോകുന്നതായി വിലയിരുത്തപ്പെട്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ് മതപഠനത്തിന് തുടർച്ച നൽകുവാൻ സഭ തീരുമാനിച്ചത്.

മതപഠനത്തിലുപരി ആത്മീയകാര്യങ്ങളിലും സാമൂഹികപ്രശ്നങ്ങളിലും ഒരു പൊതുകാഴ്ചപ്പാട് പകരുകയാണ് 'ല്യൂമൻ ക്രിസ്റ്റി' ലക്ഷ്യമാക്കുന്നത്. ഞായറാഴ്ചകളിൽ ഇടവക കേന്ദ്രീകരിച്ച് നടക്കുന്ന ക്ലാസുകൾ കൂടാതെ ബുധനാഴ്ചകളിൽ മതബോധനകേന്ദ്രം വെബ്സൈറ്റിലൂടെ കാലിക വിഷയങ്ങളുടെ ചർച്ചയും നടത്തും. വിദേശത്തുള്ളവർക്ക് www.catechismernakulam.com വഴി ഇതിൽ രജിസ്റ്റർ ചെയ്യാം. വിദഗ്ധരുടെ ലേഖനങ്ങൾ ഫോറത്തിൽ പോസ്റ്റ് ചെയ്ത് അതിനെ മുൻനിർ

ത്തിയാകും ചർച്ച. തത്കാലം യുവജനമതപഠനം നിർബന്ധിതമല്ല എന്നാണ് സഭാകേന്ദ്രങ്ങൾ പറയുന്നത്. എന്നാൽ, സഭാസ്ഥാപനങ്ങളിൽ ജോലിക്കുംമറ്റും പരിഗണിക്കുമ്പോൾ ഇത്തരം സർട്ടിഫിക്കറ്റ് ഉള്ളവർക്ക് വെയിറ്റേജ് നൽകുന്നത് പരിഗണനയിലുണ്ട്. (കടപ്പാട്: മാതൃഭൂമി ഓൺലൈൻ പത്രം, 2014 മെയ് 29).

*-ഇന്നത്തെ പുരോഹിതനിർമ്മിതവേദപാഠം പഠിക്കുന്തോറും മനസ്സിന്റെ വിശാലതയും നൈർമല്യവും സ്വതന്ത്രബുദ്ധിയും സർഗ്ഗാത്മകതയും ഭാവനാശേഷിയുമെല്ലാം മരവിക്കുകയും മുരടിക്കുകയുമാണു ചെയ്യുന്നത് എന്നതിന്, പത്തും പന്ത്രണ്ടും വർഷം സെമിനാരികളിൽ വേദപാഠം പഠിച്ചിറങ്ങുന്ന പുരോഹിതർതന്നെ ഉദാഹരണം. കേരളത്തിൽത്തന്നെ, സർഗ്ഗാത്മക സാഹിത്യത്തിലും കലകളിലും, ക്രൈസ്തവരെയും മുസ്ലീങ്ങളെയുംകാൾ മികവു കാട്ടുന്നത് മതപഠനം അടിച്ചേല്പിക്കപ്പെടാതെ താരതമ്യേന സ്വതന്ത്രരായി വളരുന്ന ഹൈന്ദവവിഭാഗത്തിൽപ്പെട്ടവരാണെന്ന് ചെറിയൊരു താരതമ്യം നടത്തിയാൽ ആർക്കും കാണാൻ കഴിയും. ക്രൈസ്തവരിൽത്തന്നെ, പഠിച്ച വേദപാഠം മുഴുവൻ തലയിൽനിന്നും ഒഴിച്ചുകളഞ്ഞവർമാത്രമേ മികച്ച സാഹിത്യകാരന്മാരായി അറിയപ്പെട്ടിട്ടുള്ളൂ എന്നതും ഒരു വസ്തുതയാണല്ലോ.*

*മനുഷ്യമനസ്സിനെ ഊഷരമാക്കാൻ മാത്രമുതകുന്ന ഇന്നത്തെ വേദപാഠപഠനമാണ് കത്തോലിക്കരെ ഇത്രമാത്രം പുരോഹിതാടിമകളാക്കിയിരിക്കുന്നത്. അത് അറുതിയില്ലാത്ത വിധം, മുഴുവൻ ജീവിതത്തിലേക്കും വ്യാപിപ്പിക്കാനുദ്ദേശിച്ച് സഭാസമൂഹത്തോടാലോചിക്കാതെ എടുത്ത പുരോഹിതതീരുമാനം അംഗീകരിക്കാൻ ഒരു ബാധ്യതയും ഒരു കത്തോലിക്കനുമില്ല.*

# ക്രിസ്തുവിനെ കല്ലറയിൽ കിടത്തിയവർ, മെത്രാനെ ശവക്കുഴിയിൽ ഇരുത്തിമൂടുന്നു!



**സാമുവൽ കൂടൽ**

'വചനം മാംസമായവന്റ ജഡത്തെ 'ശീലയിൽ പൊതിഞ്ഞു കല്ലറയിൽ വച്ചു' (കിടത്തി) എന്നാണ് സുവിശേഷകരെല്ലാം എഴുതിയിരിക്കുന്നത്. പക്ഷേ, അവന്റെ ജനം ഇന്നു വെറും മെത്രാനെ ശവക്കുഴിയിൽ ഇരുത്തിമൂടുന്നു! എന്തൊരു വിരോധാഭാസം!



മരിച്ചവരുടെ ശരീരം ചേതനയറ്റതാകയാൽ കിടത്തുകയാണ് ഭൂമിയോട് കാണിക്കുന്ന ഏറ്റവും ചെറിയ ആദരവ്! പക്ഷേ, ഭൂമിയുടെ ഗുരുത്വാകർഷണശക്തിയോടു മല്ലിട്ടാണെങ്കിലും, മെത്രാന്റെ ജഡത്തെ, സിംഹാസനത്തിൽ എല്ലാ അധികാരചിഹ്നങ്ങളോടും പ്രൗഢിയോടും കൂടി ശവക്കുഴിയിൽ ഇരുത്തിമൂടണം പോലും! മരിച്ചാലും സിംഹാസനവും കിരീടവും ചെങ്കോലും വെടിയാൻ മനസില്ല എന്ന പ്രഖ്യാപനമല്ലേ ഇത്? അതെങ്ങനെ ആത്മീയതയാകും? ഇവരുടെ കൂട്ടത്തിൽ ആത്മീയനായി ഒരാളെങ്കിലുമുണ്ടായിരുന്നെങ്കിൽ, എത്രയോ മുമ്പേ, പ്രാകൃതമായ ഈ അനാചാരം നിലച്ചു പോയേനെ!

മനുഷ്യാ, നീ മണ്ണാകുന്നു. മെത്രാനും മണ്ണാകുന്നു. മണ്ണിലേക്ക് മടങ്ങാൻ വിസമ്മതിച്ച് കുന്തിരിക്കത്തിൽ പൊതിഞ്ഞ് കസേരയിലിരുത്തി മൂടിയിട്ടെന്തുകാര്യം? ഈജിപ്റ്റിൽ ഗാസായിലെ മൂന്നു പിരമിഡുകളും, അവയിൽ കാത്തുസൂക്ഷിച്ചിരുന്ന പല 'മമ്മി'കളും, കെയ്റോയിലെ മ്യൂസിയത്തിൽ ഞാൻ കണ്ടിട്ടുണ്ട്. സകല മമ്മികളും കിടക്കുകയാണ്. വടിയാകുന്ന മെത്രാന്റെ ജഡത്തെ കസേരയിൽ ഇരുത്താൻ അസ്ഥികൾ ഒടിയുമാറ് കസർത്തു കാണിക്കുന്നത് കുറഞ്ഞപക്ഷം ക്രൂരതയെങ്കിലുമല്ലേ? ചേതനയറ്റ ജഡത്തെ കസേരയിൽ ഒടിച്ചിരുത്തി വരിഞ്ഞുകെട്ടി.... ഹോ! കണ്ണേ മടങ്ങുക ....കർമ്മഫലം!

കർത്താവിനു മുൾക്കിരീടവും, വെറും മെത്രാന് അധികാരകിരീടവും! കർത്താവിന് കുരിശ്, മെത്രാന് മരിച്ചാലും സിംഹാസനം! മെത്രാനെ കർത്താവിനെക്കാൾ ശ്രേഷ്ഠനാക്കി അവതരിപ്പിക്കുന്ന ഈ അനാചാരം യേശുനിന്ദയാണ്, സംശയമില്ല.

ഫോൺ: 9447333494



# ഇംഗ്ലണ്ടിലും സീറോ ....!

**ജോസഫ് മറ്റപ്പള്ളി**

**ല**ത്തീൻസഭക്കെതിരെ വിഷംചീറ്റിക്കൊണ്ട് തട്ടിൽ മെത്രാൻ നടത്തിയ വടക്കേ ഇന്ത്യൻ പര്യടനത്തിനുശേഷം അദ്ദേഹം ഇതാ ലണ്ടനിലേക്ക്. അദ്ദേഹം അവിടെ എത്തുന്നതിനുമുമ്പേതന്നെ, അവിടുത്തെ 'ആമ്മേൻ കമ്മിറ്റി', ഒരു വീടിനു 50 പൗണ്ട് വീതം പിഴയും വിധിച്ചു!

വിശ്വാസികൾ അവിടെ കേൾക്കാൻ സാദ്ധ്യതയുള്ളത്:

'ലത്തീൻകാർ നമ്മളെ ഒത്തിരി ദ്രോഹിച്ചു, അവരെ വിശ്വസിക്കരുത്. ഞെട്ടറ്റാൽ പൂ വാടിപ്പോകും. അതുകൊണ്ട്, കേരളത്തിൽ ജനിച്ചവരെല്ലാം സീറോ-മലബാർ മെത്രാന്മാർ നിഷ്കർഷിക്കുന്ന വളമേ ഉപയോഗിക്കാവൂ' (അഹമ്മദാബാദിൽ തട്ടിൽ മെത്രാൻ പറഞ്ഞതിന്റെ സാരം).

വികാരി കൊക്കൻ കുർബാന സ്വീകരണത്തിന് ഒരുങ്ങിക്കൊണ്ടിരുന്ന സാധു പെൺകുട്ടിയെ അപമാനിച്ചില്ലേ, വികാരി ജന റാൾ മദ്യപിച്ചു വാഹനാപകടം ഉണ്ടാക്കിയില്ലേ, പാലയ്ക്കൽ പള്ളിയിലുള്ള അൾത്താരബാലന്മാരെല്ലാം സുഖമായിരിക്കുന്നോ, തലോറിൽ പള്ളിയില്ലാതെ ഇടവക ഉണ്ടെന്നു കേൾക്കുന്നല്ലോ .... തുടങ്ങിയ ഒരു ചോദ്യത്തിനും മറുപടി ഉണ്ടാവാൻ ഇടയില്ല.

ഉള്ളിൽ പടയുമായി ഒരു പ്രസ്ഥാനത്തിനും നിലനിൽപ്പില്ല. കപ്പൽ ചെറുതാണെങ്കിലും വലുതാണെങ്കിലും അടിയിൽ ദ്വാരമുണ്ടെങ്കിൽ അതു മുങ്ങും. പ്രപഞ്ചതത്വങ്ങൾക്കെതിരെ അടിച്ചമർത്തലിന്റെ ഭാഷയുമായി മുന്നേറാമെന്നാണ് സീറോ- മലബാർ മെത്രാന്മാർ കരുതുന്നത്. ഒരിക്കൽ സിസ്റ്റർ മേരി ബെനിഞ്ഞാ എന്ന കവയിത്രി എഴുതി, 'സീസറും ഹോമറും മാത്രമല്ല, സർവ്വമിടുക്കരും കാലചക്രത്തിന്റെ തിരിവിൽ അമർന്നുപോകു'മെന്ന്. ലോകത്തെ വിറപ്പിച്ച നേപ്പോളിയനോ ഹിറ്റ്ലറോ സ്റ്റാലിനോ ഒന്നും ഇന്നു ജനഹൃദയങ്ങളിൽ ജീവിക്കുന്നില്ല. അത്തരക്കാരുടെ തകരാത്തതായി ഒരു സാമ്രാജ്യവും ഉണ്ടായി രുന്നിട്ടില്ല.

യേശു പഠിപ്പിച്ച സ്നേഹത്തിന്റെയും എളിമയുടെയും സമർപ്പണത്തിന്റെയും ഭാഷ ലോകത്തുനിന്ന് അന്യംനിന്നു പോകാതിരിക്കണമെങ്കിൽ, ഓരോ വിശ്വാസിയും ആലസ്യം വിട്ടുണർന്നേ മതിയാവൂ എന്ന സ്ഥിതിയിലെത്തിയിരിക്കുന്നു കാര്യങ്ങൾ. 99% വരുന്ന അത്മായരെ പിരിവു കൊടുക്കാനും അനുസരിക്കാനും മാത്രമുള്ള ഒരു വർഗ്ഗമായി കണ്ടുകൊണ്ട് സീറോ-മലബാറീകരണവുമായി നാടുനിരങ്ങാൻ ഇറങ്ങിയിരിക്കുന്ന അപ്പോസ്തോലിക് വിസിറ്റർ മാർ തട്ടിൽ ബ്രിട്ടണിൽനിന്നു മടങ്ങുന്നത് മധുരിക്കുന്ന ഓർമ്മകളുമായിട്ടായിരിക്കില്ലായെന്ന് ഇതിനകം തന്നെഏതാണ്ട് ഉറപ്പായികഴിഞ്ഞിട്ടുണ്ട്. ഒരു മെത്രാനെ സ്വീകരിക്കാൻ ഒരു കുടുംബം 50 പൗണ്ട് (4925 രൂപാ) വീതം സംഭാവന കൊടുക്കണമെന്ന് ഒരു ബ്രിട്ടീഷ് പള്ളിയിലെ 'അതെയച്ചാ കമ്മിറ്റി' തീരുമാനിച്ചിരിക്കുന്നു! തീരുമാനങ്ങളെല്ലാം എടുത്തിട്ട് അത് അംഗീകരിപ്പിക്കാൻ പിന്നാലെ പൊതുയോഗവും! സഭയ്ക്കും അതിന്റെ ഭരണചക്രത്തിനും അറിയാവുന്ന ഈ സമ്പ്രദായം ബ്രിട്ടണിലെ മലയാളികൾ ചോദ്യം ചെയ്യാൻ തയ്യാറെടുക്കുന്നുവെന്നത് നിസ്സാരകാര്യമല്ല.

തൃശ്ശൂർ വാർത്തകളും ചിത്രങ്ങളുമായി 'ഇമെയിലു'കൾ ബ്രിട്ടണിലെ കേരളീയകത്തോലിക്കരുടെ ഇടയിൽ സുഗമമായി സഞ്ചരിക്കുന്നു. കേരളത്തിൽ തൃശ്ശൂർ രൂപതയോളം നാണംകെട്ട മറ്റൊരു രൂപതയില്ലെന്നോർക്കണം. ജീവൻ ടി വി പിടിച്ചെടുക്കാൻ വല്യ മെത്രാൻ പോയി സരസ്വതി കേട്ടു മടങ്ങിയ കഥ അറിയാത്തവരില്ല. തലോറിൽ ഒരു സന്യാസ സഭയുടെ പള്ളി പിടിച്ചെടുത്ത സംഭവം ഇപ്പോഴും നീറിക്കൊണ്ടിരിക്കുന്നു. അവിടുത്തെ വികാരി ജനറാൾ കുടിച്ചു പൂസായി വണ്ടി ഓടിച്ച് നാല് അപകടങ്ങളാണ് അടിക്കടി ഉണ്ടാക്കിയത്! കൊക്കൻ കഥകൾ ധാരാളം. ഒരു കോടിയിലേറെ രൂപാ ചെലവുചെയ്ത് അയ്യായിരം ക്രിസ്മസ്പാപ്പാമാരെ തെരുവിലിറക്കി ക്രിസ്മസ് ആഘോഷിച്ച മെത്രാൻ, വേഷം കെട്ടിയ പെൺകുട്ടികളെ ഏറെ ബുദ്ധിമുട്ടിച്ചത് അന്നു വാർത്തയായിരുന്നു.

അസത്യത്തിനും അന്യായത്തിനുമെതിരെ നട്ടെല്ലു നിവർത്തിനിന്നു പൊരുതുന്ന വിശ്വാസികൾ ലോകമെമ്പാടും ഉണ്ടാവട്ടെ! അത്തരം ഒരു മുന്നേറ്റത്തിനേ ഈ അതിക്രമങ്ങൾക്കു വിരാമമിടാൻ സാധിക്കൂ. എത്ര പേർ പിന്നിലുണ്ടെന്നല്ല ഓരോരുത്തരും ചിന്തിക്കേണ്ടത്; പകരം, മുന്നിൽ കാണുന്ന അധർമ്മങ്ങളോട് തനിക്കാവുന്നതുപോലെ പ്രതികരിച്ചോ എന്നാണ്.

ഫോൺ: 9495875338 ●

**രചനകളധികം, പേജുകളോ ചുരുക്കം!**

സ്ഥലപരിമിതിമൂലം, അവശ്യം പ്രസിദ്ധീകരിക്കേണ്ടിയിരുന്ന 2 തുടർ ലേഖനങ്ങളും, പ്രസിദ്ധീകരിക്കാനിരുന്ന മറ്റു ചില നല്ല ലേഖനങ്ങളും ഇപ്രാവശ്യം മാറ്റിവയ്ക്കേണ്ടി വന്നു... ക്ഷമിക്കുക!

-എഡിറ്റർ

# ക്രിസ്തീയത ചോർന്ന് മദമിളകിയ കൊല്ലം രൂപതാനേതൃത്വം

**കെ. ജോർജ് ജോസഫ്**

*[KCRM ടീമിന്റെ കുരീപ്പുഴ സന്ദർശനറിപ്പോർട്ട്-എഡിറ്റർ]*



**കൊല്ലം** പട്ടണത്തിൽനിന്നു 10 കി.മീ. അകലെ അഷ്ടമുടിക്കായലിന്റെ ഓരത്ത് സുഖശീതളമായ കുളിർത്തെന്നലിന്റെ തലോടലേറ്റ് അധ്വാനിച്ച് അത്താഴത്തിനുള്ള വക കണ്ടെത്തുന്ന സാധുമനുഷ്യർ വസിക്കുന്ന പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് കുരീപ്പുഴ. എന്നാൽ, ഇന്ന് അവിടുത്തെ കാറ്റിൽ ചോരയുടെ ചൂരും കണ്ണുനീരിന്റെ ഉപ്പും ആത്മനിന്ദയുടെ ചുടുനിശ്വാസവും കലർന്നിരിക്കുന്നു.

കുരീപ്പുഴ ഇടവകവിശ്വാസികൾ മെയ് 25-നു നടത്തിയ രൂപതാമാർച്ച് പോലീസ് തടഞ്ഞതിനെത്തുടർന്ന് വിശ്വാസികൾ അക്രമാസക്തരായി പോലീസ് സേനയ്ക്കുനേരെ പാഞ്ഞടുത്തു എന്നും കല്ലെറിഞ്ഞുവെന്നും, പോലീസ് നിവൃത്തിയില്ലാതെ ലാത്തിച്ചാർജ്ജും കണ്ണീർവാതകപ്രയോഗവും നടത്തുകയായിരുന്നുവെന്നും മറ്റുമുള്ള പത്രവാർത്തകൾ വിശ്വാസയോഗ്യമായി തോന്നിയില്ല. കാരണം, ജെ.സി.സി-യുടെയും കെ.സി.ആർ.എം-ന്റെയും നേതൃത്വത്തിൽ ഏറ്റവും സമാധാനപരമായി നടത്തിയ പല രൂപതാമാർച്ചുകളെയും, പള്ളിഗുണ്ടകളെയും പോലീസനെയും ഉപയോഗിച്ച് അടിച്ചമർത്തിയശേഷം പിറ്റേന്നത്തെ പത്രങ്ങളിൽ വാദിയെ പ്രതിയാക്കുന്ന തരത്തിലുള്ള വാർത്തകളാണ് വന്നുകണ്ടിട്ടുള്ളത്. അതുകൊണ്ട്, സംഭവത്തിന്റെ നിജസ്ഥിതി അറിയാനും വിശ്വാസികളിൽ ആശ്വാസവും ആത്മവിശ്വാസവും പകരാനും അവരുടെ ഭാഗം ശരിയെങ്കിൽ പക്ഷംചേരുമെന്നു പ്രഖ്യാപിക്കാനുമാണ്. 'കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനത്തിന്റെ സ്റ്റേറ്റ് സെക്രട്ടറി കം ഓർഗനൈസർ റെജി ഞള്ളാനി, മുൻ ചെയർമാൻ കെ. ജോർജ് ജോസഫ്, 'സത്യജ്വാല' എഡിറ്റർ ജോർജ് മൂലേച്ചാലിൽ എന്നിവർ കുരീപ്പുഴയിൽ എത്തിയത്. ഏതാനുംപേരെ കണ്ടു സംസാരിക്കാനെത്തിയ ഞങ്ങളെ പ്രതീക്ഷിച്ച്, ഒന്നര മണിക്കൂർ വൈകിയും ഒരു വൻ ജനാവലി പള്ളിമുറ്റത്ത് കാത്തുനിൽപ്പുണ്ടായിരുന്നു. അതിൽ പകുതിയിലേറെ സ്ത്രീകളും!

പള്ളിയും പാരീഷ് ഹാളുമെല്ലാം പ്രതിഷേധക്കാർ എന്നു വിശേഷിപ്പിക്കപ്പെടുന്ന അവിടുത്തെ വിശ്വാസിസമൂഹത്തിന്റെ വരുതിയിലാണിപ്പോഴുമെന്ന്, ഞങ്ങൾ അത്ഭുതത്തോടെ മനസ്സിലാക്കി. രാവിലെ കുർബാന ചൊല്ലാൻ വന്ന വൈദികനോട്, 'ഞങ്ങളോട് രമ്യപ്പെട്ടതിനുശേഷം വന്നു കുർബാന ചൊല്ലിയാൽ മതി' എന്നു പറഞ്ഞ് എല്ലാവരുംകൂടി സ്നേഹത്തോടെ പറഞ്ഞുവിട്ടിരുന്നു.

11.45-നു ഇടവക പാരീഷ് ഹാളിൽ യോഗം ആരംഭിച്ചു. പള്ളിക്കമ്മിറ്റിക്കാരനായ ഇടവകാംഗം സ്വാഗതം ആസംസിച്ചു. ഇടവക സംരക്ഷണസമിതി പ്രസിഡന്റ് ശ്രീ ഔസേപ്പ് ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു.

തുടർന്ന്, കെ.സി.ആർ.എം. പ്രതിനിധികളുടെ അഭ്യർത്ഥനമാനിച്ച്, ജൂൺ 25-നു നടന്ന അനിഷ്ടസംഭവങ്ങളുടെ വിവരങ്ങൾ സദസിലുണ്ടായിരുന്നവർ പങ്കുവച്ചു. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സാഹോദര്യത്തിന്റെയും മാംസമായ വചനത്തിന്റെയും പിൻഗാമികളായി വാണരുന്ന മെത്രാൻ-പുരോഹിതപ്രഭൃതികൾ നേരിട്ടു ചെയ്യാനാഗ്രഹിച്ചത് പോലീസിനോടാജ്ഞാപിച്ചു

## കുരീപ്പുഴ: പോലീസ്-മെത്രാൻ അതിക്രമം

ചെയ്യിച്ച അഭിശപ്തനിമിഷങ്ങൾ അവർ കണ്ഠമിടറി വിവരിച്ചു. അരമനവാസിയായി അഹന്തമുറ്റിയ ജോളി യെന്ന പുരോഹിതൻ, തങ്ങളുടെ സഹോദരനും നേതാവുമായ ബൈജു എന്ന ചെറുപ്പക്കാരനെ ചൂണ്ടി ക്കാണിച്ച് അടിച്ചുകൊല്ലാൻ ആജ്ഞാപിച്ചതുകേട്ട് പോലീസുകാർ അദ്ദേഹത്തെ മർദ്ദിച്ചു മൃതപ്രായനാ ക്കിയ കാര്യം അവർ വിവരിച്ചു. ബൈജു ബിഷപ്പിനു പരാതി അയച്ചതാണു വിരോധത്തിനു കാരണം. ഭീഷ ണിയുടെ സ്വരമുള്ള ഒരു കത്ത് (കാണുക, പേജ് 33 എഡിറ്റർ) അരമനയിൽനിന്നു ബൈജുവിനു കിട്ടിയി രുന്നു. ഗുരുതരമായ പരുക്കേറ്റ ആ ചെറുപ്പക്കാരൻ എട്ടുദിവസമായി ജയിലിലാണ്. ഭയന്നോടിയ സ്ത്രീകളെ മർദ്ദിക്കാൻ മടിച്ച് വനിതാപോലീസുകാർ മാറിനിന്നപ്പോൾ പുരുഷ പോലീസുകാർ സ്ത്രീക ളെയും കുട്ടികളെയും ഓടിച്ചിട്ടു ലാത്തി വീശുകയും വീണു കിടക്കുന്നവരെ ചവിട്ടിയുരയ്ക്കുകയായിരുന്നു വത്രെ! കണ്ണീർവാതകപ്രയോഗത്തിൽ അവശ രായവരെ മർദ്ദിച്ചൊതുക്കി, വണ്ടിയിലേക്കു പോലീ സുകാർ വലിച്ചെറിയുന്ന കാഴ്ച വിവരിക്കാനാവാതെ തേങ്ങുകയായിരുന്നു പലരും. 19 വയസു മുതൽ 70 വയസുവരെയുള്ള 9 പേർ, ഗുരുതരമായി പരിക്കേറ്റ 2 പേരുൾപ്പെടെ, ജയിലിലാണ്. പരിക്കേറ്റ് 50-ഓളം പേർ പണിയെടുക്കാൻ വയ്യാതായി. കാറുകളും ബൈക്കുകളുമായി 29 വാഹനങ്ങൾ പോലീസ് കസ്റ്റ ഡിയിലാണ്, അവർ പറഞ്ഞു.

കെ.ജോർജ് ജോസഫാണ് ആദ്യം പ്രസംഗിച്ചത്. സഭയ്ക്ക് ചരിത്രവഴികളിൽ സംഭവിച്ച മൂല്യച്യുതിയും അപഭ്രംശവും ചൂണ്ടിക്കാണിച്ചുകൊണ്ട്, യേശു ഇല്ലാത്ത ഇന്നത്തെ സഭയെ നവീകരിച്ച് യേശുവിന്റെ പാതയിലെത്തിക്കാൻ വിശ്വാസികളുടെ ജാഗ്രതയും ഐക്യവും കൂട്ടായ പ്രവർത്തനവും കൂടിയേ തീരൂ എന്നദ്ദേഹം വ്യക്തമാക്കി. യേശുവിന്റെ പിൻഗാമികൾ ഏകാധിപത്യത്തിലേക്കും ആഡംബരത്തിലേക്കും മാറി രാജഭരണം നടപ്പാക്കിയതിന്റെ ദുരന്തമാണിന്നു നാമനുഭവിക്കുന്നത്. നമ്മുടെ സഭയിൽ ജനാധിപത്യം തിരികെ കൊണ്ടുവരേണ്ടിയിരിക്കുന്നു. പള്ളിസ്വത്തി ന്റെയും സ്ഥാപനങ്ങളുടെയും ഭരണനിർവാഹകർ വിശ്വാസികളാകണം; ഇതാണ് 'ചർച്ച് ആക്ട്' വിഭാ വനംചെയ്യുന്നത്. ഇന്ത്യൻ ഭരണഘടനാനുസൃതം ഇത്തരമൊരു നിയമം നടപ്പായാൽ മാത്രമേ പുരോ ഹിതാതിക്രമങ്ങൾ നിയന്ത്രിക്കപ്പെടുകയുള്ളൂ, അദ്ദേഹം പറഞ്ഞു. അതിനുവേണ്ടിയുള്ള പരിശ്രമ ത്തിലാണ് സഭാനവീകരണപ്രസ്ഥാനം എന്നു വ്യക്ത മാക്കിക്കൊണ്ട് അദ്ദേഹം തന്റെ പ്രഭാഷണം അവസാ നിപ്പിച്ചു.

തുടർന്ന് ജോർജ് മൂലേച്ചാലിൽ സംസാരിച്ചു. കുരീ പ്പുഴ ഇടവകാംഗങ്ങളുടെ ഐക്യവും ത്യാഗസന്നദ്ധ തയും മഹത്തരമാണെന്നും മറ്റിടവകകൾക്കും മാതൃ കയാകേണ്ടതാണെന്നും അദ്ദേഹം നിരീക്ഷിച്ചു. നമ്മുടെ ആശയങ്ങളും പ്രവർത്തനങ്ങളും മറ്റു മാധ്യ മങ്ങൾ തമസ്കരിക്കുകയും ലഘൂകരിക്കുകയുമാണു ചെയ്യുന്നതെങ്കിൽ, അതെല്ലാം പുരപ്പുറത്തുനിന്നു വിളിച്ചുപറയുകയാണ് 'സത്യജ്വാല' മാസികയും 'അത്മായശബ്ദം' ബ്ലോഗും ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു.

റെജി ഞള്ളാനി പ്രാർത്ഥനാനിർഭരമായ ഒരു പ്രഭാഷണമാണ് നടത്തിത്. ഉണ്ടായ ദുരന്ത ങ്ങൾക്കും ദുരിതങ്ങൾക്കും പൊറുതിയും അറു തിയും തേടി 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർത്ഥന എല്ലാവരെയുംകൂട്ടി ചൊല്ലിക്കൊ ണ്ടാണ് അദ്ദേഹം തുടങ്ങിയതുതന്നെ. തുടർന്ന്, പുരോഹിതവർഗ്ഗത്തിന്റെ തട്ടിപ്പും കുതന്ത്രങ്ങളും അദ്ദേഹം തുറന്നുകാട്ടി. 'അഭിഷിക്തരെ വിമർശി ക്കരുത്' എന്നു താക്കീതുചെയ്തുള്ള 'വട്ടായിധ്യാ ന'ങ്ങൾ പുരോഹിതാധികാരങ്ങൾക്കെതിരെ വിശ്വാസികളെ നിശ്ശബ്ദരാക്കാനുദ്ദേശിച്ചുള്ളവയാ ണ്. സ്ഥൈര്യലേപനം സ്വീകരിച്ചതിലൂടെ ക്രൈ സ്തവവിശ്വാസികളെല്ലാം അഭിഷിക്തരാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. 'മലാക്കി'യിൽനിന്നുള്ള വാക്യങ്ങൾ ഉദ്ധരിച്ച് കപടപുരോഹിതർ ശപിക്ക പ്പെട്ടവരാണെന്നും അദ്ദേഹം സ്ഥാപിച്ചു. എല്ലാ ദിവസവും പള്ളിയിൽപോയി ദുഷ്ടവൈദികരുടെ കുർബാനയിൽ പങ്കെടുക്കുന്നത് ശാപം വരുത്തി വയ്ക്കുമെന്ന് ഒരു നല്ല പുരോഹിതൻ തന്നെ ഉപ ദേശിച്ചത് അദ്ദേഹം അനുസ്മരിച്ചു. വെറുമൊരു പള്ളിവിശ്വാസിയായിരുന്ന തന്റെ കണ്ണുതുറപ്പിച്ചത് ആ പുരോഹിതനാണ്, അദ്ദേഹം പറഞ്ഞു.

റീത്തുവ്യത്യാസവും ജാതിതിരിവും നമ്മെ തമ്മിലടിപ്പിക്കാൻ പുരോഹിതർ കണ്ടെത്തിയ മാർഗ്ഗങ്ങളാണെന്നും അവയെല്ലാം മാറ്റിവെച്ച് ക്രിസ്തുവിൽ നാമൊന്നിക്കണമെന്നും അദ്ദേഹം ആഹ്വാനംചെയ്തു. ജയിലിലുള്ള കുരീപ്പുഴയിലെ സഹോദരങ്ങൾക്ക് 4-ാം തീയതി ചൊവ്വാഴ്ചയെ ങ്കിലും ജാമ്യം കിട്ടിയില്ലെങ്കിൽ പ്രത്യക്ഷസമരപ രിപാടികൾ ആരംഭിക്കുന്നതു സംബന്ധിച്ച് ആലോ ചിക്കണമെന്ന് അദ്ദേഹം പറഞ്ഞു. അതിനായി 'നവീകരണപ്രസ്ഥാന'ത്തിന്റെയും, കേരളത്തില ങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന ഇതര സംഘ ടനകളുടെയും പിന്തുണ വാഗ്ദാനം ചെയ്ത് തന്റെ പ്രഭാഷണം അദ്ദേഹം അവസാനിപ്പിച്ചു.

തുടർന്ന് സദസിൽനിന്നുള്ളവരുടെ ചോദ്യങ്ങ ളിന്മേലും സംശയങ്ങളിന്മേലുമുള്ള ചർച്ചയായിരു ന്നു. പിന്നീട് എല്ലാവരും ചേർന്നു നടത്തിയ കൂടി യാലോചനയിൽ കെ.സി.ആർ.എം.-ന്റെ കൊല്ലം ജില്ലാക്കമ്മിറ്റി അന്നുതന്നെ രൂപീകരിക്കാൻ തീരു മാനമായി. ഉടൻതന്നെ അതിനുള്ള നടപടിക്രമത്തി ലേക്കു പ്രവേശിക്കുകയും, കെ.സി.ആർ.എം. കൊല്ലം ജില്ലാക്കമ്മിറ്റി രൂപീകൃതമാവുകയും ചെയ്തു.

വിങ്ങുന്ന ഹൃദയത്തിനു പുഞ്ചിരിയുടെ മുഖാ വരണം തുന്നുന്ന അവരുടെ കണ്ണുകളിൽനിന്നും നിശ്ചയദാർഢ്യത്തിന്റെ സ്ഫുലിംഗങ്ങൾ പ്രസരി ക്കുന്നത് ദർശിച്ചുകൊണ്ടാണ് ഞങ്ങൾ 3 മണി യോടെ മടക്കയാത്രയാരംഭിച്ചത്.

ഫോൺ: 9496313963

# കുരീപ്പുഴ ഇടവകക്കാർ ജനങ്ങളുടെ മുമ്പിൽ ബോധിപ്പിക്കുന്നത്

## ഇടവകസംരക്ഷണസമിതി

ഏകദേശം രണ്ടുവർഷത്തിനു മുമ്പ് കുരീപ്പുഴ ഇടവക വികാരിയായി ചാർജ്ജെടുക്കാൻ വന്ന ഫാ.ജോസഫ് ഡാനിയൽ പള്ളിയിലെ കണക്കുകൾ പരിശോധിച്ചപ്പോൾ വ്യാപകമായി ക്രമക്കേടുകൾ കണ്ടെത്തി. ആയതിനാൽ അദ്ദേഹത്തിന് ചാർജ്ജ് എടുക്കുന്നതിന് തടസ്സമുണ്ടാവുകയും ടി വിവരം രൂപതാദ്ധ്യക്ഷനെ അറിയിക്കുകയും ഇടവകതലത്തിൽ കണക്കു പരിശോധന നടത്തുകയുമുണ്ടായി. പ്രസ്തുത പരിശോധനയിൽ രസീതുകളില്ലാതെയും കമ്മിറ്റിയുടെ അനുവാദമില്ലാതെയും വലിയൊരു തുക തിരിമറി നടത്തിയതായി കണ്ടെത്തി. കൂടാതെ, പള്ളിവക സ്വർണ്ണം ലേലത്തിൽ വിറ്റതായും ലക്ഷക്കണക്കിനു രൂപാ പള്ളിയുടെ ആവശ്യത്തിനല്ലാതെ ബാങ്കിൽനിന്നു പിൻവലിച്ചതായും, ചാർജ്ജ് വിടുന്നതിന് മുന്നോടിയായി രണ്ടുമൂന്നു ദിവസങ്ങൾക്കുമുമ്പ് ടി തുക ബാങ്കിൽ ഇട്ടതായും കാണാൻകഴിഞ്ഞു. ആ കാലയളവിൽ ഇടവക വികാരിയായിരുന്നത് ഫാ. റ്റി.ജെ.ആന്റണിയാണ്. അന്നത്തെ അജപാലനസമിതി സെക്രട്ടറിയായിരുന്നത് ഒരു പോലീസുദ്യോഗസ്ഥനായ ശ്രീ. ആൽബർട്ട് ലൂക്കോസായിരുന്നു. (ഇപ്പോൾ ആദ്ദേഹം പള്ളിത്തോട്ടം സ്റ്റേഷനിലെ ഹെഡ്കോൺസ്റ്റബിളാണ്). അദ്ദേഹത്തിന്റെ കൂട്ടാളികളായി പ്രവർത്തിച്ചത് ശ്രീ.ജോൺസൺ ആന്റണിയും അക്കൗണ്ടന്റായി പ്രവർത്തിച്ചുവന്നത് ശ്രീമതി ബെൻസിലയുമായിരുന്നു.

ഇതുസംബന്ധിച്ച് പല തർക്കങ്ങളും വഴക്കുകളും നടന്നു; പോലീസ് കേസുവരെയുണ്ടായി. പള്ളിനിർമ്മാണത്തിനു തടസ്സമുണ്ടാക്കാനായി ജോലിക്കുവന്ന അന്യസംസ്ഥാന തൊഴിലാളികളെ മർദ്ദിച്ച സാഹചര്യംവരെ ഉണ്ടായി. അതിനെത്തുടർന്നാണ് 'ഇടവക സംരക്ഷണസമിതി'യെന്ന പേരിൽ ഒരു സംഘടന രൂപംകൊണ്ടത്.

തുടർന്ന് രൂപതാദ്ധ്യക്ഷനെ അറിയച്ചതിന്റെ ഫലമായി, കണക്കുകൾ ബിഷപ്പ് ഹൗസിൽ കൊണ്ടുപോവുകയും, ഇടവകക്കാരുടെ അസാന്നിദ്ധ്യത്തിൽ പരിശോധിച്ചെന്നു വരുത്തിത്തീർക്കുകയും, 65000/- രൂപയുടെ വ്യത്യാസം മാത്രമേയുള്ളൂവെന്നു പറഞ്ഞു കുറ്റവാളികളെ രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്തു. അതിനുശേഷം, ഈ കണക്കിൽ തെറ്റുണ്ടെന്നു പറഞ്ഞ പുതിയ വികാരിയെ മാറ്റുന്നതിനുള്ള ശ്രമം ബിഷപ്പ് ആരംഭിച്ചു. ഇതിനെതിരെ ഇടവക ജനങ്ങൾ 2013 നവംബറിൽ ബിഷപ്പ് ഹൗസിൽ പ്രതിഷേധവുമായി എത്തിയപ്പോൾ രൂപതാദ്ധ്യക്ഷൻ സ്റ്റാൻലി റോമൻ, കൊല്ലത്തെ പോലീസ് മേധാവികളുടെ സാന്നിദ്ധ്യത്തിൽ, ദേവാലയനിർമ്മാണം പൂർത്തീകരിക്കുന്നതുവരെ ഇടവക വികാരിയെ മാറ്റുകയില്ലെന്ന് നേരിട്ട് ഉറപ്പുതന്നിരുന്നു.

എന്നാൽ, 25-05-2014 ഞായറാഴ്ച ദിവ്യപൂജയ്ക്കിടയിൽ ബിഷപ്പിന്റെ ഉത്തരവനുസരിച്ച് ഇടവകയച്ചനെ പിറ്റേന്നുതന്നെ മാറ്റുന്ന വിവരം ഇടവക ജനങ്ങളെ അറിയിച്ചു. ബിഷപ് തലേന്നുതന്നെ ഏതോ വിദേശരാജ്യത്തേക്കുപോവുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽ, ഇത്ര ധൃതിപിടിച്ച് ഇങ്ങനെയൊരു ഉത്തരവ് വായിച്ചതിനും, പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഇടവകജനങ്ങൾക്കു നൽകിയ ഉറപ്പ് ലംഘിച്ചതിനുമെതിരെ ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും ഒന്നടങ്കം കുരീപ്പുഴയിൽനിന്നും കാൽ നടയായി പ്ലക്കാർഡുകളുമേന്തി അങ്ങേയറ്റം ശാന്തത പാലിച്ച് റാലിയായി ബിഷപ്പ്ഹൗസിലേക്ക് പോകുകയായിരുന്നു.

വിശ്വാസികൾ പ്രാർത്ഥനാനിരതരായി ചെല്ലുമ്പോൾ 100 മീറ്റർ അകലെവച്ച് വടംകെട്ടി വഴി തടഞ്ഞിരിക്കുന്നതു കണ്ടു. വിശ്വാസികൾ അവിടെ നിലത്തിരുന്ന് ഒരു മണിക്കൂറോളം പ്രാർത്ഥനയിൽ മുഴുകി. ബിഷപ്പ് വിദേശയാത്രയിലാണെന്ന കാര്യം അറിയിച്ചുകൊണ്ട് ആ സമയത്ത് ഫാ. സന്തോഷ് യോഹന്നാൻ, ഫാ. ജോളി എബ്രഹാം എന്നിവർ വരികയും "ബിഷപ്പ് ഒരു ഉത്തരവിട്ടാൽ അതു നടപ്പാക്കുകതന്നെ ചെയ്യും. സഭാനടപടികൾ ഉണ്ടാകേണ്ടെങ്കിൽ മര്യാദയ്ക്കു പിരിഞ്ഞുപോകുന്നതാണു നല്ലത്" എന്നരീതിയിലും മറ്റും, വൈദികർക്കു ചേരാത്ത തരത്തിൽ, ഇടവകക്കാരെ വളരെയധികം പ്രകോപിപ്പിക്കുന്ന രീതിയിൽ പ്രസംഗിക്കുകയും, അതിനുശേഷം പോലീസ് ഉദ്യോഗസ്ഥരോട്, "ഇവർക്കു രണ്ടെണ്ണം വീതം കൊടുത്തു വേണം വിടാൻ" എന്നു പറയുകയും ചെയ്തു.

അതിൻപ്രകാരം പോലീസുകാർ ലാത്തിച്ചാർജ്ജ് തുടങ്ങുകയും തുടർന്ന്, ടിയർഗ്യാസ് പൊട്ടിക്കുകയും ചെയ്തു. ചെറിയ രണ്ടുവാഹനങ്ങൾക്കുപോലും സുഗമമായി കടന്നുപോകാൻ കഴിയാത്ത ഇടുങ്ങിയ നിരത്തിൽ, നിരായുധരായ സ്ത്രീകളും കുട്ടികളും അടങ്ങുന്ന ജനക്കൂട്ടത്തെ നേരിടാൻ ടിയർഗ്യാസിന്റെ ആവശ്യമുണ്ടോ? സംഭ്രമിച്ചു ചിതറിയോടിയവർ രക്ഷപ്പെടാൻ വഴിയില്ലാതെ റോഡിൽ തളർന്നു വീഴുകയും, പോലീസുകാർ വീഴുന്നവരെ തറയിലിട്ട് മർദ്ദിക്കുകയും അവരുടെ മുകളിൽചവിട്ടി മറ്റുള്ളവർ ഓടുകയും ചെയ്യുന്ന സംഭ്രമജനകമായ ഒരു അവസ്ഥ സൃഷ്ടിച്ചത് പോലീസ് ഉദ്യോഗസ്ഥന്മാരാണ്.

തലയ്ക്കും കൈകാലുകൾ

**കുരീപ്പുഴ: പോലീസ്-മെത്രാൻ അതിക്രമം**

# കൊല്ലം ബിഷപ്പിനെതിരെ 3 ദിവസത്തിനുള്ളിൽ 2 രൂപതാമാർച്ച്!




*ഇരവിപുരം ഇടവകക്കാർ മെയ് 23-ന് നടത്തിയ രൂപതാമാർച്ച്*

കൊല്ലം രൂപതാ ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ തങ്ങൾക്ക് അനഭിമതനാണെന്നു വിളിച്ചോതുന്ന വമ്പൻ രൂപതാമാർച്ചുകളുടെ അരങ്ങായി മാറുകയാണ്, ബിഷപ്പ്സ് ഹൗസ് പരിസരം. ലാത്തിച്ചാർജ്ജും കണ്ണീർവാതകപ്രയോഗവും പോലീസാതിക്രമങ്ങളുംമൂലം കുരീപ്പുഴ ഇടവകക്കാർ നടത്തിയ രൂപതാമാർച്ച് വലിയ വാർത്തയായെങ്കിൽ, അതിനു വെറും രണ്ടുദിവസംമുമ്പ് മെയ് 23-ന് സമീപത്തുള്ള ഇരവിപുരം സെന്റ് ജോൺസ് ഇടവകക്കാർ നടത്തിയ രൂപതാ മാർച്ച് കൊല്ലത്തിനു പുറത്ത് അധികമാരും അറിഞ്ഞില്ല.

കഴിഞ്ഞ 38 വർഷമായി, നോർബർട്ടൈൻ സന്ന്യാസസമൂഹത്തെ അജപാലനത്തിന് ഏല്പിച്ചിരുന്ന ഇടവകയാണ് ഇരവിപുരം. ജീവിതം ജനസേവനമായി കണ്ടിരുന്ന ഈ സന്ന്യാസവൈദികർ വെറും വികാരിപ്പണിക്കപ്പുറം, ഇടവകയിലെ ഓരോ കുടുംബത്തിന്റെയും സുഖദുഃഖങ്ങളിലിടപെട്ട്, അവരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ അഭിവൃദ്ധിക്കായി പ്രയത്നിക്കുകകൂടി ചെയ്ത് പതിറ്റാണ്ടുകളായി ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചവരാണ്. അവരെ ഒഴിവാക്കി, ഇടവക പിടിച്ചെടുക്കാനായിരുന്നു ബിഷപ് സ്റ്റാൻലി റോമൻ തീരുമാനിച്ചത്. ഇതിനെതിരെയായിരുന്നു, ഇരവിപുരം ഇടവകയിലെ ആബാലവൃദ്ധം ജനങ്ങൾ ഒന്നടങ്കം രൂപതാസ്ഥാനത്തേക്കു മാർച്ചുചെയ്തത്. റോഡിൽ സമാധാനപരമായി കുത്തിയിരുന്ന് മെഴുകുതിരി കത്തിച്ചു പ്രാർത്ഥിച്ചാണ് അവർ തങ്ങളുടെ പ്രതിഷേധമറിയിച്ചത്.

*-മറ്റൊരു 'തലോറാ'ണു കൊല്ലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നത്. സന്ന്യാസവൈദികരെ പാട്ടക്കുടിയാന്മാരായി കാണുന്ന മെത്രാൻജന്മിത്വത്തിനെതിരെ പടപൊരുതുന്ന ഇരവിപുരം ഇടവകസമൂഹവും, തലോർ ഇടവകസമൂഹത്തെപ്പോലെതന്നെ, മൊത്തം കേരളക്രൈസ്തവരുടെയും പിന്തുണ അർഹിക്കുന്നു.*

---

ക്കും മാരകമായി ലാത്തിയടിയേറ്റ് അവശനിലയിലായവരെ നിഷ്ക്കരുണം പോലീസുകാർ വണ്ടിയിലേക്കു വലിച്ചെറിയുകയായിരുന്നു.

ഭയന്നോടിയ സ്ത്രീകൾ പല വീടുകളിലായി അഭയംപ്രാപിച്ചു. പോലീസുകാർ അവിടെചെന്ന് അവരെ പിടിച്ചിറക്കി ക്രൂരമായി മർദ്ദിക്കുകയും കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

ജില്ലാ ആശുപത്രിയിൽ ആവശ്യമായ പരിചരണംപോലും ലഭ്യമാക്കാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥർ ശ്രമിച്ചു. കല്ലുമായോ മാരകായുധങ്ങളുമായോ ഒരാളും റാലിയിൽ പങ്കെടുത്തിരുന്നില്ല. ഉന്തിലും തള്ളിലും പെട്ട് നിസാരമായ പരുക്കുകൾ ഉണ്ടായ പോലീസ് ഉദ്യോഗസ്ഥർ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടാതെ രൂപതയുടെ അധീനതയിലുള്ള, താരതമ്യേന ചികിത്സാചെലവ് അധികമുള്ള, ബൻസിഗർ ആശുപത്രിയിൽ ചികിത്സതേടിയതിന്റെ അർത്ഥം ഏവർക്കും മനസ്സിലാകുന്നതാണ്. അത്തരത്തിൽ അവശത അഭിനയിച്ച പോലീസുകാർക്ക് ബൻസിഗർ ആശുപത്രിയിലെ ഒമ്പതാം നിലയിലെ എയർകണ്ടീഷൻ ചെയ്ത മുറികൾ നല്കി, രൂപതയിലെ പുരോഹിതന്മാരും കന്യാസ്ത്രീകളും നേരിട്ടെത്തി അവരെ പരിചരിച്ച്, വിശ്വാസികളെ മർദ്ദിച്ചതിനുള്ള നന്ദിരേഖപ്പെടുത്തി. ഈ സാഹചര്യംകൂടി അന്വേഷിക്കേണ്ടിയിരിക്കുന്നു. സഭാധികാരികൾ പോലീസിനെ സ്വാധീനിച്ചതിന്റെ ഉത്തമ ഉദാഹരണമാണിത്.


സംഭവദിവസം കുരീപ്പുഴയിലെ പലർക്കും കുടുംബബന്ധമുള്ള ശ്രീ.സെബാസ്റ്റ്യൻ എന്നയാളുടെ മകളുടെ വിവാഹനിശ്ചയം ബിഷപ്പുഹൗസിനടുത്തുള്ള ഹാളിൽ ഉണ്ടായിരുന്നു. അതിൽ പങ്കെടുക്കാൻ വന്ന ചിലരേക്കൂടി കള്ളക്കേസിൽ കുടുക്കുകയുണ്ടായി.

ഇതുമായി ബന്ധപ്പെട്ട് അറസ്റ്റുചെയ്യപ്പെട്ടവരും പ്രതിചേർക്കപ്പെട്ടവരും ഭൂരിപക്ഷവും സാധാരണക്കാരും മത്സ്യബന്ധനമേഖലയിൽ തൊഴിൽ ചെയ്യുന്നവരുമാണ്. ഇതിൽ ആർക്കുംതന്നെ ക്രിമിനൽ പശ്ചാത്തലമില്ലാത്തവരുമാണ്. കൈക്കുഞ്ഞുങ്ങളുമായി വന്ന അമ്മമാർ വിശുദ്ധകുർബ്ബാന സ്വീകരിച്ച് പ്രാതൽ പോലും കഴിക്കാതെ 10 കിലോമീറ്ററിലധികം നടന്നുവന്നവരാണ്.

നിലവിലുണ്ടായിരുന്ന പള്ളിപൊളിച്ച് പുതിയ പള്ളിയുടെ പണി ആരംഭിച്ച സാഹചര്യത്തിൽ, ഒട്ടുംവൈകാതെ പണിപൂർത്തിയാക്കാൻ ഇപ്പോഴത്തെ വികാരിക്കു കഴിയുമെന്നു വിശ്വാസമുള്ളതിനാലാണ് വികാരിയെ മാറ്റരുതെന്ന് ഇടവകസമൂഹം ഒന്നടങ്കം രൂപതാദ്ധ്യക്ഷനോട് ആവശ്യപ്പെട്ടത്. സഭയിൽ വിശ്വാസികൾക്കും അവരുടെ അഭിപ്രായങ്ങൾക്കും ഒരു വിലയുമില്ലേ? Cont. No. 8281580185

# അത്മായനേതാവിന് കൊല്ലം രൂപതയുടെ ഭീഷണികത്ത്

[മെത്രാനു നിവേദനങ്ങൾ നൽകാനും, ഇടവകജനങ്ങളെ സംഘടിപ്പിക്കാനും നേതൃത്വം നൽകിയത് സഭാവിരുദ്ധപ്രവർത്തനമാണെന്നും, അതിനു മാപ്പുചോദിച്ചില്ലെങ്കിൽ കർശനശിക്ഷകളിലേക്കു രൂപത നീങ്ങുമെന്നും ഭീഷണിപ്പെടുത്തി, കൊല്ലം രൂപതാ വികാരി ജനറാൾ മോൺ. കെ.ജെ. യേശുദാസ് ശ്രീ ബൈജു വിൻസെന്റിനു നൽകിയ കത്താണു താഴെ-എഡിറ്റർ]



▲ കൊല്ലം ബിഷപ്പ് സ്റ്റാൻലി റോമൻ

പ്രിയപ്പെട്ട ബൈജു വിൻസെന്റ്, 5-05-2014

"ക്രിസ്തുവിശ്വാസി സഭയുമായുള്ള കൂട്ടായ്മ എപ്പോഴും തങ്ങളുടെ ബാഹ്യമായ പ്രവർത്തനരീതിയിൽ നിലനിർത്തുന്നതിനു കടപ്പെട്ടവനാണ്" (c. 209# 1). ക്രിസ്തുവിന്റെ പ്രതിനിധികളായി സഭയുടെ ഇടയന്മാർ സഭാ ഭരണാധികാരികൾ എന്ന നിലയിൽ തീരുമാനിക്കുന്ന കാര്യങ്ങളോട്, തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ ക്രിസ്തീയമാംവിധം, അനുസരണയുള്ളവരായിരിക്കുവാൻ ക്രിസ്തുവിശ്വാസികൾക്ക് കടമയുണ്ട് (c. 212# 1). എന്നാൽ ബൈജുവിന്റെ മേൽസൂചിപ്പിച്ച കത്തുകളുടെയും (ഇടവകജനം സംയുക്തമായും ബൈജു ഇടവകപ്രതിനിധി എന്ന നിലയിലും സമർപ്പിച്ചിട്ടുള്ള 5 നിവേദനങ്ങളാണു സൂചന-എഡിറ്റർ.) പ്രവർത്തനങ്ങളുടെയും അടി



സ്ഥാനത്തിൽ താങ്കൾ സഭാകൂട്ടായ്മക്കെതിരായി കാനോനികശിക്ഷയ്ക്ക് അർഹമായ കുറ്റങ്ങൾ ചെയ്തതായി കാണുന്നു.

1. കൊല്ലം രൂപതാദ്ധ്യക്ഷനെ കഴിഞ്ഞ കുറെ മാസങ്ങളായി തരംതാണ കത്തുകളിലൂടെ ഭീഷണിപ്പെടുത്തി അദ്ദേഹത്തിന്റെ ശുശ്രൂഷയെ തടസ്സപ്പെടുത്തുന്നു (c. 1375).
2. കൂരീപ്പുഴ സെന്റ് ജോസഫ് ഇടവകയിൽ വിശ്വാസികൾ തമ്മിൽ ഭിന്നിപ്പുളവാക്കി ഇടവക കൂട്ടായ്മയെ തകർക്കുകയും പരസ്യമായി രൂപതാദ്ധ്യക്ഷനോട് വിദ്വേഷം സഭാമക്കളിൽ വളർത്തുകയും ചെയ്തു (c. 1373).
3. രൂപതാദ്ധ്യക്ഷൻ നിയോഗിച്ച ബഹുമാന്യരായ രണ്ടു വൈദികരെ തടയുകയും പരസ്യമായി അവരെ അവഹേളിക്കുകയും അവരെ ഭരമേല്പിച്ച ദൗത്യം നിർവ്വഹിക്കുന്നത് തടസ്സപ്പെടുത്തുകയും ചെയ്തു (c. 1375).
4. 25-11-2013-ൽ മെത്രാസന മന്ദിരത്തിലേക്കു ഇടവകയിലെ വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ച് രൂപതാദ്ധ്യക്ഷനെതിരായി സംഘടിപ്പിച്ച് മെത്രാസനമന്ദിരത്തിലെത്തിച്ച് അവിടുത്തെ അനുദിന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും മെത്രാനേയും വൈദികരെയും അവഹേളിക്കുകയും പാവപ്പെട്ട വിശ്വാസികളെക്കൊണ്ട് മോശമായി അവരോട് പെരുമാറാൻ പ്രേരിപ്പിക്കുകയും ചെയ്തു (c. 1375).
5. ഒരിടവക സ്ഥാപിക്കാൻ അവകാശമോ അധികാരമോ ഇല്ലാതിരിക്കെ, കുരീപ്പുഴ സെന്റ് ജോസഫ് ഇടവക പരിപാലന സമിതി രൂപീകരിച്ചു രജിസ്റ്റർ ചെയ്ത് ഇടവക ജനങ്ങളെ ഭിന്നിപ്പിച്ചു. ഇടവകയിലെ ശാന്തതയും ആത്മീയവുമായ അന്തരീക്ഷവും തകർത്ത് ഭീതി വളർത്തുന്ന സാഹചര്യം സൃഷ്ടിക്കുകയും ഇടവകയുടെ അജപാലനശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെടുന്ന വൈദികനെ ഭീഷണിപ്പെടുത്തുകയും ഇടവക പ്രതിനിധിയായി സ്വയം ചമയുകയും ചെയ്തു. അങ്ങനെ സഭാവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഗൂഢാലോചന നടത്തുന്ന സംഘമായി മേൽപറഞ്ഞ സമിതിയെ രൂപപ്പെടുത്തി (c. 1374).
6. താങ്കൾ ക്രിസ്തീയ ജീവിതത്തിനു വിപരീതമായ പ്രവൃത്തികൾ ചെയ്ത് സമൂഹത്തിന് ദുർമാതൃക നൽകുന്നു.

ഈ കത്തു ലഭിച്ചു മൂന്നുദിവസത്തിനുള്ളിൽ മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങളിൽനിന്നും,

താങ്കൾ വിരമിച്ച്, തെറ്റുകളെക്കുറിച്ച് അനുതപിച്ച് മാപ്പു ചോദിക്കുകയും മേലിൽ സഭാവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ലെന്ന് ഉറപ്പു നൽകുകയും തക്കതായ പരിഹാരം ചെയ്യാത്തപക്ഷം, സഭാപരമായ കർശനശിക്ഷകളിലേക്കും സിവിൽപരമായ നടപടികളിലേക്കും നീങ്ങുമെന്ന് അറിയിക്കുന്നു.

എന്ന്

**മോൺ കെ.ജെ. യേശുദാസ്**

വികാരി ജനറാൾ

*-പുരോഹിതർക്കുവേണ്ടി, പുരോഹിതരാൽ, പുരോഹിതരുടേതായി (for, by and of )നിർമ്മിച്ച കാനോൻനിയമസംഹിതയിലെ വകുപ്പുകളുടെയും ഉപവകുപ്പുകളുടെയും അടിസ്ഥാനത്തിൽ, എത്ര ധാർഷ്ഠ്യത്തോടെയാണ് വികാരി ജനറാൾ ഒരു അത്മായനേതാവിനുനേരെ കണ്ണുരുട്ടുന്നത്! അവയുടെ രൂപീകരണത്തിൽ ഒരു പങ്കുമില്ലാത്ത വിശ്വാസിസമൂഹത്തിന് ഈ നിയമവുമായോ അതിലെ വകുപ്പുകളുമായോ എന്താണു ബന്ധം?*

*വിശ്വാസികളുടെ പങ്കാളിത്തമില്ലാത്ത മെത്രാൻ സിനഡിന്റെയോ മെത്രാന്റെയോ തീരുമാനങ്ങൾ എങ്ങനെയാണ് സഭാതീരുമാനങ്ങളാകുന്നത്?*

*വിശ്വാസികളുടെ പങ്കാളിത്വം ഉറപ്പുവരുത്തിക്കൊണ്ട് സഭാഭരണം നടത്തണമെന്നാണ് ഫ്രാൻസീസ് മാർപ്പാപ്പാ ആവർത്തിച്ചാവർത്തിച്ചു പറയുന്നത്. സഭാധികാരികൾ അതു ശ്രവിക്കുന്നേയില്ല. ഇവിടെയാണ് ഓരോ സംഘർഷത്തിന്റെയും മൂലകാരണം.*

*വൈകിയ വേളയിലെങ്കിലും അത്മായശാക്തീകരണത്തിലൂന്നിയുള്ള സഭാനവീകരണം ആരംഭിച്ചില്ലെങ്കിൽ, കുരീപ്പുഴയിൽ നടന്നതുപോലെയുള്ള അനിഷ്ടസംഭവ ങ്ങളായിരിക്കും മറ്റിടവകകളിലും രൂപതകളിലും നാം കാണാൻ പോകുന്നത്. സഭാനവീകരണം കാലത്തിന്റെ ആവ ശ്യമാണ്. ബൈജു വിൻസെന്റുമാരെയാണ് എല്ലാ ഇടവകകളിലും ഈ കാലഘട്ടം ആവശ്യപ്പെടുന്നത്. ഇടവകക്കാർ ഉണർന്നാൽ, ഇവർ പൊക്കിപ്പിടിക്കുന്ന 'കൂനൻ നിയമ'വും അതിലെ വകുപ്പുകളും അറബിക്കടലിൽ ചെന്നു പതിച്ചുകൊള്ളും.* ●

# കൊല്ലം മെത്രാന്റെ വിദേശഭിക്ഷാടനം!

**ഇടവക സംരക്ഷണസമിതി**

**ലോക**ത്താകമാനമുള്ള മിഷനറി പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നിർലോപം നൽകുന്ന നിരവധി പൊന്തിഫിക്കൽ സൊസൈറ്റികളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു കൂട്ടായ്മയാണ് ബോസ്റ്റൺ അതിരൂപത (Arch Diocese of Boston). 2014 മേയ് അവസാനത്തോടെ കൊല്ലം രൂപതാ മെത്രാൻ സ്റ്റാൻലി റോമൻ ബോസ്റ്റൺ അതിരൂപത സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗത്തെക്കുറിച്ച് http://blog.propfaitsboston.org എന്ന ബ്ലോഗിൽ പരാമർശമുണ്ട്. അതിന്റെ സംക്ഷിപ്തരൂപം ചുവടെ കൊടുക്കുന്നു.

***'നിങ്ങളുടെ സഹായമില്ലാതെ എനിക്ക് ഞങ്ങളുടെ രൂപതയുടെ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകുവാൻ സാദ്ധ്യമല്ല. എന്റെ ഈ സന്ദർശനംതന്നെ, തുടർച്ചയായി നിങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായങ്ങളോടു, ബോസ്റ്റൺ അതിരൂപതയുടെ അംഗങ്ങളോട് നന്ദിപ്രകാശിപ്പിക്കുവാൻ വേണ്ടിയാണ്. കൊല്ലം രൂപതയിലുള്ള രണ്ടരലക്ഷം ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും പാവങ്ങളും മത്സ്യത്തൊഴിലാളികളും നിലവാരമില്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവരുമാണ്. രൂപതയിലെ നൂറോളം വരുന്ന പുരോഹിതർ ശമ്പളം വാങ്ങാതെയാണ് അവരുടെ ഇടവകകളിൽ പ്രവർത്തിക്കുന്നത്.'***

ആയതിലേക്ക് ബ്ലോഗർ, പ്രസ്തുത ബ്ലോഗിലൂടെ ബോസ്റ്റൺ അതിരൂപതയിലെ വിശ്വാസികളോട് കൂടുതൽ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. മാസ് കാർഡ്സ്, സ്പിരിചൽ എൻറോൾമെന്റ്സ് മുതലായവ ടെലിഫോണിലൂടെയോ, മെയിലിലൂടെയോ എടുക്കണമെന്നും, കൊല്ലം രൂപതയിലെ പുരോഹിതന്മാർ സഹായം നൽകുന്നവരുടെ ആഗ്രഹനിവൃത്തിക്കായി പ്രാർത്ഥിക്കുമെന്നുംമറ്റും അറിയിച്ചിട്ടുമുണ്ട്.

ഇത്തരത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കൊല്ലം രൂപതയ്ക്കു ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾക്ക് കണക്കുകൾ വല്ലതും ലഭ്യമാണോ എന്തോ? അത് പ്രേഷിത പ്രവർത്തനങ്ങൾക്ക് ഏതേത് അളവിലാണാവോ വിനിയോഗിച്ചിട്ടുള്ളത്? ഏതായാലും വിദേശികളുടെ മുന്നിൽ രൂപതയിലെ വിശ്വാസികളെ ഭിക്ഷാപാത്രങ്ങളും നൽകി നിരത്തി നിർത്തി ധർമ്മം വാങ്ങിപ്പിക്കുമ്പോൾ, അതിന്റെ കണക്കുകൾ അവരെക്കൂടി അറിയിക്കുവാനെങ്കിലുമുള്ള ധാർമ്മികമര്യാദ സഭാനേതൃത്വം കാണിക്കേണ്ടതില്ലേ?

*-കുരീപ്പുഴ ഇടവകയിലെ 1200-ഓളം കത്തോലിക്കാ കുടുംബങ്ങളിലുള്ള ഈ 'ദരിദ്രർ' വീടൊന്നുക്ക് 5000/- രൂപാവച്ചു നൽകിയാണ് പള്ളി പുതുക്കിപ്പണിയുന്നത്, എന്നോർക്കുക. ഇവരെയും വൈദികരെയും പിച്ചക്കാരെപ്പോലെ അവതരിപ്പിച്ചുകൊണ്ട്, കുർബാന ചൊല്ലാൻ അച്ചന്മാരില്ലാത്ത അമേരിക്കയിൽനിന്ന് കോടിക്കണക്കിനു രൂപായുടെ 'ഡോളർ കുർബാന' മേടിച്ചെടുക്കുന്ന കൊല്ലം രൂപതാബിഷപ്പിനെ എങ്ങനെയാണു വിശേഷിപ്പിക്കേണ്ടത്! വിശ്വാസിസമൂഹത്തെയും യേശുവിനെയും വില്പനച്ചരക്കുകളാക്കുന്ന ഇത്തരം അജപാലകരെ വിശ്വാസികൾ ബഹിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.*






# 'കൈപ്പൻപ്ലാക്കലച്ചനെ പുണ്യാളവിഗ്രഹമാക്കാൻ അനുവദിക്കരുത്' – ഇപ്പൻ

പാലാ രൂപത ആദ്ധ്യാത്മികരാഹിത്യത്തിന്റെ കറുത്ത ബോർഡാണെങ്കിൽ അതിൽ വെളുത്ത ചോക്കുകൊണ്ടു വരച്ച വരയാണ് കൈപ്പൻപ്ലാക്കലച്ചനെന്നും, അദ്ദേഹത്തെ നേർപ്പെട്ടിക്കു പിന്നിലെ ഒരു പുണ്യാളവിഗ്രഹമാക്കാൻ നാം അനുവദിക്കരുതെന്നും ഇപ്പൻ (ഡോ. ജോസഫ് വർഗീസ്) പ്രസ്താവിച്ചു. 2014 മെയ് 31, ശനിയാഴ്ച 2.30–ന് പാലാ ടോംസ് ചേമ്പർ ഹാളിൽ കെ.സി.ആർ.എം. സംഘടിപ്പിച്ച 'ഫാ. കൈപ്പൻപ്ലാക്കൽ അനുസ്മരണ ചർച്ചാസമ്മേളന'ത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

കെ.സി.ആർ.എം. സംസ്ഥാന ചെയർമാൻ ശ്രീ പി.എസ്. ജോസഫ് പനച്ചിക്കവയലിൽ ആദ്ധ്യക്ഷ്യംവഹിച്ച ചർച്ചായോഗത്തിൽ, പ്രമുഖസഭാനവീകരണചിന്തകനും എഴുത്തുകാരനും 'നസ്രാണിദീപം' മാസികയുടെ ചീഫ് എഡിറ്ററുമായ ശ്രീ ജയിംസ് ഐസക് കുടമാളൂർ മുഖ്യാതിഥിയായിരുന്നു.



അദ്ധ്യക്ഷനെയും മുഖ്യാതിഥിയെയും കൂടാതെ, സർവ്വശ്രീ ആന്റോ കോക്കാട്ട്, കുമാരി ഇന്ദുലേഖ, ജോസ് ജേക്കബ് കുരീക്കാട്ട്, കെ.ജോർജ്ജ് ജോസഫ് (മുൻ സംസ്ഥാന ചെയർമാൻ) കെ.കെ. ജോസ് (സംസ്ഥാന സെക്രട്ടറി) മാത്യു തറക്കുന്നേൽ (മുൻ ചെയർമാൻ), ജോയി ടി പറത്താനം, സണ്ണി പുളിക്കൽ മുതലായവരും സംസാരിച്ചു. കൈപ്പൻപ്ലാക്കലച്ചനുമായും പാലാ രൂപതാധികാരികളിൽനിന്നും അദ്ദേഹം നേരിട്ട പീഡനവുമായും ബന്ധപ്പെട്ട് ഫാ. കെ.റ്റി. ജയിംസ് എഴുതിയ ലേഖനം (കാണുക, പേജ് 13) ശ്രീ ജോർജ് മൂലേച്ചാലിൽ സദസ്സിൽ വായിച്ചു.

ചർച്ചാസമ്മേളനം, ശ്രീ ഷാജു തറപ്പേലിന്റെ നന്ദിപ്രകാശനത്തോടെ, 5.30 പി.എം–ന് പര്യവസാനിച്ചു.

**കെ.കെ. ജോസ് കണ്ടത്തിൽ** (Ph:8547573730)
(സംസ്ഥാന സെക്രട്ടറി, കെ.സി.ആർ.എം)

## അഡ്വ. വർഗ്ഗീസ് പറമ്പിൽ ജെ.സി.സി–യുടെ പുതിയ ജന. സെക്രട്ടറി

**മെയ്** 31–ന് എറണാകുളം IMA സെന്ററിൽ ചേർന്ന 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിലി'ന്റെ സംസ്ഥാന വാർഷിക പൊതുയോഗത്തിൽവച്ച്, അഡ്വ. വർഗീസ് പറമ്പിലിനെ ജെ.സി.സി–യുടെ പുതിയ ജന.സെക്രട്ടറിയായി തിരഞ്ഞെടുത്തു. ജെ.സി.സി–യുടെ ട്രഷററായി പ്രവർത്തിച്ചുവരുകയായിരുന്നു, അദ്ദേഹം. പുതിയ ട്രഷററായി ശ്രീ ജെറോം പുതുശ്ശേരി തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ലാലൻ തരകൻ പ്രസിഡന്റായും, ശ്രീ ജോസഫ് വെളിവിൽ വർക്കിംഗ് പ്രസിഡന്റായും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

അടുത്ത രണ്ടുവർഷത്തേക്കുള്ള മറ്റു ഭാരവാഹികൾ: സർവ്വശ്രീ ജോർജ് ജോസഫ്, ടി.ഇ. തോമസ്, ആന്റോ കോക്കാട്ട്, ടി.ഒ. ജോസഫ്, അഡ്വ. ജീജ ജയിംസ്, ജോർജ് കാട്ടുനിലത്ത്, ബേബി മാത്യു, തോമസ് പ്ലാശേരി.


Lalan Tharakan (President)


Adv. Varghese Parambil (Gen Secretary)

ക്രൈസ്തവസമുദായത്തിന്റെ സാമ്പത്തിക ഇടപാടുകൾ ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായി കൈകാര്യംചെയ്യുന്ന നിയമനിർമ്മാണം ഉണ്ടാക്കണമെന്ന്, പ്രസിഡന്റ് ശ്രീ ലാലൻ തരകൻ ആദ്ധ്യക്ഷ്യം വഹിച്ച ജെ.സി.സി. ജനറൽ അസംബ്ലി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

ഇക്കാര്യം കേന്ദ്രസർക്കാറുമായി ചർച്ച ചെയ്യുന്നതിന് സർവ്വശ്രീ ലാലൻ തരകൻ, ഫെലിക്സ് ജെ. പുല്ലൂടൻ, അഡ്വ. വർഗീസ് പറമ്പിൽ, ജയിംസ് കുളത്തുങ്കൽ, അഡ്വ. ഹോർമിസ് തരകൻ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

കത്തോലിക്കാസഭാവൈദികരുടെ ഇടയിൽ ലൈംഗിക അരാജകത്വം വർധിക്കുന്ന പശ്ചാത്തലത്തിൽ, വൈദികർക്കു വിവാഹം കഴിക്കാനുള്ള നിയമം പുനഃസ്ഥാപിക്കാൻ, കാനോൻ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ഫ്രാൻസീസ് മാർപ്പാപ്പായോട് യോഗം അഭ്യർത്ഥിച്ചു.

ഫെലിക്സ് ജെ. പുല്ലൂടൻ മുഖ്യപ്രഭാഷണം നടത്തി. മുൻ ജന. സെക്രട്ടറി ആന്റോ കോക്കാട്ട്, വർക്കിംഗ് പ്രസിഡന്റ് ജോസഫ് വെളിവിൽ, ജന. സെക്രട്ടറി അഡ്വ. വർഗീസ് പറമ്പിൽ, ബെന്നി ജോസഫ്, വി.ജെ. പൈലി, ജെറോം പുതുശ്ശേരി മുതലായവർ സംസാരിച്ചു.

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-05-2014

June 2014
**Sathyajwala**
Price Rs. 15.00

Registered: KL/KTM/133/2014-16
Licence No. KL/CR/KTM/WPP-10/2014-16
Licensed to Post Without Prepayment.

# കെ.സി.ആർ.എം. കൊല്ലം ജില്ലാക്കമ്മിറ്റി



**2014** ജൂൺ 1-ാം തീയതി, ഞായറാഴ്ച രാവിലെ 11.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ, കുരീപ്പുഴ സെന്റ് ജോസഫ്സ് ചർച്ച് പാരീഷ് ഹാളിൽ ചേർന്ന ഇടവകസമൂഹത്തിന്റെ യോഗത്തിൽ 'കേരളകത്തോലിക്കാസഭാനവീകരണപ്രസ്ഥാന'(KCRM)ത്തിന്റെ കൊല്ലം ജില്ലാക്കമ്മിറ്റി രൂപീകരിക്കണമെന്ന തീരുമാനമുണ്ടാകുകയും, കെ.സി.ആർ.എം. സംസ്ഥാനസെക്രട്ടറി കം ഓർഗനൈസർ റെജി ഞള്ളാനിയുടെയും മുൻ സംസ്ഥാനചെയർമാൻ കെ. ജോർജ് ജോസഫിന്റെയും ജോ. സെക്രട്ടറി ജോർജ് മൂലേച്ചാലിന്റെയും സാന്നിദ്ധ്യത്തിൽ കമ്മിറ്റിക്കു രൂപംനൽകുകയും ചെയ്തു. 8 ഭാരവാഹികളുൾപ്പെടുന്ന ഒരു 15 അംഗക്കമ്മിറ്റിക്കാണു രൂപം കൊടുത്തിരിക്കുന്നത്.

**ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - ഔസേപ്പ് ആൻഡ്രൂസ് | (ഫോ: 8281580185) |
| ജന.സെക്രട്ടറി | - മാനുവൽ തോമസ് | (ഫോ: 8281210627) |
| ട്രഷറർ | - വിത്സൻ വിൻസെന്റ് | (ഫോ: 9744591509) |
| വൈസ് പ്രസിഡന്റ് | - ജാൻസി ജോൺസൺ | (ഫോ: 8086309023) |
| " | - ആന്റണി ടെറൻസ് | (ഫോ: 9847969983) |
| സെക്രട്ടറി | - ജോസ് ജോൺസൺ | (ഫോ: 9745889660) |
| " | - കുഞ്ഞുമോൾ ജോർജ് | (ഫോ: 8086087710) |
| ജോയിന്റ് സെക്രട്ടറി | - ജോസ് ആൻഡ്രൂസ് | (ഫോ: 9496777996) |



ആദ്യകമ്മിറ്റിയോഗത്തിൽ, തുടർപ്രവർത്തനങ്ങളെപ്പറ്റിയുള്ള മാർഗ്ഗരേഖയ്ക്ക് കമ്മിറ്റി രൂപംകൊടുത്തു. ജയിലിൽ കിടക്കുന്നവർക്കു ജാമ്യം വൈകുന്നപക്ഷം, പൊതുസമ്മേളനവും പ്രത്യക്ഷസമരപരിപാടികളും ആരംഭിക്കണമെന്നു തീരുമാനമായി. കൂടാതെ, കേസു നടത്തിപ്പിനും ചികിത്സയ്ക്കും, പണിയെടുക്കാൻ വയ്യാതായവർക്കു ചെലവിനുമായി പള്ളിഫണ്ടുതന്നെ ചെലവഴിക്കാനുള്ള ധീരമായ നിലപാടും അവർ സ്വീകരിച്ചു.






Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.